ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ	0471-2305393
രജിസ്ട്രാർ, ലോകായുക്ത	0471-2300549
കേരള സാമൂഹ്യ സുരക്ഷാ മിഷൻ	0471-2341200
മുനിസിപ്പൽ ഭവൻ	0471-2725643
കേരള ശിശുക്ഷേമ സമിതി	0471-2324939
കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ	0471-2438806, 2438808
കേരള സ്റ്റേറ്റ് പബ്ലിക് ലൈബ്രറി, തിരുവനന്തപുരം	0471-2322895
കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം	0471-2360208, 2360559
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്	0471-2316306
കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്	0471-2514680, 2514456, 2448720,
കെൽട്രോൺ	0471-2724444, 4094444
ഡയറക്ടർ, ദൂരദർശൻ	0471-2730177, 2730128, 2730143
ഡയറക്ടർ, ആകാശവാണി (തിരുവനന്തപുരം)	0471-2324982, 2325061, 2324406, 2324982
ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ	0471-2308300

പോസ്റ്റൽ എൻക്വയറി (ജി.പി.ഒ)	0471-2473071
ചീഫ് ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. കേരള സർക്കിൾ	0471-2302200
റെയിൽവേ റിസർവേഷൻ എൻക്വയറി (തിരുവനന്തപുരം)	139
കെ.എസ്.ആർ.ടി.സി.- തിരുവനന്തപുരം സെൻട്രൽ	0471-2323886
ഫ്രണ്ട്സ് ജനസേവനകേന്ദ്രം, തിരുവനന്തപുരം	0471-2338652, 2338653
ടെലഫോൺ എൻക്വയറി (ലോക്കൽ)	197
പാസ്പോർട്ട് ഓഫീസ്, തിരുവനന്തപുരം	0471-2470225, 18002581800 (Tollfree) 0471-2460132, 2471194 (ജനറൽ)

പ്രധാന വെബ്സൈറ്റുകൾ

Government of Kerala	http://www.kerala.gov.in
Local Self Government Department	http://www.lsgkerala.gov.in
Ombudsman for Local Self Governments	www.ombudsmanlsgiker.gov.in
Kerala State Planning Board	http://www.keralaplanningboard.org
Commissionerate of Rural Development	http://www.crd.kerala.gov.in
Kudumbasree - State Poverty Eradication Mission	http://www.kudumbashree.org
Public Relations Department, Government of Kerala	http://www.prd.kerala.gov.in
Kerala Institute of Local Administration (KILA)	http://www.kilaonline.org
Kerala Information Technology Mission	http://www.keralaitmission.org
Akshaya - Gateway of opportunities	http://www.akshaya.net
Department of Industries, Govt. of Kerala	http://www.keralaindustry.org
Cochin Special Economic Zone	http://www.csez.com
Thiruvananthapuram Corporation	http://www.corporationoftrivandrum.in
Cochin Corporation	http://www.corporationofcochin.net
Thrissur Corporation	http://www.corporationofthrissur.net
Attappady Hills Area Development Society (AHADS)	http:/www.ahads.org
Ministry of Panchayati Raj, Government of India	http://www.panchayat.nic.in
Ministry of Rural Development, Government of India	http://www.rural.nic.in
Ministry of Urban Development, Government of India	http://www.urbanindia.nic.in
Department of Rural Development, Government of India	http://www.drd.nic.in
National Institute of Rural Development	http://www.nird.org.in
Pradhan Mantri Gram Sadak Yojana (PMGSY)	http://www.pmgsy.org
National Rural Employment Guarantee Scheme (National)	http://www.nrega.nic.in
National Rural Employment Guarantee Scheme (Kerala)	http://www.kerala.nic.in/nrega
National Bank for Agriculture and Rural Development (NABARD)	http://www.nabard.org
National Portal of India	http://www.india.gov.in
Census of India, Official website	http://www.censusindia.net
Southern Railway	http://www.srailway.com
Indian Railway	http://www.Indianrail.gov.in

ഓൺലൈനിലൂടെ പരാതിപ്പെടാം

ഫോർ ദി പീപ്പിൾ

(http//pglsgd.kerala.gov.in)

▸ പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി നൽകാം. ▸ ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ , അഴിമതി സംബന്ധിച്ച പരാതി ▸ വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം ▸ പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം ▸ പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ്, LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഗ്രാമവികസന ചരിത്രം

ഗ്രാമപ്രദേശങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി ഒറ്റപ്പെട്ടും കൂട്ടായുമുള്ള പ്രവർത്തനങ്ങൾ പല സ്ഥലങ്ങളിലും പലകാലങ്ങളിലും നടന്നിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഇരുപതുകളിൽ നടന്ന ശ്രീനികേതനിലെയും ഗർഗവോണിലെയും മാർത്താണ്ഡത്തെയും ഗ്രാമപുനർനിർമ്മാണ പ്രവർത്തനങ്ങൾ ഈ മേഖലയിലെ ആദ്യകാല പരീക്ഷണങ്ങളാണ്.

ശ്രീനികേതൻ പരീക്ഷണം: മാനുഷിക മൂല്യങ്ങളിൽ നിന്ന് പ്രചോദനംകൊണ്ട് രവീന്ദ്രനാഥ ടാഗോർ ശ്രീനികേതനു ചുറ്റുമുള്ള ഏതാനും വില്ലേജുകളെ ഉൾപ്പെടുത്തി അവിടത്തെ ഗ്രാമീണ സമൂഹത്തിന്റെ സാമ്പത്തികവും സാംസ്കാരികവുമായ പുനരധിവാസം ലക്ഷ്യമാക്കി നടപ്പാക്കിയ ഉൾക്കാഴ്ചയുള്ള പരീക്ഷണമാണ് പിൽക്കാലത്ത് ശ്രീനികേതൻ പരീക്ഷണമായി അറിയപ്പെടുന്നത്.

ഗർഗവോൺ സംരംഭം: ഈ സംരംഭത്തിന്റെ ജനയിതാവ് ഗർഗവോൺ ജില്ലയിലെ ഡെപ്യൂട്ടി കമ്മീഷണറായി വന്ന ഇന്ത്യൻ സിവിൽ സർവീസിലെ എഫ്.എൽ. ബ്രെയ്ൻ എന്ന ഉദ്യോഗസ്ഥനാണ്. ഇതിന്റെ കാതലായ തത്വം ഗ്രാമീണരിൽ തന്നെ അവരുടെ ഗ്രാമങ്ങളെക്കുറിച്ചുള്ള താല്പര്യം ജനിപ്പിച്ചെങ്കിലേ എന്തെങ്കിലും ഫലമുണ്ടാവുകയുള്ളൂ എന്ന സത്യമാണ്. സർക്കാർ തലത്തിൽ ഇതിനുവേണ്ട ഒത്താശകളും മാർഗ്ഗനിർദ്ദേശങ്ങളും മാത്രം നൽകുകയേ വേണ്ടൂ. ഈ പദ്ധതിയുടെ മറ്റൊരു മേന്മയായി അവകാശപ്പെടുന്നത്, ഗ്രാമീണ കർഷകന്റെയും അവന്റെ കുടുംബത്തിന്റെയും ഏതാനും പ്രവർത്തനങ്ങൾ മാത്രമല്ല, അവരുടെ ജീവിതം ഒട്ടാകെത്തന്നെ കണക്കിലെടുത്ത് പൂർണ്ണമായി ഉദ്ധരിക്കുന്നതിനു വേണ്ട പരിപാടികൾ കൈക്കൊണ്ടാലേ ഫലമുണ്ടാവുകയുള്ളൂ എന്ന അടിസ്ഥാനതത്വം അംഗീകരിച്ചുള്ള പ്രവർത്തനമാണ്.

മാർത്താണ്ഡം പ്രോജക്ട്: കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡം എന്ന സ്ഥലത്ത് 3 മൈൽ ചുറ്റളവിലുള്ള നാല്പതോളം വില്ലേജുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഡോ. സ്പെൻസർ ഹാച്ച് നടപ്പാക്കിയ ഗ്രാമപുനർനിർമ്മാണ പ്രവർത്തനമാണ് മാർത്താണ്ഡം പ്രോജക്ട് എന്ന പേരിൽ അറിയപ്പെടുന്നത്. 'സ്വയം സഹായിക്കൽ' ആണ് ഈ പരിപാടിയുടെ തത്വശാസ്ത്രം.

സേവാഗ്രാം: സ്വയംപര്യാപ്തത, ഗ്രാമീണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കൽ, ഗ്രാമീണ ശുചിത്വം, തൊട്ടുകൂടായ്മ ഇല്ലാതാക്കൽ, ധാർമ്മിക മൂല്യങ്ങൾ വളർത്തിയെടുക്കൽ എന്നീ മഹത്തായ കാര്യങ്ങളിൽ അധിഷ്ഠിതമായിരുന്ന ഗാന്ധിജി സേവാഗ്രാമിലൂടെ രൂപം കൊടുത്ത ഗ്രാമപുനർനിർമ്മാണ പരിപാടികൾ.

മദ്രാസിലെ ഫർക്ക പദ്ധതി : 'ഗ്രാമസ്വരാജ്' എന്ന ഗാന്ധിയൻ മാതൃക ലക്ഷ്യമാക്കി മദിരാശി ഗവൺമെന്റ് നടപ്പാക്കിയ ഫർക്ക വികസനപദ്ധതിയിൽ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും നാനാമുഖമായ വികസനത്തിനുവേണ്ട പരിപാടികൾ ഉൾക്കൊള്ളിച്ചിരുന്നു. ഗ്രാമീണ വ്യവസായം, ഖാദി, ഹരിജനോദ്ധാരണം, ജലസംഭരണവും വിതരണവും, പഞ്ചായത്തുകൾ, സഹകരണസ്ഥാപനങ്ങൾ, കൃഷി, ജലസേചനം, മൃഗസംരക്ഷണം മുതലായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ പ്രസ്ഥാനത്തിലൂടെ നടപ്പാക്കിയിരുന്നു.

ഇട്ടാവ പ്രോജക്ട് : സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിലെ സാമൂഹികവികസന പരിപാടികളിലേക്ക് (കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാം) വഴിതെളിച്ച ഒരു സുപ്രധാന പദ്ധതിയെന്ന നിലയിൽ ഉത്തർപ്രദേശിൽ 1948ൽ നടപ്പാക്കപ്പെട്ട ഇട്ടാവ പ്രോജക്ട് ശ്രദ്ധേയമാണ്. പൊതുജനങ്ങളുടെയും ഗവൺമെന്റിന്റെയും സന്നദ്ധസേവാപ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ഗ്രാമവികസനം നടപ്പാക്കുക എന്ന മഹത്തായ ആദർശവും ചെറു പരീക്ഷണങ്ങളിലൂടെ സ്വീകാര്യമായവയും അല്ലാത്തവയും തിരിച്ചറിയുക എന്ന സമീപനവും പുതിയ പരിപാടികളും രീതികളും സാങ്കേതിക വശങ്ങളും ചെറിയ തുണ്ടുഭൂമികളിൽ പ്രാദേശികമായി പരിശോധിച്ചതിനുശേഷം മാത്രം കൈക്കൊള്ളുക എന്ന സംവിധാനവും ഇട്ടാവ പ്രോജക്ടിന്റെ ആകർഷകമായ വശങ്ങളാണ്.

നീലോക്കേരി പരീക്ഷണം : ഇന്ത്യയുടെ വിഭജനത്തെത്തുടർന്ന് പാകിസ്ഥാനിൽ നിന്നുവന്ന അഭയാർത്ഥികളെ ആദായകരമായ തൊഴിൽ നൽകി പുനരധിവസിപ്പിക്കുവാൻ എസ്.കെ. ഡേയുടെ നേതൃത്വത്തിൽ ഒരു പുതിയ ടൗൺഷിപ്പ് നീലോക്കേരിയിൽ വികസിപ്പിച്ചെടുക്കുകയുണ്ടായി. ഇതിന്റെ പിന്നിലെ സങ്കല്പം ഒരു സംയോജിത ഗ്രാമ-നഗര വികസനമായിരുന്നു. കൃഷി, കോഴി വളർത്തൽ, മൃഗസംരക്ഷണം എന്നീ പ്രവർത്തനങ്ങൾ ഒരു ഭാഗത്ത് വികസിപ്പിച്ചെടുത്തപ്പോൾ പോളിടെക്നിക്കുകൾ, മറ്റു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകൾ, പ്രിന്റിംഗ് പ്രസ്സുകൾ, നെയ്ത്ത്, സോപ്പുണ്ടാക്കൽ, അലക്ക്, തുകൽവ്യവസായം തുടങ്ങി മറ്റൊരുകൂട്ടം തൊഴിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ മറുഭാഗത്തും വികസിപ്പിച്ചെടുക്കുക എന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ പ്രത്യേകത.

കമ്മ്യൂണിറ്റി ഡവലപ്മെന്റ് (സാമൂഹിക വികസനം)

ആസൂത്രിത ദേശീയ വികസനത്തിന്റെ ഭാഗമായി 1952-ൽ പ്രാദേശിക തലത്തിൽ അങ്ങിങ്ങായി ആരംഭിച്ച കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാം 1963 ആയപ്പോഴേക്കും 5,243 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ബ്ലോക്കുകളിലൂടെ ഇന്ത്യയൊട്ടാകെ വ്യാപിച്ചു കഴിഞ്ഞിരുന്നു. ഒരു പ്രദേശത്തെ ഭൗതികവും മാനുഷികവുമായ വിഭവങ്ങളുടെ സമ്പൂർണ്ണമായ വികസനം ഭദ്രമാക്കുകയും തദ്വാരാ ഗ്രാമസമൂഹത്തെ ഉന്നതജീവിത നിലവാരത്തിലേക്ക് ഉയർത്തുകയുമായിരുന്നു സാമൂഹിക വികസനത്തിന്റെ

ലക്ഷ്യം. കാർഷികോൽപാദനത്തിന്റെ ദ്രുതഗതിയിലുള്ള വിപുലീകരണം പരിപാടിയുടെ പ്രാഥമികോദ്ദേശ്യമായി നിശ്ചയിക്കപ്പെട്ടു. കുടിൽ-ചെറുകിട വ്യവസായങ്ങളുടെ വികസനവും ഇതിനോട് ബന്ധിപ്പിക്കപ്പെട്ടു. ആരോഗ്യം, ശുചിത്വം, ഭവനനിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയവയ്ക്കും പ്രാധാന്യം ലഭിച്ചു. ശരിയായ ഗതാഗതസൗകര്യങ്ങളൊരുക്കലും പരിപാടിയുടെ ഭാഗമായിരുന്നു. വികസനപ്രവർത്തകരുടെ പരിശീലനത്തിനും സ്ഥാനം ലഭിച്ചു. ജനങ്ങളുടെ മനോഗതിയിൽ സമൂലമായ ഒരു മാറ്റം സംജാതമാക്കൽ, ഉന്നത മാനദണ്ഡങ്ങൾക്കു വേണ്ടിയുള്ള ഉത്കടമായ ആഗ്രഹം അവരിൽ ജനിപ്പിക്കൽ ഇവയായിരുന്നു ഏറ്റവും പ്രധാനം.

1963 ഒക്ടോബറോടെ രാജ്യം മുഴുവൻ സാമൂഹ്യവികസന പരിപാടിക്കു കീഴിലായി. എക്സ്റ്റൻഷൻ സർവ്വീസുകളുടെ ഒരു ഏകോപിത സംവിധാനവും അത്യാവശ്യം വേണ്ട വികസന ചട്ടക്കൂടിന്റെ സ്ഥാപനവും ഇതുവഴി പ്രായോഗികമായതോടെ പരിപാടിയുടെ പ്രഥമഘട്ടം പൂർത്തിയായി. വികസനത്തിന്റെ ചുമതലയ്ക്ക് ജില്ല, ബ്ലോക്ക്, ഗ്രാമം എന്നീ തലങ്ങളിൽ ജനകീയ സ്ഥാപനങ്ങളുടെ സൃഷ്ടിയും വികസനവുമായിരുന്നു രണ്ടാം ഘട്ടം. ഈ ഘട്ടത്തിൽ, ഗ്രാമതലത്തിൽ പഞ്ചായത്തും ബ്ലോക്കുതലത്തിൽ പഞ്ചായത്ത് സമിതിയും ജില്ലാതലത്തിൽ ജില്ലാപരിഷത്തും മുഖേന സാമൂഹിക വികസന പ്രവർത്തനങ്ങൾ തുടർന്നു. തങ്ങളുടെ പ്രദേശത്തിനുവേണ്ട പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പങ്കുചേരൽ ഉത്തേജിപ്പിക്കുന്ന തീവ്രതരവികസനമുഖമായിരുന്നു ഘട്ടം ഒന്ന്. ഈ ഘട്ടത്തിൽ സ്വാശ്രയശക്തി നേടിയ ഗ്രാമസമൂഹങ്ങളിലെ സാമൂഹിക വികസന സമ്പ്രദായം അതിന്റെ പ്രവർത്തന പൂർണ്ണത തീർത്തും ചിട്ടപ്പെടുത്തിയത് രണ്ടാം ഘട്ടത്തിലാണ്.

ഭരണ വകുപ്പുകൾ

തദ്ദേശസ്വയംഭരണ വകുപ്പ്

73, 74-ാം ഭരണഘടനാ ഭേദഗതിയോടെ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണഘടനാപരമായ തദ്ദേശ സർക്കാരുകളായി മാറി. 1994 ൽ കേരള പഞ്ചായത്ത്‌രാജ് നിയമം നിലവിൽ വന്നതോടെ അധികാരത്തിനോടൊപ്പം വിഭവങ്ങളും ഉത്തരവാദിത്തങ്ങളും വികേന്ദ്രീകരിച്ചു നല്കി സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളെ കരുത്തുറ്റവയാക്കുകയുണ്ടായി. എങ്കിലും സംസ്ഥാന സർക്കാർ പദ്ധതികളും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നേതൃത്വം നൽകുന്ന ചുമതലയും നിർവ്വഹിച്ച് തദ്ദേശസ്വയംഭരണ വകുപ്പും കേന്ദ്രാവിഷ്കൃത പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്ന ചുമതലയോടെ ഗ്രാമവികസന വകുപ്പും പ്രവർത്തിച്ചിരുന്നു. ജനപങ്കാളിത്തം ഉറപ്പാക്കി പദ്ധതിനിർവ്വഹണം നടത്തുന്നതിനും ഭരണകാര്യങ്ങളിൽ വേഗതയും കാര്യക്ഷമതയും സുതാര്യതയും കൈവരിക്കുന്നതിനും രണ്ട് വകുപ്പുകളുടെ സമാന്തര പ്രവർത്തനം സഹായകരമല്ലായെന്ന് മനസ്സിലാക്കി 2006-ൽ സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയോജിപ്പിച്ച് ഒരു പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ശക്തമായി തദ്ദേശസ്വയംഭരണ വകുപ്പ് ഏകോപിപ്പിക്കപ്പെട്ടു. അതോടൊപ്പം ജില്ലാ ഗ്രാമവികസന ഏജൻസികളെ ജില്ലാ പഞ്ചായത്തുകളിലും ലയിപ്പിച്ചു. ത്രിതല പഞ്ചായത്തുകളുടെ ഏകോപനവും സ്ഥലപരമായ സംയോജനവും പ്രാദേശിക വികസന പദ്ധതികൾക്കൊപ്പം ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ സംയോജനവും വികസന കാഴ്ചപ്പാടുകളിൽ വ്യക്തതയും കൈവരുത്തുവാൻ ഇതുമൂലം കഴിഞ്ഞു. മാത്രമല്ല, കൂടുതൽ ജനപങ്കാളിത്തം ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ഉറപ്പാക്കി ഭരണസുതാര്യത കൈവരിച്ചുകൊണ്ട് തദ്ദേശഭരണ രംഗത്ത് ദൂരവ്യാപകമായ സദ്ഫലങ്ങൾ സൃഷ്ടിക്കുന്നതിനും ഇതിലൂടെ സാധിച്ചു. എന്നാൽ 2011 മേയ് മാസം മുതൽ അഞ്ച് വർഷക്കാലം പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ മൂന്ന് മന്ത്രാലയങ്ങളുടെ കീഴിലാണ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രവർത്തിച്ചത്. 2016 മേയ് മാസം മുതൽ വീണ്ടും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്നു.

തദ്ദേശസ്വയംഭരണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ, പരിശീലന സ്ഥാപനങ്ങൾ, സൊസൈറ്റികൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അധികാരവും വിഭവങ്ങളും ഉത്തരവാദിത്തങ്ങളും നൽകി നാടിന്റെ അടിസ്ഥാന വികസനപ്രവർത്തനങ്ങളും ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയും ഉറപ്പുവരുത്തുന്നതിലേക്ക് അവയെ നയിക്കുന്ന ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നു.



തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, തദ്ദേശസ്വയംഭരണം, എഞ്ചിനിയറിംഗ്, നഗര-ഗ്രാമാസൂത്രണം എന്നീ വിഭാഗങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിന്റെ ഭാഗമായി 2018 മാർച്ച് 15 ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽ വന്നു. വകുപ്പുതല ഏകോപനവും പദ്ധതി സംയോജനവും നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കുവാൻ പൊതു സർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. സർക്കാരിന്റെ വികസന പദ്ധതികൾ കൃത്യമായ ആസൂത്രണത്തോടെ ഫലപ്രദമായി നിർവ്വഹിക്കുന്നതുൾപ്പെടെ എല്ലാ മേഖലകളിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേതൃത്വപരമായ പിന്തുണ നൽകുകയാണ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന്റെ മുഖ്യ ചുമതല. പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണ നിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്.

പഞ്ചായത്ത് വകുപ്പ്

കേരള പഞ്ചായത്ത് ആക്ട് 1960 നിലവിൽ വന്നതോടെ ഭരണസൗകര്യാർത്ഥം ലോക്കൽ ബോഡീസ് വകുപ്പിനെ പഞ്ചായത്ത് വകുപ്പായും മുനിസിപ്പൽ വകുപ്പായും വിഭജിച്ചു. 1962 ജനുവരി 19-നാണ് പഞ്ചായത്ത് വകുപ്പ് നിലവിൽ വന്നത്. ആർ. കേശവൻ നായരായിരുന്നു വകുപ്പിന്റെ ആദ്യ അദ്ധ്യക്ഷൻ. പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ ആസ്ഥാനം തിരുവനന്തപുരം പബ്ലിക് ആഫീസ് ബിൽഡിംഗ്സിലാണ്. ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ (ജില്ലാ പെർഫോമൻസ് ആഡിറ്റ് ആഫീസർ) ആഫീസും പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ വിവിധ ഫണ്ടുകളുടെ വിനിയോഗം, തനത് വരുമാനം തുടങ്ങിയവയുടെ പുരോഗതി നിരീക്ഷിക്കുക, സംസ്ഥാനത്ത് നടക്കുന്ന എല്ലാ ജനന-മരണങ്ങളുടെയും വിവാഹങ്ങളുടെയും രജിസ്ട്രേഷൻ ഉറപ്പു വരുത്തുക, ഗ്രാമപഞ്ചായത്തുകളുടെ ബൈലകൾ അംഗീകരിക്കുക, ത്രിതല പഞ്ചായത്തുകളിലെ അംഗസംഖ്യ നിശ്ചയിക്കുക , വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം നടത്തുക തുടങ്ങിയവയാണ് പഞ്ചായത്ത് വകുപ്പിന്റെ പ്രധാന ചുമതലകൾ.



ഗ്രാമ വികസന കമ്മിഷണറേറ്റ്

ഗ്രാമവികസന വകുപ്പിന്റെ ഭരണസംവിധാനം വികേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി 1987 ജനുവരി 24-ന് ഗ്രാമവികസന കമ്മിഷണറേറ്റ് കേരളത്തിൽ പ്രവർത്തനമാരംഭിച്ചു. ഇതോടെ സെക്രട്ടറിയേറ്റിൽ ചെയ്തുകൊണ്ടിരുന്ന പല ചുമതലകളും കമ്മിഷണറേറ്റിന് കൈമാറി. ഗ്രാമവികസന പദ്ധതികളുടെ നടത്തിപ്പ് ഗ്രാമവികസന കമ്മിഷണറിൽ നിക്ഷിപ്തമായിരിക്കുന്നു. ജില്ലാതലത്തിൽ ഭരണകാര്യങ്ങൾ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മിഷണറും (ജനറൽ) കേന്ദ്രാവിഷ്കൃത പരിപാടികളുടെ ഏകോപനം ജില്ലാപഞ്ചായത്തിലെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന്റെ ചുമതലയുള്ള പ്രോജക്ട് ഡയറക്ടർക്കുമാണ്. ഗ്രാമവികസന വകുപ്പിന് പ്രത്യേക മിനിസ്റ്റീരിയൽ വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റ് സെക്ഷനും കമ്മിഷണറേറ്റിന്റെ ഭാഗമായുണ്ട്. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരം നന്തൻകോട്ടുള്ള സ്വരാജ് ഭവനിലാണ്.



നഗരകാര്യ വകുപ്പ്

നഗരസഭകളുടെയും പഞ്ചായത്തുകളുടെയും ഭരണത്തിനായി രൂപീകൃതമായിരുന്ന തദ്ദേശ ഭരണവകുപ്പ് വിഭജിച്ച് 1962- ൽ നഗരസഭകളുടെ ഭരണത്തിനായി മുനിസിപ്പാലിറ്റി വകുപ്പ് എന്ന പേരിൽ പ്രത്യേക വകുപ്പ് രൂപീകരിക്കുകയുണ്ടായി. മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഭരണനിയന്ത്രണം കൂടി മുനിസിപ്പൽ ഡയറക്ടർക്ക് ലഭിക്കത്തക്കവിധം വകുപ്പിന്റെ പേര് 1980 സെപ്തംബർ 5 ന് മുനിസിപ്പൽ ഭരണവകുപ്പ് എന്നാക്കി മാറ്റിയിരുന്നു. തുടർന്ന് 2002 ഡിസംബർ 16 ന് മുനിസിപ്പൽ വകുപ്പിന്റെ പേര് നഗരകാര്യ വകുപ്പ് എന്ന് പുനർനാമകരണം ചെയ്തു. നഗരങ്ങളിൽ അധിവസിക്കുന്ന സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കാവസ്ഥയിലുള്ള നിരവധി കുടുംബങ്ങൾക്ക് അടിസ്ഥാനപരമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രത്യേകം ഊന്നൽ നൽകി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നഗരസഭകൾ വഴി നടപ്പാക്കി വരുന്നു. ഇതിനു പുറമേ ഇത്തരക്കാർക്കായി കേന്ദ്രസർക്കാർ നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണ ഉത്തരവാദിത്തത്തോടും കാര്യക്ഷമതയോടും കൂടി നഗരസഭകളെക്കൊണ്ട് നടപ്പാക്കുന്നതിനു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാർ സഹായത്തോടെ നഗരവാസികൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങളും വകുപ്പ് നല്കുന്നു. നഗരസഭാ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് 1981 ഡിസംബർ മുതലും പെൻഷൻ 1991 ഒക്ടോബർ മുതലും നടപ്പാക്കിവരുന്നു. കേരളാ മുനിസിപ്പൽ കോമൺസർവ്വീസിലെ ഹെൽത്ത് ആഫീസർ, എൻജിനീയറിങ്ങ് തസ്തികകൾ എന്നിവയൊഴികെയുള്ള തസ്തികകളിലെ നിയമനാധികാരിയും അച്ചടക്ക നടപടി സ്വീകരിക്കേണ്ട അധികാരിയും നഗരകാര്യ ഡയറക്ടറാണ്. നഗരസഭാ ജീവനക്കാർക്കായുള്ള സെൻട്രൽ പ്രോവിഡന്റ് ഫണ്ടും സെൻട്രൽ പെൻഷൻ ഫണ്ടും നഗരകാര്യ ഡയറക്ടറുടെ നിയന്ത്രണത്തിലാണ്. നഗരസഭാ ജീവനക്കാരെ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ അംഗമാക്കുക, സർവ്വീസിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് പി.എഫ്. തുക അനുവദിച്ച് നൽകുക, നഗരസഭാ (കണ്ടിജന്റ് ഒഴികെ) ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ടിൽ നിന്ന് അനുവദിച്ചു നൽകുക എന്നിവ നഗരകാര്യ ഡയറക്ടറുടെ ചുമതലയാണ്. 2019ൽ മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി ചെയ്ത് മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി മാറ്റിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം

തദ്ദേശ സ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് കേഡർ 2008 ജനുവരി ഒന്നിന് നിലവിൽ വന്നു. പൊതുമരാമത്ത്, ജലസേചന വകുപ്പുകളിൽ നിന്നുള്ള നിശ്ചിത എണ്ണം സാങ്കേതിക വിഭാഗം ജീവനക്കാരും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന സാങ്കേതിക വിഭാഗം ജീവനക്കാരും ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം, കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി എന്നിവിടങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാരെയുമാണ് എഞ്ചിനീയറിംഗ് കേഡറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾക്ക് മാത്രമായി ഉത്തര/ദക്ഷിണ മേഖലകളിൽ ഓരോ സൂപ്രണ്ടിംഗ് എഞ്ചിനിയർ ആഫീസും ഓരോ ജില്ലാ പഞ്ചായത്ത് ആഫീസിനോടൊപ്പം എക്സിക്യൂട്ടീവ് എഞ്ചിനിയർ ആഫീസും ഓരോ ബ്ലോക്ക് പഞ്ചായത്തിനോടൊപ്പം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആഫീസും ഓരോ ഗ്രാമപഞ്ചായത്തിനോടൊപ്പം അസിസ്റ്റന്റ് എഞ്ചിനിയർ ആഫീസും പ്രവർത്തിക്കുന്നു. എല്ലാ കോർപ്പറേഷൻ ആഫീസുകളിലും ഓരോ സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ കീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനിയറിംഗ് വിഭാഗവും മുനിസിപ്പാലിറ്റികളിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെയോ അസിസ്റ്റന്റ് എഞ്ചിനിയറുടെയോ നേതൃത്വത്തിലുള്ള എഞ്ചിനിയറിംഗ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെയും പി.എം.ജി.എസ്.വൈ.യുടെയും സഹായത്തോടെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്തുകളോടനുബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ വിഭാഗവും നിലവിലുണ്ട്. ഇവയുടെ നിയന്ത്രണം കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസിയിലെ ചീഫ് എഞ്ചിനിയർക്കാണ്.

നഗര ഗ്രാമാസൂത്രണ വകുപ്പ്

സംസ്ഥാനത്തെ നഗര ഗ്രാമ പ്രദേശങ്ങളുടെ ആസൂത്രിത വികസനം രൂപപ്പെടുത്തുന്നതിന് മുഖ്യ നഗരാസൂത്രകന്റെ മേൽനോട്ടത്തിൽ നഗര ഗ്രാമാസൂത്രണ വകുപ്പ് പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വകുപ്പിന് ഓഫീസുകളുണ്ട്. നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുക, നഗരാസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിന് സാങ്കേതിക ഉപദേശം നൽകുക, കെട്ടിട നിർമ്മാണവും ഭൂവികസനവുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങൾ നിഷ്കർഷി

ക്കുന്ന അനുമതികൾ നൽകുക എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തന മേഖല. അമൃത് നഗരങ്ങൾ/പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ എന്ന കേന്ദ്ര പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായും വകുപ്പ് പ്രവർത്തിക്കുന്നു. മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്) ആണ് ഈ പദ്ധതിയുടെ നോഡൽ ഓഫീസർ. ഇതിന് പുറമെ മുഖ്യ നഗരാസൂത്രകൻ ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ മെമ്പർ സെക്രട്ടറിയും ആണ്. മുഖ്യ നഗരാസൂത്രകനെ അദ്ദേഹത്തിന്റെ ജോലികളിൽ സഹായിക്കുന്നതിനായി എറണാകുളം റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിലെ സീനിയർ ടൗൺ പ്ലാനർ ഉൾപ്പെടെ 4 സീനിയർ ടൗൺ പ്ലാനർമാരും 14 ജില്ലാ കാര്യാലയങ്ങളിലെ ടൗൺ പ്ലാനർ ഉൾപ്പെടെ 21 ടൗൺ പ്ലാനർമാരും അനുബന്ധ ജീവനക്കാരും ഉണ്ട്. ഭരണപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും ഒരു ഫിനാൻസ് ഓഫീസറും അനുബന്ധ ജീവനക്കാരുമുണ്ട്.

കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

1956-ൽ കേരള സംസ്ഥാനം രൂപവൽകൃതമായതിനെ തുടർന്ന് കേരള ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നിലവിൽ വന്നു. അതിനുമുമ്പ് തിരു-കൊച്ചി പ്രദേശത്തെ തദ്ദേശസ്ഥാപനങ്ങളുടെ ആഡിറ്റ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പും മലബാർ-കാസറഗോഡ് പ്രദേശത്തെ ആഡിറ്റ് മദ്രാസ് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് എക്സാമിനറുമാണ് നിർവ്വഹിച്ചിരുന്നത്. ഇപ്പോൾ 1994-ലെ കേരള ലോക്കൽ ഫണ്ട് ആക്ടിന് അനുസൃതമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആഡിറ്റ് നടക്കുന്നത്. കേരള പഞ്ചായത്ത്രാജ്, കേരള മുനിസിപ്പാലിറ്റി ആക്ടുകൾ പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരവ്-ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും റിപ്പോർട്ട് നൽകുന്ന ചുമതല ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഒരു സാമ്പത്തികവർഷം അവസാനിച്ച് അടുത്ത ജൂലായ് 31-ന് മുമ്പ് വരവ്-ചെലവ് കണക്കുകളുടെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി ആഡിറ്റിനായി ലോക്കൽ ഫണ്ട് വകുപ്പ് അധികാരികൾക്ക് നൽകണം. ആഡിറ്റ് വകുപ്പ് ഡയറക്ടർ സമാഹൃത ആഡിറ്റ് റിപ്പോർട്ട് എല്ലാ വർഷവും സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്. തിരുവനന്തപുരം വികാസ് ഭവനിലാണ് വകുപ്പിന്റെ ആസ്ഥാനം. എല്ലാ ജില്ലകളിലും ജില്ലാ ആഫീസുകളും പ്രവർത്തിക്കുന്നു. 2014 ഒക്ടോബർ മുതൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് എന്ന് പുനർനാമകരണം ചെയ്തു.

പെർഫോമൻസ് ആഡിറ്റ്

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1997-98 മുതൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വർദ്ധിച്ച തോതിൽ ഫണ്ട് അനുവദിച്ചതിനെത്തുടർന്ന് വികസനപരവും ജനക്ഷേമകരവും പ്രാദേശിക സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. അവയിൽ നിക്ഷിപ്തമായ ചുമതലകളും അവയെ ഭരമേല്പിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു പുതിയ ആഡിറ്റ് സംവിധാനത്തിന് 1997 ലെ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലൂടെ രൂപം നൽകുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളിലൂടെ സംസ്ഥാനതലത്തിൽ ഒരു പെർഫോമൻസ് ആഡിറ്റ് അതോറിറ്റി നിലവിൽ വന്നു. തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിയാണ് പെർഫോമൻസ് ആഡിറ്റ് അതോറിറ്റി. അദ്ദേഹത്തെ സഹായിക്കാൻ സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസറെ നിയമിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ നിന്നും ഗ്രാമവികസനം, പഞ്ചായത്ത്, നഗരകാര്യ വകുപ്പുകളിൽ നിന്നും ജീവനക്കാരെ കണ്ടെത്തിയാണ് പെർഫോമൻസ് ആഡിറ്റ് ടീമിൽ നിയമിക്കുന്നത്. എല്ലാ മാസവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരവും സാമ്പത്തികവുമായ നടപടികൾ അവലോകനം ചെയ്ത് ശരിയായ ഭരണം ഉറപ്പുവരുത്തുകയാണ് പെർഫോമൻസ് ആഡിറ്റിന്റെ കർത്തവ്യം. തെറ്റുകൾ തിരുത്തുന്നതിനും അവ ആവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനുമാണ് പെർഫോമൻസ് ആഡിറ്റ് ഊന്നൽ നല്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാന മാർഗ്ഗങ്ങൾ യഥാവിധി പ്രയോജനപ്പെടുത്തി തനതു വരുമാനം വർദ്ധിപ്പിക്കുന്നുണ്ടെന്നും വികസന പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്നും അവകൊണ്ട് ഉദ്ദേശിച്ച ഫലങ്ങൾ കിട്ടുന്നുണ്ടോയെന്നും വിലയിരുത്തി തക്ക സമയത്ത് വേണ്ട നടപടികളെടുക്കാൻ പെർഫോമൻസ് ആഡിറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്നു.

അനുബന്ധ സ്ഥാപനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതിയംഗങ്ങളും ഉദ്യോഗസ്ഥന്മാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നേരിട്ടോ അല്ലാതെയോ നിയോഗിച്ചിട്ടുള്ളതും സ്ഥലംമാറ്റപ്പെട്തുമായ ഉദ്യോഗസ്ഥന്മാരും ഭരണപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോഴുണ്ടായേക്കാവുന്ന അഴിമതി, ദുർഭരണം, ക്രമക്കേടുകൾ എന്നിവയെക്കുറിച്ചുള്ള പരാതികൾ നിയമാനുസൃതം അന്വേഷിച്ച് ആവശ്യമായ നടപടിയെടുക്കുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ചുമതല. പരാതികൾ ഏതൊരു വ്യക്തിക്കും ഇടനിലക്കാരന്റെ സഹായമില്ലാതെ ഓംബുഡ്സ്മാൻ സെക്രട്ടറിക്കു മുമ്പാകെ നേരിട്ടോ, രജിസ്റ്റേഡ്/സാധാരണ തപാൽ വഴിയോ നൽകാവുന്നതാണ്. വെള്ളക്കടലാസിൽ എഴുതിയ പരാതിയോടൊപ്പം ശരിയായി പൂരിപ്പിച്ച ഫോറം 'എ' (പത്തുരൂപയുടെ കോർട്ടുഫീ സ്റ്റാമ്പ് ഒട്ടിച്ചത്), പരാതിയുടെ പകർപ്പുകൾ (എതിർകക്ഷികളുടെ എണ്ണം + രണ്ട്) എന്നിവയും സമർപ്പിക്കണം. കേരള പഞ്ചായത്ത്രാജ് നിയമത്തിലെയും ഓംബുഡ്സ്മാൻ (പരാതി അന്വേഷണ വിചാരണയും സേവന വ്യവസ്ഥകളും) ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്ത പരാതി പരിഗണിക്കുന്നതല്ല. ഓംബുഡ്സ്മാന്റെ സിറ്റിങ്ങുകൾ തിരുവനന്തപുരത്തുള്ള ഓഫീസിലും എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലാ ആസ്ഥാനങ്ങളിലും നടത്തിവരുന്നു. പത്തുരൂപയുടെ കോർട്ടുഫീ സ്റ്റാമ്പിനുള്ള ചെലവൊഴിച്ച് മറ്റ് യാതൊരു വിധത്തിലുള്ള ഫീസുകളും കക്ഷികളിൽ നിന്നും ഈടാക്കുകയില്ല. കേസുമായി ബന്ധപ്പെട്ട ഏതൊരു വ്യക്തിക്കും ഓംബുഡ്സ്മാനു മുമ്പാകെ അഭിഭാഷകന്റെയോ, മറ്റു പരസഹായം കൂടാതെയോ നേരിട്ടും നിർഭയമായും ഹാജരാകുന്നതിനും തങ്ങളുടെ വാദഗതികൾ അവതരിപ്പിച്ച് പരിഹാരം തേടുന്നതിനും കഴിയും.

വിലാസം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ

സാഫല്യം കോംപ്ലക്സ് (നാലാം നില), ടിഡ്കോ ബിൽഡിംഗ്, യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം 695034

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരായി അപ്പീൽ, റിവിഷൻ എന്നിവ പരിഗണിക്കുകയും തീർപ്പുകൽപ്പിക്കുകയുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി നിയമിച്ചിട്ടുള്ള ട്രൈബ്യൂണലിന്റെ ചുമതല. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ഒരു നീതിന്യായ ഉദ്യോഗസ്ഥനാണ് ട്രൈബ്യൂണലായി നിയമിക്കപ്പെടുന്നത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏതെങ്കിലും തീരുമാനത്തിന്റെ നിയമസാധുതയെ പറ്റിയോ നിലനിൽപ്പിനെ പറ്റിയോ സർക്കാരിൽ നിന്നും ലഭിക്കുന്ന പരാമർശത്തിന്മേൽ അഭിപ്രായം നൽകാനും ട്രൈബ്യൂണലിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഹർജികൾ ഏത് ഉത്തരവിന് എതിരെയുള്ളതാണോ അതിന്റെ തീയതി മുതൽ 30 ദിവസത്തിനകം ഫോറം സിയിൽ നൽകണം. ട്രൈബ്യൂണലിന്റെ അനുവാദത്തോടെ ഒരു മാസം കാലതാമസമെഹർജിയോടുകൂടി അപ്പീൽ/റിവിഷൻ ഫയൽ ചെയ്യാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപ്പീൽ ഫയൽ ചെയ്ത് 60 ദിവസത്തിനകം തീരുമാനമാകാത്ത സംഗതികളിൽ 90 ദിവസത്തിനകം ട്രൈബ്യൂണലിൽ ഹർജി നൽകിയാൽ മതിയാകും. ഹർജിയോടൊപ്പം ഹർജിയുടെയും അനുമായി ബന്ധപ്പെട്ട രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പും ഹർജിയിൽ എതു എതിർകക്ഷികളുണ്ടോ അതുയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ട്രൈബ്യൂണൽ മുമ്പാകെ നേരിട്ടോ രജിസ്റ്റർ ചെയ്ത തപാലായോ നൽകാം. ഹർജിയോടൊപ്പം 50 രൂപ ഫീസായി ട്രൈബ്യൂണലിന്റെ ഓഫീസിലോ തിരുവനന്തപുരത്ത് മാറാൻ കഴിയുന്ന ഡി.ഡി. ആയോ ഒടുക്കാവുന്നതാണ്. കൂടാതെ 100 രൂപ ലീഗൽ ബനിഫിറ്റ് ഫണ്ട് സ്റ്റാമ്പ് ഹർജിയിൽ പതിക്കേണ്ടതുമാണ്.

വിലാസം: സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ

ശ്രീമൂലം ബിൽഡിംഗ്സ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനായി ഇന്ത്യൻ ഭരണഘടനയുടെ 243(കെ) അനുച്ഛേദപ്രകാരം രൂപവത്കരിച്ച സ്ഥാപനമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. പഞ്ചായത്ത് രാജ്-മുനിസിപ്പാലിറ്റി നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത്. അഞ്ച് വർഷക്കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും പൊതുതെരഞ്ഞെടുപ്പ് നടത്തുന്നതിനുപുറമെ അംഗങ്ങളുടെ സ്ഥാനത്ത് ഉണ്ടാകുന്ന ആകസ്മിക ഒഴിവുകൾ നികത്താനുള്ള ഉപതിരഞ്ഞെടുപ്പും കമ്മീഷനാണ് നടത്തുന്നത്. ഭരണഘടനാപരമായ ചുമതലകൾക്കുപുറമെ തദ്ദേശസ്വയംഭരണ നിയമങ്ങൾ പ്രകാരം കമ്മിഷന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചാണ് തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷ-ഉപാദ്ധ്യക്ഷ സ്ഥാനങ്ങളിലേക്കും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, ചെയർമാൻ എന്നീ സ്ഥാനങ്ങളിലേക്കും തെരഞ്ഞെടുപ്പ് നടത്തുന്നത്. അദ്ധ്യക്ഷന്മാർക്കും ഉപാദ്ധ്യക്ഷന്മാർക്കും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർക്കുമെതിരെയുള്ള അവിശ്വാസപ്രമേയ ചർച്ച സംബന്ധിച്ച നടപടികളും കമ്മിഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനാണ് നിയന്ത്രിക്കുന്നത്. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് കണക്കുകൾ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അവരെ അയോഗ്യരാക്കുന്നതിനും കമ്മിഷന് അധികാരമുണ്ട്. അംഗങ്ങളുടെ അയോഗ്യത സംബന്ധിച്ച തർക്കങ്ങളിലും കൂറുമാറ്റ നിരോധന നിയമപ്രകാരം കമ്മിഷൻ മുമ്പാകെ ഫയൽ ചെയ്യുന്ന ഹർജികളിലും തീരുമാനമെടുക്കുന്നതിന് ജൂഡീഷ്യൽ അധികാരസ്ഥാനമായും കമ്മിഷൻ പ്രവർത്തിച്ചുവരുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അംഗങ്ങളുടെ/കൗൺസിലർമാരുടെ സംവരണ സ്ഥാനങ്ങൾ നിശ്ചയിക്കുന്നത് കമ്മീഷന്റെ മേൽനോട്ടത്തിലാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ സംവരണം ചെയ്ത അദ്ധ്യക്ഷ-ഉപാദ്ധ്യക്ഷ സ്ഥാനങ്ങളും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങളും വീതിച്ചു നൽകുന്നത് കമ്മീഷനാണ്.

വിലാസം: സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

കോർപ്പറേഷൻ ഓഫീസ് കോംപ്ലക്സ്, എൽ.എം.എസ് ജംഗ്ഷൻ, പാളയം, തിരുവനന്തപുരം.

കേരള സംസ്ഥാന ധനകാര്യ കമ്മീഷൻ

ഇന്ത്യൻ ഭരണഘടനയുടെ 243 ഐ, വൈ എന്നീ അനുച്ഛേദങ്ങൾ പ്രകാരം അഞ്ചുവർഷം കൂടുമ്പോൾ ഓരോ സംസ്ഥാനത്തും ധനകാര്യ കമ്മീഷനെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ആവശ്യമായ നിയമങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുകൊണ്ട് സംസ്ഥാനവും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിൽ വിഭവങ്ങൾ പങ്കുവെയ്ക്കുന്നത് സംബന്ധിച്ചും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങളും അനിവാര്യ ചുമതലകളും നിർവ്വഹിക്കുന്നതിനാവശ്യമായ വിഭവലഭ്യത ഉറപ്പുവരുത്തുന്നതു സംബന്ധിച്ചും ഗവൺമെന്റിന് ശുപാർശകൾ സമർപ്പിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന ധനകാര്യ കമ്മീഷനെ അതത് സംസ്ഥാന സർക്കാരുകൾ നിയമിക്കുന്നത്.

കേരളത്തിൽ 1994 മേയ് മാസത്തിൽ പി.എം. അബ്രഹാം അദ്ധ്യക്ഷനായി ആദ്യ ധനകാര്യ കമ്മീഷൻ നിലവിൽ വന്നു. പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി രണ്ടാം കമ്മീഷൻ 1999 മേയ് മാസത്തിലും കെ.വി. രബീന്ദ്രൻ നായർ അദ്ധ്യക്ഷനായി മൂന്നാം കമ്മീഷൻ 2004 സെപ്തംബറിലും പ്രൊഫ: എം.എ. ഉമ്മൻ അദ്ധ്യക്ഷനായി നാലാം കമ്മീഷൻ 2009 സെപ്തംബറിലും പ്രൊഫ. ബി.എ. പ്രകാശിനെ അദ്ധ്യക്ഷനാക്കി അഞ്ചാം കമ്മീഷൻ 2014 ഡിസംബറിലും രൂപീകരിച്ചു. ഈ അഞ്ച് കമ്മീഷനുകളും സർക്കാരിന് റിപ്പോർട്ടു സമർപ്പിക്കുകയും അവയിലെ പ്രധാന ശുപാർശകളിൽ ഭൂരിഭാഗവും സർക്കാർ അംഗീകരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2019 ഒക്ടോബറിൽ മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് അദ്ധ്യക്ഷനായി ആറാം ധനകാര്യ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷൻ

ഇന്ത്യൻ ഭരണഘടനയുടെ 73, 74-ാം ഭേദഗതിയോടനുബന്ധമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് എസ്.ബി.സെൻ അദ്ധ്യക്ഷനായ കമ്മിറ്റി ഓഫ് ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേർസ് രൂപീകരിക്കുകയും ഇത് നിരവധി ചരിത്രപരമായ ഭരണമാറ്റങ്ങൾക്ക് വേദിയാവുകയും ചെയ്തു. തുടർന്ന് അധികാരവികേന്ദ്രീകരണ പ്രക്രിയ കൂടുതൽ ശക്തിപ്പെടുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണം കാര്യക്ഷമമാക്കുന്നതിനും വി.ജെ.തങ്കപ്പൻ അദ്ധ്യക്ഷനായി കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. 2012-ൽ കൂട്ടി അഹമ്മദ് കുട്ടി ചെയർമാനായി ലോക്കൽ ഗവൺമെന്റ് കമ്മീഷൻ പ്രവർത്തനമാരംഭിച്ചു.നവകേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ജനകീയാസൂത്രണ പ്രക്രിയയുടെ രണ്ടാംഘട്ടത്തിന് സുശക്തമായ സഹായം നൽകുന്നതിനും അധികാരവികേന്ദ്രീകരണ പ്രക്രിയ സ്ഥാപനവൽക്കരിക്കുന്നതിനും ജനങ്ങൾക്ക ഏറ്റവും പ്രയോജനകരവും മാതൃകാപരവുമായ ഭരണരീതി തദ്ദേശസ്വയംഭരണ സംവിധാനത്തിൽ രൂപീകരിക്കുന്നതിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് വേണ്ടി 2016 ജൂലൈ 29-ാം തീയതി ഡോ.സി.പി.വിനോദ് ചെയർമാനായി പുതിയ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകരിച്ചു പ്രവർത്തിക്കുന്നു. പ്രാദേശിക സർക്കാരുകളുടെ ജനോപകാരപ്രദമായ പ്രവർത്തനം ശാക്തീകരിക്കുന്നതിനും കാര്യക്ഷമതയും സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുന്നതിനും അതനുസരിച്ച് നിലവിലുള്ള ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും അവലോകനം ചെയ്യേണ്ട മാറ്റങ്ങൾ അവതരിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള വിവിധ വിഭാഗങ്ങൾ സംയോജിതമായി പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് നല്കുന്നതും കമ്മീഷന്റെ ചുമതലയിൽപ്പെട്ടതാണ്. കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്തെ സ്വരാജ്ഭവനിലാണ്.

സംസ്ഥാന വികസന കൗൺസിൽ

സംസ്ഥാനത്ത് തദ്ദേശ വികസനത്തിനും മേഖലാതല വികസനത്തിനുമുള്ള നയം രൂപീകരിക്കുന്നതിനും ജില്ലാ പദ്ധതികളും സംസ്ഥാന പദ്ധതികളും ഏകോപിപ്പിക്കുന്നതിനും വേണ്ടി 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 55-ാം വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രബലപ്പെടുത്തുന്നതിനാവശ്യമായ നയം രൂപീകരിക്കുക, വികസന സംബന്ധമായി ജില്ലകൾ തമ്മിലുള്ള പൊതുപ്രശ്നങ്ങൾ കൈകാര്യം ചെയ്യുക തുടങ്ങിയ ചുമതലകളും കൗൺസിലിനുണ്ട്. മന്ത്രിസഭാംഗങ്ങളും സംസ്ഥാന നിയമസഭ പ്രതിപക്ഷ നേതാവും കൗൺസിലിന്റെ വൈസ് ചെയർമാന്മാരാണ്. സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ, ജില്ലാ ആസൂത്രണ സമിതി ചെയർമാന്മാർ, മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് മുനിസിപ്പൽ കൗൺസിൽ ചെയർമാന്മാർ, രണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ അംഗങ്ങളാണ്. സംസ്ഥാന ചീഫ് സെക്രട്ടറിയാണ് കൗൺസിലിന്റെ മെമ്പർ സെക്രട്ടറി. കൗൺസിൽ ആറുമാസത്തിലൊരിക്കലെങ്കിലും യോഗം ചേരണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ 1990-ൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ രൂപം നല്കിയ സ്വയംഭരണ സ്ഥാപനമാണ് 'കില'.കൊട്ടാരക്കര സ്റ്റേറ്റ് ഇന്റസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (SIRD), പാലക്കാട് അഗളിയിലെ മുൻ അഹാഡ്സ്-സി.സി.പി.ആർ.എം., സംസ്ഥാനത്തെ കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ എന്നിവിടങ്ങളിലെ വികസന പരിശീലന കേന്ദ്രങ്ങൾ (ഇ.ടി.സി.കൾ) എന്നിവ കിലയുമായി സംയോജിപ്പിച്ച് കിലയുടെ

പുതിയ റീജിയണൽ സെന്ററുകളായി പ്രവർത്തിച്ചു വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർക്കും സാമൂഹ്യപ്രവർത്തകർക്കും പരിശീലനം നല്കുന്നതിലൂടെ പ്രാദേശിക ഭരണസംവിധാനം ശാക്തീകരിക്കുകയാണ് 'കില'യുടെ മുഖ്യഉദ്ദേശ്യം. അധികാര വികേന്ദ്രീകരണവുമായും പ്രാദേശികാസൂത്രണവുമായും പൊതുഭരണവുമായും ബന്ധപ്പെട്ട പഠന-ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിനും നയരൂപീകരണത്തിനുമാവശ്യമായ വിദഗ്ധ ഉപദേശവും സഹായവും നല്കുകയും 'കില'യുടെ ഉത്തരവാദിത്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനുള്ള ഹെല്പ് ലൈൻ സംവിധാനവും 'കില'യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

അധികാരവികേന്ദ്രീകരണവും പ്രാദേശികാസൂത്രണവും സംബന്ധിച്ച പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ദേശീയവും അന്തർദേശീയവുമായ പ്രാധാന്യം കൈവരിക്കാനും ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിൽ പരിശീലനം നല്കുന്നതിനുള്ള ദക്ഷിണേന്ത്യയിലെ സുപ്രധാനമായ പരിശീലന സ്ഥാപനമായി മാറാനും 'കില'യ്ക്ക് കഴിഞ്ഞിട്ടുണ്ട്. ജില്ലാതലത്തിൽ വികേന്ദ്രീകൃതമായ പരിശീലന സംവിധാനം സൃഷ്ടിച്ചുകൊണ്ടാണ് സമയബന്ധിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിശീലനാവശ്യങ്ങൾ നിറവേറ്റുന്നത്.

ഗ്രാമവികസന പരിപാടികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അനുദ്യോഗസ്ഥന്മാരുടെയും പരിശീലനത്തിനുള്ള മുഖ്യസ്ഥാപനവുമാണ് കില. ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിലെ പ്രോജക്ട് ഡയറക്ടർ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർ, വകുപ്പിലെ സംസ്ഥാന/ജില്ലാതല ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്കും വിവിധ വകുപ്പുകളിലെ ജില്ലാ-ബ്ലോക്കുതല ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനവും കിലയുടെ കേന്ദ്രങ്ങളിൽ നല്കുന്നുണ്ട്. പഞ്ചായത്തീരാജ് സംവിധാനം, ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ, ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിര ആവാസ് യോജന, ലാബ് ടു ലാന്റ് ഇനിഷ്യേറ്റീവ്, പ്രാദേശിക സാമ്പത്തിക വികസനം, കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം, വിവരാവകാശ നിയമം 2005, നീർത്തട വികസനം, നിർമ്മൽ ഭാരത് അഭിയാൻ, രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (RGSA) തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നല്കുന്നു. കൂടാതെ ഗ്രാമവികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, പ്രാദേശിക ആസൂത്രണം, ജന്റർ, പരിസ്ഥിതി തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, പഠനങ്ങൾ എന്നിവയും കിലയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

അന്തർദേശീയ വികസന ഏജൻസിയായ യു.എൻ.ഡി.പി., എസ്.ഡി.സി., യൂനിസെഫ്, യു.എൻ. ഹാബിറ്റാറ്റ്, കോമൺവെൽത്ത് ലോക്കൽ ഗവണ്മെന്റ് ഫോറം, ലോകബാങ്ക് എന്നിവയുടെയും ദേശീയതലത്തിൽ ഹഡ്കോ, എൻ.ഐ.യു.എ. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം, കേന്ദ്ര നഗരവികസന മന്ത്രാലയം എന്നിവയുടെയും സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനും 'കില' പ്രവർത്തിച്ചുവരുന്നു. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം 'കില'യെ പ്രാദേശികാസൂത്രണത്തിന്റെയും പ്രാദേശിക ഭരണനിർവ്വഹണത്തിന്റെയും 'സെന്റർ ഓഫ് എക്സലൻസ്' ആയി അംഗീകരിച്ചിട്ടുണ്ട്.

കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ എന്നിവിടങ്ങളിലെ റീജിയണൽ സെന്ററുകളിൽ ബ്ലോക്കുകളിലെ വിവിധ വിഭാഗം എക്സ്റ്റൻഷൻ ഓഫീസർമാർക്കുള്ള പ്രീ-സർവീസ്/കണ്ടൻസ്ഡ്/റിഫ്രഷർ/ഓറിയന്റേഷൻ ട്രെയിനിംഗ് കോഴ്സുകൾ, മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള ഓറിയന്റേഷൻ കോഴ്സുകൾ, പഞ്ചായത്ത് പ്രസിഡന്റുമാർ, പഞ്ചായത്ത് മെമ്പർമാർ, മഹിളാസമാജം പ്രസിഡന്റുമാർ, പഞ്ചായത്തിലെ വനിതാ അംഗങ്ങൾ, ഗ്രൂപ്പ് സാമ്പത്തിക പരിപാടി കൺവീനർമാർ തുടങ്ങിയവർക്കുള്ള ഓറിയന്റേഷൻ പരിശീലനം, വില്ലേജ് ആർട്ടിസാൻ പരിശീലനം, ഡി.ഡബ്ല്യു.സി.ആർ.എ. പ്രവർത്തകർക്കും ബാലവാടി അദ്ധ്യാപികമാർക്കുമുള്ള പോഷകാഹാര പരിശീലനം തുടങ്ങിയവയും ഈ കേന്ദ്രങ്ങൾ നല്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് കൗൺസിലും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ഇന്റഗ്രേറ്റഡ് കിലയുടെ ഭരണപരവും നയപരവുമായ തീരുമാനമെടുക്കുന്നത്.

കുടുംബശ്രീ

ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി 1998-ൽ സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് രൂപം നൽകിയ നൂതന സംവിധാനമാണ് കുടുംബശ്രീ-സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ. ദാരിദ്ര്യ നിർമ്മാർജ്ജനം മുഖ്യ ചുമതലയായി ഏറ്റെടുത്തിട്ടുള്ള ഈ മിഷൻ അതിന്റെ പ്രവർത്തന പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെയാണ് നടപ്പാക്കുന്നത്. ഇരുപത് വർഷത്തിനുള്ളിൽ കുടുംബശ്രീയുടെ പ്രവർത്തനം ശക്തവും വിപുലവുമാകുകയും സാമ്പത്തിക-സാമൂഹ്യ-സ്ത്രീ ശാക്തീകരണം എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള സ്ത്രീകളുടെ കരുത്തുറ്റ സംഘടനാ സംവിധാനമായി നിലവിൽ വരികയും ചെയ്തു.

സംഘടനാ സംവിധാനം

ഓരോ പ്രദേശത്തെയും കുടുംബങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തിയായ ഓരോ സ്ത്രീയെ വീതം ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന 10 മുതൽ 20 വരെ അംഗങ്ങൾ ഉള്ള അയൽക്കൂട്ടങ്ങളാണ് സംഘടനാ സംവിധാനത്തിലെ അടിസ്ഥാന ഘടകം. ഈ അയൽക്കൂട്ടങ്ങളെ വാർഡ് തലത്തിൽ ഏര്യാ ഡവല്പമെന്റ് സൊസൈറ്റികളായും (എഡിഎസ്), നഗരസഭാ/പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി ഡവല്പമെന്റ് സൊസൈറ്റികളായും (സി.ഡി.എസ്.) ഫെഡറേറ്റ് ചെയ്തിരിക്കുന്നു. മൂന്നു തലത്തിലും

പ്രവർത്തിക്കുന്ന ഇത്തരം സംഘടനകളുടെ ഭാരവാഹിത്തം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ, എ.ഡി.എസ്സിന്റെ രക്ഷാധികാരി എന്ന നിലയിലും തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ കുടുംബശ്രീ സി.ഡി.എസ്. വിലയിരുത്തൽ സമിതിയുടെ അദ്ധ്യക്ഷൻ എന്ന നിലയിലും ഈ സാമൂഹ്യാധിഷ്ഠിത സംഘടനയ്ക്ക് നേതൃത്വം നൽകുന്നു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 43 ലക്ഷം കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. ഓരോ കുടുംബത്തിൽ നിന്നും ഓരോ വനിത ഉൾപ്പെടുന്ന 2.92 ലക്ഷം അയൽക്കൂട്ടങ്ങളും അവയെ ഏകോപിപ്പിച്ച് 19,489 ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റികളും 1065 കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റികളും ഉൾപ്പെടുന്ന കുടുംബശ്രീ സംഘടനാ സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരിക, മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ്ജെൻഡർ ജനവിഭാഗങ്ങൾ, വയോജനങ്ങൾ എന്നിവരുടെ പ്രത്യേക അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്.

പ്രധാന പദ്ധതികൾ

- **കുടുംബശ്രീ മൈക്രോ ഫിനാൻസ് :** കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ള അയൽക്കൂട്ടാംഗങ്ങൾ 4572 കോടി രൂപ നിക്ഷേപമായി സമാഹരിക്കുകയും 18,525 കോടി രൂപ അംഗങ്ങൾക്ക് ആന്തരിക വായ്പയായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- **ലിങ്കേജ് ബാങ്കിംഗ് :** ലഘുസമ്പാദ്യത്തെ മൂലധന നിക്ഷേപമാക്കി മാറ്റി അയൽക്കൂട്ടങ്ങളെ ലഘുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് പ്രേരിപ്പിക്കത്തക്ക വിധത്തിൽ ബാങ്ക് ലിങ്കേജ് പ്രോഗ്രാമിലൂടെ 13738 കോടി രൂപ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കി.
- **മൈക്രോ സംരംഭങ്ങൾ :** കുടുംബശ്രീ വനിതകൾക്ക് സ്വയംതൊഴിലിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സൂക്ഷ്മ സംരംഭങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ആർ.എം.ഇ/യുവശ്രീ പദ്ധതികളാണ് നിലവിലുള്ളത്. പലിശ സബ്സിഡിയും മറ്റു പല സാമ്പത്തിക സഹായങ്ങളും കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.
- **അമൃതം ഫുഡ് സപ്ലിമെന്റ് :** സംസ്ഥാനത്ത് 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ പോഷകക്കുറവ് പരിഹരിക്കുന്നതിനും അധിക പോഷകാഹാരം നൽകുന്നതിനും സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന റ്റി.എച്ച്.ആർ.എസ് പദ്ധതിയാണ് അമൃതം ഫുഡ് സപ്ലിമെന്റ്. ഇതിന്റെ ഭാഗമായി കുടുംബശ്രീയുടെ കീഴിലുള്ള ആറു മുതൽ പത്തു വരെ സംരംഭകർ അടങ്ങുന്ന 242 യൂണിറ്റുകൾ ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ് ഉല്പാദിപ്പിച്ച് അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്നു.
- **സാന്ത്വനം :** ആരോഗ്യ രംഗത്തെ കുടുംബശ്രീയുടെ ഭാവനാപൂർണ്ണമായ പദ്ധതിയാണ് സാന്ത്വനം. മാറിവരുന്ന ജീവിത ശൈലിയുടെ ഭാഗമായി ഉണ്ടാകുന്ന രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവ പരിശീലനം സിദ്ധിച്ച സാന്ത്വനം വോളന്റിയേഴ്സ് വീടുകൾ സന്ദർശിച്ച് യഥാസമയം പരിശോധിക്കുകയാണ് 'സാന്ത്വനം' എന്ന പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.
- **ഹർഷം :** ആരോഗ്യരംഗത്ത് വയോജന പരിപാലനത്തിന് പരിശീലനം സിദ്ധിച്ച എക്സികൃട്ടീവുകളുടെ സേവനം ലഭ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് ഹർഷം ജെറിയാടിക്ക് കെയർ പദ്ധതി. മുതിർന്ന തലമുറയ്ക്ക് ആവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന സംരംഭ ഗ്രൂപ്പുകളെ രൂപീകരിക്കുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.
- **ഹരിതകർമ്മസേന :** തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ തൊഴിൽ സംരംഭഗ്രൂപ്പുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിതകർമ്മസേന. കുടുംബശ്രീ മിഷൻ ഹരിതകേരളം മിഷനുമായും ശുചിത്വ മിഷനുമായും സംയോജിച്ച് കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 28000 ൽ പരം കുടുംബശ്രീ വനിതകൾ ഇതിനകം പരിശീലനം പൂർത്തീകരിച്ചു പ്രവർത്തനസജ്ജരായി.
- **പ്രത്യാശ :** സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങൾ ഉൾപ്പെടുന്ന അവിവാഹിതരായ അമ്മമാർ, ട്രാൻസ്ജെന്റേഴ്സ്, മാനസിക വൈകല്യം നേരിടുന്ന കുട്ടികൾ / അവരുടെ അമ്മമാർ, കിടപ്പ് രോഗികൾ / അവരുടെ സംരക്ഷകരായ സ്ത്രീകൾ, വൃദ്ധ വിധവകൾ തുടങ്ങിയവർക്ക് സൂക്ഷ്മ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി.
- **എറൈസ് :** സംസ്ഥാനത്ത് പ്രളയക്കെടുതികൾ മൂലം ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 50,000 പേർക്ക് പ്ലംബിംഗ്, ഇലക്ട്രോണിക്സ് റിപ്പയറിംഗ്, ഇലക്ട്രിക്കൽ ജോലികൾ, കൃഷി അനുബന്ധ ജോലികൾ (തെങ്ങുകയറ്റം/കാടുവെട്ടൽ), ലോൺട്രി & അയണിംഗ്, സെയിൽസ്, ഹൗസ് കീപ്പിംഗ്, ഡേ കെയർ, ഹൗസ് മെയ്ഡ്, ഡാറ്റ എൻട്രി എന്നീ 10 മേഖലകളിലായി സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനായി എറൈസ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്.

വിപണനത്തിനുള്ള നൂതന പദ്ധതികൾ

- **ഓൺലൈൻ മാർക്കറ്റിംഗ് :** കുടുംബശ്രീ വനിതാ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ലഭ്യമാക്കുന്നതിനു www.kudumbashreebazar.com എന്ന പേരിൽ ഒരു ഇ-കോമേഴ്സ് പോർട്ടൽ പ്രവർത്തിച്ചു വരുന്നു. കുടുംബശ്രീ ഉൽപന്നങ്ങൾ ആമസോണിലും വിപണനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്.

മാസചന്തകൾ, വിപണനമേളകൾ, സരസ് മേളകൾ, ഭക്ഷ്യ മേളകൾ, സംയോജിത വിപണന കേന്ദ്രങ്ങൾ, നാനോ

മാർക്കറ്റ്, മാർക്കറ്റിംഗ് കിയോസ്കുകൾ, കുടുംബശ്രീ ഔട്ട്ലെറ്റുകൾ എന്നിവയിലൂടെയും കുടുംബശ്രീ ഉൽപന്നങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. ഉൽപന്നങ്ങൾക്ക് പ്രത്യേകമായി വിപണന സാധ്യത ഒരുക്കുന്നതിനായി എല്ലാ ജില്ലകളിലും ഒരു കുടുംബശ്രീ ബസാർ എന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

അഗതി രഹിത കേരളം – അഗതി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി

സമ്പൂർണ്ണ ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം സാർത്ഥകമാക്കുന്നതിനും സർക്കാർ ഒരുക്കിയിരിക്കുന്ന പ്രത്യേക പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ് ഈ പദ്ധതി. വ്യക്തികളുടെ സമഗ്രമായ ഉന്നമനത്തിനും സുസ്ഥിരമായ വികസനത്തിനും അത്യന്താപേക്ഷിതമായ അതിജീവനം, അടിസ്ഥാന സൗകര്യം, മാനസികം, വികസനം എന്നീ നാല് തരത്തിലുള്ള ആവശ്യങ്ങൾ ഇതിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു. പദ്ധതി അംഗീകാരം ലഭിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിലാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

ബാലസഭ

കുട്ടികളുടെ പങ്കാളിത്താവകാശം ഉറപ്പാക്കി അവരുടെ സമഗ്ര വികസനം സാദ്ധ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കുടുംബശ്രീ രൂപം കൊടുത്ത കുട്ടികളുടെ സാമൂഹികാധിഷ്ഠിത ശൃംഖലയാണ് ബാലസഭകൾ. പൗരബോധമുള്ള പുതുതലമുറയെ സൃഷ്ടിക്കുകയാണ് ബാലസഭയുടെ ലക്ഷ്യം. നിലവിൽ 33,000 ബാലസഭകളിലായി 4,97,037 പേർ അംഗങ്ങളാണ്. ഭിന്നശേഷിക്കാർക്കായി 589 പ്രത്യേക ബാലസഭകളും പ്രവർത്തിക്കുന്നുണ്ട്.

ബഡ്സ് സ്ഥാപനങ്ങൾ (സ്കൂൾ/ബി.ആർസി)

ബൗദ്ധികമായ ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്രമമായ പരിചരണം, പരിശീലനം എന്നിവയിലൂടെ അവരെ സമൂഹത്തിൽ മാന്യതയോടു കൂടി ജീവിക്കുവാൻ പ്രാപ്തമാക്കുന്ന സ്ഥാപനങ്ങളാണ് ബഡ്സ്, ബിആർസി എന്നിവ. സംസ്ഥാനത്ത് നിലവിൽ 263 ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

ജെന്റർ

ചൂഷണങ്ങൾക്കും അതിക്രമത്തിനും ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും താൽക്കാലിക പുനരധിവാസം, മറ്റു പിന്തുണകൾ എന്നിവ നൽകുന്നതിനായി സ്നേഹിത ജെന്റർ ഹെൽപ് ഡെസ്ക്കുകൾ പ്രവർത്തിക്കുന്നു. സമൂഹത്തിൽ പൊതുവെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്ന ജെൻഡർ റിസോഴ്സ് സെന്ററുകൾ 467 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു. 75 ബ്ലോക്കുതല കമ്മ്യൂണിറ്റി കൗൺസിലിങ്ങ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഉപജീവന ദൗത്യം (എൻയുഎൽഎം), പ്രധാന മന്ത്രി ആവാസ് യോജന (നഗരം) എന്നിവ കുടുംബശ്രീയിലൂടെയാണ് നടപ്പാക്കി വരുന്നത്.

സംഘകൃഷി/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്

കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് സഹായകമാകുന്ന തരത്തിൽ തൊഴിൽ സാധ്യത ലക്ഷ്യം വച്ച് രൂപം നൽകിയ സംരംഭമാണ് സംഘകൃഷി/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്. കൃഷി ചെയ്യുവാൻ താത്പര്യമുള്ള ഭൂരഹിതരും കൃഷിഭൂമി ലഭ്യമല്ലാത്തവരുമായ അയൽക്കൂട്ട കുടുംബങ്ങൾക്ക് പാട്ടത്തിന് കൃഷി ചെയ്യാനുള്ള അവസരം ഉണ്ടാക്കുന്നതിനും തരിശുഭൂമിയുടെ അളവ് കുറയ്ക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംഘകൃഷി സഹായകമായിട്ടുണ്ട്. നിലവിൽ 3.1 ലക്ഷത്തിൽപരം സ്ത്രീ കർഷകർ 63,101 സംഘകൃഷി ഗ്രൂപ്പുകൾ വഴി 52,490 ഹെക്ടർ സ്ഥലത്തു കൃഷിയിറക്കി വരുന്നു. ജെഎൽജി ഉത്പന്നങ്ങൾക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനായി 133 ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകളും 186 ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

പ്ലാന്റ് നഴ്സറി

ഗുണമേന്മയുള്ള സസ്യതൈകൾ മിതമായ നിരക്കിൽ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നതിനായി ജൈവിക എന്ന പേരിൽ സംസ്ഥാനത്തുടനീളം പ്ലാന്റ് നഴ്സറികൾ സ്ഥാപിച്ചിട്ടുണ്ട്. പുതിയ പ്ലാന്റ് നഴ്സറികൾ ആരംഭിക്കുന്നതിനും നിലവിലുള്ള നഴ്സറികൾ വികസിപ്പിക്കുന്നതിനായും 50,000 രൂപ വീതം പലിശ രഹിത റിവോൾവിങ് ഫണ്ട് നൽകി വരുന്നു.

ജൈവ കൃഷി

പതിനായിരം ഹെക്ടറിൽ ഓർഗാനിക് (പിജിഎസ് -പാർട്ടിസിപ്പേറ്ററി ഗാരന്റീ സിസ്റ്റംസ്) സർട്ടിഫിക്കറ്റോടുകൂടി ജൈവകൃഷി ചെയ്ത് കാർഷിക ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 20000 കൃഷി സംഘങ്ങളെ (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) 201 ക്ലസ്റ്ററുകളിലാക്കി ജൈവകൃഷിയിൽ വ്യാപൃതരാക്കാനാണ് ലക്ഷ്യമിടുന്നത്. 3815 ഹെക്ടർ ഭൂമിയിൽ നിലവിൽ പൂർണമായും ജൈവ കൃഷി ചെയ്തു വരുന്നു. 1020 ലോക്കൽ ഗ്രൂപ്പുകളുടെ വിവരങ്ങൾ പി.ജി.എസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നെല്ല് ഉൽപാദന കൂട്ടായ്മകൾ

നെൽകൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയാണ് നെല്ല് ഉൽപ്പാദന കൂട്ടായ്മകൾ. നാളിതുവരെ 81 നെല്ല് ഉൽപ്പാദന കൂട്ടായ്മകൾ രൂപീകരിച്ചിട്ടുണ്ട്. ഉൽപാദക കൂട്ടായ്മകൾക്ക് നെല്ല് ശേഖരണം, സംസ്കരണം, ബ്രാൻഡിംഗ് എന്നീ

ചെലവുകൾക്കായി സംഭരിക്കാൻ ഉദ്ദേശിക്കുന്ന നെല്ലിന്റെ 80%ന് സപ്ലൈകോയുടെ നെല്ല് സംഭരണ നിരക്കിൽ പാഡി കളക്ഷീവ്സ് ഫണ്ട് (പരമാവധി 2 ലക്ഷം രൂപ വരെ) അനുവദിക്കാനാവുന്നതാണ്.

മൃഗസംരക്ഷണ മേഖല

സംസ്ഥാനത്തൊട്ടാകെ മൃഗസംരക്ഷണ മേഖലയിൽ കേരള ചിക്കൻ (ബ്രോയിലർ ചിക്കൻ ഉല്പാദന വിപണന പദ്ധതി) ABC (തെരുവ് നായ്ക്കളിലെ വന്ധ്യംകരണ പദ്ധതി), ആടുഗ്രാമം, ക്ഷീരസാഗരം, ജനോവ - മുട്ട ശേഖരണ വിപണന പദ്ധതി, കാട വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികവർഗ്ഗ/ജാതി മേഖല

പൊതു സമൂഹത്തിലെ സ്ത്രീകളെക്കാൾ കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന പട്ടികവർഗ്ഗ/ജാതി വിഭാഗങ്ങളെ കുടുംബശ്രീയുടെ കുടക്കീഴിൽ അണിനിരത്തുക എന്നത് കുടുംബശ്രീയുടെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിനായി എഡിഎസ്/സിഡിഎസ് സംവിധാനങ്ങളിൽ പട്ടികവർഗ്ഗ/ജാതിക്കാരുടെ ആനുപാതിക പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ നിയമാവലിയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടിയുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക, പട്ടികവർഗ്ഗ കുടുംബങ്ങളിൽ സമ്പാദ്യ-വായ്പാ ശീലം ഉണ്ടാക്കുക, എ.ഡി.എസ് തലം വരെ പ്രത്യേക സംഘടനാ സംവിധാനം ഉണ്ടാക്കുക, പട്ടികവർഗ്ഗ കുട്ടികളെ മുഴുവനും സ്കൂളിലെത്തിക്കുക, കുട്ടികളിലും കൗമാരപ്രായക്കാരിലും പ്രായമായവരിലുമുള്ള പോഷകാഹാര നിലവാരം ഉയർത്തുക. എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ സജീവമായി പങ്കെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുക, ആശ്രയ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട സഹായം നൽകുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. 6978 അയൽക്കൂട്ടങ്ങളിലായി 124904 കുടുംബങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ അണിനിരത്താൻ കഴിഞ്ഞിട്ടുണ്ട്.

കൺസോർഷ്യം – സംഘടിച്ചു ശക്തരാകാൻ സംരംഭക കൂട്ടായ്മകൾ

ഒരേ തരത്തിലുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന വിവിധ യൂണിറ്റുകളിലെ സംരംഭകർ ചേർന്ന് രൂപീകരിക്കുന്ന കൂട്ടായ്മയാണ് കൺസോർഷ്യം - 1. അമൃതം 2. ഉന്നതി 3. കാദംബരി

- **കഫേ കുടുംബശ്രീ:** അതിഥി സൽക്കാരമേഖലയിൽ സമഗ്രമായ മാറ്റം സൃഷ്ടിച്ചുകൊണ്ടുള്ള കുടുംബശ്രീയുടെ ഉപബ്രാന്റാണ് കഫേ കുടുംബശ്രീ - പരമ്പരാഗതമായ രുചികൂട്ടുകൾ കേരളത്തനിമയോടുകൂടി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നു.
- **കുടുംബശ്രീ ടാവൽസ്:** കുടുംബശ്രീ വനിതകൾ നടത്തുന്ന ടാക്സി സർവ്വീസ്.
- **വനിത കെട്ടിട നിർമ്മാണ ഗ്രൂപ്പ് –** കെട്ടിട നിർമ്മാണ മേഖലയിലെ സ്ത്രീ സാന്നിദ്ധ്യം.
- **എൻ.ആർ. ഒ –** കുടുംബശ്രീ മാതൃകയിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി ദേശീയ ഉപജീവന മിഷൻ കുടുംബശ്രീയെ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിച്ചു.

ഇൻഫർമേഷൻ കേരള മിഷൻ

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 1999 ജൂണിൽ ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിച്ചു. ഇ-ഗവേണൻസ് മേഖലയിൽ ചുവടുറപ്പിച്ച് മുന്നേറുന്ന ഇൻഫർമേഷൻ കേരള മിഷൻ 1955ലെ 12-ാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ 2014 ഫെബ്രുവരി 10 മുതൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ എന്നിവ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുക, വിവിധ തലങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ച് ഇ-ഗവേണൻസ് നടപ്പാക്കുക തുടങ്ങിയവയാണ് മിഷനിൽ നിക്ഷിപ്തമായ പ്രധാന പ്രവർത്തനങ്ങൾ. ഇതിന്റെ ഭാഗമായി വിവിധതലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്നതിനുള്ള സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുകയും മുൻകാലരേഖകൾ കമ്പ്യൂട്ടർവൽക്കരണത്തിന് സജ്ജമാക്കുകയും ജീവനക്കാരെ ഈ മേഖലകളിൽ പരിശീലിപ്പിക്കുകയും ചെയ്യുന്നു. നിലവിൽ വെബ് അധിഷ്ഠിത സേവനങ്ങൾക്കും എം-ഗവേണൻസിനും പ്രാധാന്യം നൽകിക്കൊണ്ടാണ് ഇ-ഗവേണൻസ് നടപ്പിലാക്കി വരുന്നത്. 1200 തദ്ദേശഭരണസ്ഥാപനങ്ങളിൽ KSWAN/VPN കണക്ടിവിറ്റി സ്ഥാപിക്കുകവഴി പൊതുജനങ്ങൾക്കും, തദ്ദേശഭരണസ്ഥാപനങ്ങളിലെ ജീവനക്കാർക്കും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ വെബ് അധിഷ്ഠിത സേവനങ്ങളിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും സംശയനിവാരണത്തിനും, സാങ്കേതിക സഹായത്തിനുമായി ഹെൽപ്പ് ഡസ്ക്ക് സംവിധാനവും പ്രവർത്തിക്കുന്നുണ്ട്. (ഫോൺ: 0471-2773160)

ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ്വെയറുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് പഞ്ചായത്ത്രാജ്/മുനിസിപ്പാലിറ്റി നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധ അധികാരവികേന്ദ്രീകരണ നിയമങ്ങൾ, ചട്ടങ്ങൾ, ജനന- മരണ - ഹിന്ദു വിവാഹ/പൊതുവിവാഹ രജിസ്ട്രേഷൻ നിയമങ്ങൾ, ചട്ടങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അതിലെ ഉദ്യോഗസ്ഥന്മാർക്കും ബാധകമായ മറ്റു നിയമങ്ങൾ, ചട്ടങ്ങൾ തുടങ്ങിയവയ്ക്ക് അനുസൃതമായി ഇൻഫർമേഷൻ കേരള മിഷൻ വിവിധ സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചിട്ടുണ്ട്. ഇന്ന് സംസ്ഥാനത്ത് ഏറ്റവും വലിയ ഡേറ്റാബേസുള്ള പ്രോജക്ടാണ് ഐ.കെ.എം. വിവിധ

സോഫ്റ്റ്വെയറുകളും അവയുടെ പ്രവർത്തന മേഖലയും താഴെക്കൊടുക്കുന്നു.

- **സുലേഖ –** പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങൾ ഓൺലൈനായി നടപ്പാക്കുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ.
- **സേവന (സിവിൽ രജിസ്ട്രേഷൻ) –** ഓൺലൈൻ സംവിധാനത്തിലൂടെ ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുള്ള പാക്കേജ്.
- **സേവന (പെൻഷൻ) –** സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം ഇലക്ട്രോണിക് മണിയോർഡർ സംവിധാനത്തിലൂടെയും DBT (Direct Beneficiary Transfer) മുഖേന ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടിലൂടെയും നിർവഹിക്കുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ.
- **സഞ്ചയ –** ഇ-പേയ്മെന്റ്, എസ്.എം.എസ് തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തി റവന്യൂ കൈകാര്യം ചെയ്യുന്നതിനുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ.
- **സാംഖ്യ –** അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ.
- **സ്ഥാപന –** ജീവനക്കാരുടെ സേവന-വേതന/പി എഫ് വിശദാംശങ്ങൾ.
- **സൂചിക -** ഫ്രണ്ട് ഓഫീസ് സംവിധാനം വഴി ലഭ്യമാകുന്നതും ഓഫീസിനകത്ത് തീർപ്പ് കൽപ്പിക്കുന്നതുമായ ഫയലുകളുടെ നീക്കം രേഖപ്പെടുത്തുന്നതിനും ടച്ച് സ്ക്രീൻ സംവിധാനത്തിലൂടെ ഫയലുകളുടെ നിജസ്ഥിതി പൊതുജനങ്ങൾക്ക് അറിയുന്നതിനുമുള്ള ആപ്ലിക്കേഷൻ.
- **സങ്കേതം –** ആർക്കിടെക്ച്ചർ രജിസ്ട്രേഷനും കെട്ടിട പെർമിറ്റിനും വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് സംവിധാനം, ഇലക്ട്രോണിക് രൂപത്തിൽ കെട്ടിട പെർമിറ്റ്/പൂർത്തീകരണ സർട്ടിഫിക്കറ്റ്/ ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകൽ, ഫയലിന്റെ നിജസ്ഥിതി, പെർമിറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. (എം. ഗവേണൻസ്) മുഖേന അറിയിക്കുന്നതിനുള്ള സംവിധാനം എന്നിവ ഉൾപ്പെട്ട വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ.
- **സംവേദിത:** തദ്ദേശഭരണസ്ഥാപനങ്ങളുടെ വെബ്സൈറ്റ് ലഭ്യമാക്കുന്നതിനുള്ള പാക്കേജ്.
- **സകർമ്മ –** കൗൺസിൽ/കമ്മിറ്റികളുടെ കാര്യപരിപാടികൾ, തീരുമാനങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനും യോഗ തീയതി, സമയം എന്നിവ എസ്എംഎസ് ആയും ഇ-മെയിലായും അറിയിക്കുന്നതിനും മിനിറ്റ്സിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാവർക്കും ഓൺലൈനായി നൽകുന്നതിനുമുള്ള സംവിധാനം.
- **സഞ്ചിത –** പഞ്ചായത്ത് രാജ്-മുൻസിപ്പൽ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയടങ്ങിയ ഇലക്ട്രോണിക് വിജ്ഞാന കോശം.
- **സചിത്ര (അസറ്റ്) –** തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസ്തി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ.
- **സചിത്ര(ജി.ഐ.എസ്) –** തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭൂപടങ്ങൾ, വാർഡ് മാപ്പുകൾ എന്നിവയടങ്ങിയ ഭൂപടവ്യൂഹം തയ്യാറാക്കുന്നതിനുള്ള ആപ്ലിക്കേഷൻ.
- **സഹായ (ഓട്ടോമാറ്റിക് സ്കൂൾ ഹാജർ സംവിധാനം) –** സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനവിവരങ്ങളും പ്രോഗ്രസ്സ് റിപ്പോർട്ടുകളും ഹാജർ നിലയും യഥാസമയം മാതാപിതാക്കൾക്ക് വെബ്സൈറ്റിലൂടെ തെരയുന്നതിനും വിവരങ്ങൾ എസ്എംഎസ്/ഇ-മെയിലിലൂടെ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം.
- **സമഗ്ര –** വ്യത്യസ്തയിനം ആപ്ലിക്കേഷനുകൾ ഒരൊറ്റ വിൻഡോയിൽ ലഭ്യമാക്കി , സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

ഇ-ഗവേണൻസിനായി രൂപകൽപന ചെയ്ത് നടപ്പിലാക്കിയ സംവിധാനങ്ങൾ

- **ഹോസ്പിറ്റൽ കിയോസ്ക് :** ആശുപത്രികൾ മുഖേനയുള്ള ജനന-മരണങ്ങളുടെ തത്സമയ രജിസ്ട്രേഷൻ സംവിധാനം.
- **ജനസേവനകേന്ദ്രങ്ങൾ :** പൊതുജനങ്ങൾക്കാവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പണമിടപാടുകൾ നടത്തുന്നതിനുമുള്ള ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർവൽക്കൃത കൗണ്ടർ സംവിധാനം.
- **Enterprise Resource Plan Solution :** ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള ഓരോ ആപ്ലിക്കേഷനുകളും സ്വന്തം അസ്തിത്വത്തിലാണ് നിലകൊള്ളുന്നത്. ഇങ്ങനെ വ്യത്യസ്തമായ അസ്തിത്വമുള്ള വിവിധ സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിൽ ഐ.കെ.എം വികസിപ്പിച്ചു കൊണ്ടിരിക്കുന്ന സോഫ്റ്റ്വെയർ ആപ്ലിക്കേഷനാണ് ERP Solution.
- **ഇ-ടിക്കറ്റിംഗ് :** സിനിമ തീയേറ്ററുകളിൽ നിന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള വിനോദ നികുതി കൈകാര്യം ചെയ്യുന്നതിനായി തയ്യാറാക്കിയ സോഫ്റ്റ്വെയറാണ് ഇ-ടിക്കറ്റിംഗ്. 'ഈ സിനി ടിക്കറ്റിംഗ് പ്ലാറ്റ്ഫോം' (e-Cine Ticketing Platform') പദ്ധതി കേരളത്തിലെ മുഴുവൻ തീയേറ്ററുകളിലും നടപ്പാക്കുകയെന്നതാണ് ലക്ഷ്യമാക്കുന്നത്.
- **നവീകരിച്ച LSGD പോർട്ടൽ :** തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റ് Content Management (Open Source) സാങ്കേതികവിദ്യ ഉപയോഗിച്ച് പരിഷ്കരിച്ച് കൂടുതൽ ആകർഷകവും, വിപുലമായ വിവരങ്ങളും സേവനങ്ങളും അടങ്ങിയിട്ടുള്ളതും സംവേദനക്ഷമതയുള്ളതുമായ രീതിയിൽ അവതരിപ്പിക്കുന്നു.
- **ശുചിത്വ ജാഗ്രതാ പോർട്ടൽ :** തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓരോ വാർഡിലും നടത്തുന്ന സർവ്വേയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന പോർട്ടൽ.

- **റിബിൽഡ് കേരള ആപ്ലിക്കേഷൻ:** കേരളത്തിൽ സംഭവിച്ച പേമാരിയും മണ്ണിടിച്ചിലും കാരണം വീടും/ഭൂമിയും നഷ്ടപ്പെട്ടതിന്റെയും വീടുകൾക്ക് സംഭവിച്ച നാശനഷ്ടത്തിന്റെയും ആധികാരികമായ കണക്കുകൾ ശേഖരിക്കാനായി രൂപപ്പെടുത്തിയിരിക്കുന്ന ആപ്ലിക്കേഷൻ. (https://rebuild.lsgkerala.)
- **ഓഡിറ്റ് ആപ്ലിക്കേഷൻ:** 2017-18 ലെ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളുടെയും വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനും വിവരശേഖരണം, പരിശോധന എന്നിവ ഇ-ഗവേണൻസ് സംവിധാനത്തിലൂടെ സുഗമമായി ചെയ്യുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ സംവിധാനം.
- **യു.എൽ.ബി ട്രാൻസ്ഫർ :** നഗരസഭ ജീവനക്കാരുടെ സ്ഥലംമാറ്റം സുതാര്യമാക്കുന്നതിനുവേണ്ടിയും വേഗതയാക്കുന്നതിനും വേണ്ടി എ.കെ.എം തയ്യാറാക്കിയിട്ടുള്ള വെബ് ആപ്ലിക്കേഷൻ.

വെബ് അധിഷ്ഠിത ഓൺലൈൻ സർവ്വീസുകൾ

തദ്ദേശസ്വയംഭരണ വകുപ്പ് പോർട്ടൽ	:	www.lsgkerala.gov.in
ഇൻഫർമേഷൻ കേരള മിഷൻ	:	www.ikm.gov.in
ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ	:	www.cr.lsgkerala.gov.in
വസ്തു നികുതികളുടെ ഇ-പേയ്മെന്റ്	:	www.tax.lsgkerala.gov.in
പദ്ധതി നിർവ്വഹണം	:	www.plan.lsgkerala.gov.in
അക്രൂവൽ അധിഷ്ഠിത ഡബിൾ എൻട്രി അക്കൗണ്ടിംഗ്	:	www.finance.lsgkerala.gov.in
സാമൂഹ്യസുരക്ഷാ പെൻഷൻ	:	www.welfarepension.lsgkerala.gov.in
ഫയൽ ട്രാക്കിംഗ്	:	www.filetracking.lsgkerala.gov.in
സർക്കാർ ഉത്തരവുകൾ	:	www.go.lsgkerala.gov.in
ടെൻഡർ നോട്ടിഫിക്കേഷൻ	:	www.tender.lsgkerala.gov.in
പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്	:	www.kpepf.lsgkerala.gov.in
മുൻസിപ്പിൽ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്	:	www.kmpecpf.lsgkerala.gov.in
ജി.ഐ.എസ്സ് മാപ്പുകൾ	:	www.gis.lsgkerala.gov.in
കെട്ടിട നിർമ്മാണ പെർമിറ്റുകൾ	:	www.buildingpermit.lsgkerala.gov.in
വസ്തു നികുതി നിർണ്ണയം	:	www.sanchaya.lsgkerala.gov.in
യോഗതീരുമാനങ്ങൾ (സകർമ്മ)	:	www.meeting.lsgkerala.gov.in
ഡി&ഒ ലൈസൻസ്	:	www.revenue.lsgkerala.gov.in
നഗരസഭ ജീവനക്കാരുടെ സ്ഥലം മാറ്റം	:	www.hr.lsgkerala.gov.in
ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ	:	www.apps.lsgkerala.gov.in/sthapana
കോർഡിനേഷൻ സമിതി മീറ്റിംഗ് മാനേജ്മെന്റ്	:	www.ccmeeting.lsgkerala.gov.in
റീബിൽഡ് സർവ്വേ	:	www.rebuild.lsgkerala.gov.in
ലൈഫ് എം.ഐ.എസ്	:	www.lifemissionmis.lsgkerala.gov.in
സിനിമ ടിക്കറ്റിംഗ്	:	www.keralafilms.gov.in

ശുചിത്വ മിഷൻ

മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യ നടപ്പിലാക്കുന്നതിനാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. സുരക്ഷിത മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനം, ഖര-ദ്രവമാലിന്യ പരിപാലനം, കടിവെളളശുചിത്വം, വ്യക്തിഗത - സാമൂഹ്യ-സ്ഥാപന ശുചിത്വം, പരിസര ശുചിത്വം ഇവയിൽ പൂർണ്ണ നേട്ടം കൈവരിക്കുക എന്നതാണ് ശുചിത്വമിഷന്റെ ഉദ്ദേശ്യം. ഇതിനായി താഴെപ്പറയുന്ന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് മിഷൻ നടപ്പിലാക്കിവരുന്നത്.

- ശുചിത്വ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിദഗ്ധ ഉപദേശം നൽകൽ
- ഖരദ്രവ മാലിന്യസംസ്ക്കരണ ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരം നൽകൽ
- നഗര ഗ്രാമ പ്രദേശങ്ങളിലെ ശുചിത്വ പ്രോജക്ടുകൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും മാനദണ്ഡങ്ങൾക്കനുസൃതമായി സാമ്പത്തിക വിഹിതം നൽകൽ
- ശുചിത്വമേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളും വകുപ്പുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കൽ
- ശുചിത്വ പ്രോജക്ടുകളുടെ വിലയിരുത്തലും പഠനവും റിപ്പോർട്ടിംഗും
- വിപുലമായ വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങളിലൂടെ ശുചിത്വബോധം സൃഷ്ടിച്ചുകൊണ്ട് ആരോഗ്യകരമായ പരിസരം വീടുകളിലും തൊഴിലിടങ്ങളിലും പൊതുയിടങ്ങളിലും ഉറപ്പുവരുത്തി കേരളത്തിന്റെ പരിസ്ഥിതി മെച്ചപ്പെടുത്തുക, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അവയുടെ അനിവാര്യ ചുമതലയിൽപ്പെട്ട ശുചിത്വ പരിപാലനത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കി അവ വേഗത്തിൽ നടപ്പിൽവരുത്തി കേരളത്തെ മാലിന്യമുക്ത

സംസ്ഥാനമായി മാറ്റിയെടുക്കുന്നതിന് സഹായിക്കുക എന്നതുമാണ് ശുചിത്വമിഷന്റെ കർത്തവ്യം. ഈ ലക്ഷ്യങ്ങൾവെച്ചുകൊണ്ട് ശുചിത്വ മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) 2. സ്വച്ഛ്ഭാരത് മിഷൻ (അർബൻ) 3. ശുചിത്വകേരളം-ഖര-ദ്രവ-മാലിന്യ പരിപാലനം (നഗരം & ഗ്രാമം) 4. കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ് (സാനിട്ടേഷൻ).

സംസ്ഥാനത്ത് ഗ്രീൻ പ്രോട്ടോക്കോൾ, സ്വാപ്പ് ഷോപ്പുകൾ, സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്, കളക്ഷ്ലെസ് @ സ്കൂൾ എന്നീ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനും ശുചിത്വമിഷൻ തുടക്കം കുറിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി

പി.എം.ജി.എസ്.വൈയുടെ സംസ്ഥാനതല നിർവ്വഹണ ചുമതലയുള്ളത് സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസിക്കാണ്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഉപാദ്ധ്യക്ഷനും ഗ്രാമവികസന കമ്മീഷണർ മെമ്പർ സെക്രട്ടറിയുമാണ്. 14 ജില്ലകളിലും ജില്ലാ പഞ്ചായത്തിലെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന്റെ ഭാഗമായി എക്സിക്യൂട്ടീവ് എൻജിനീയർ അദ്ധ്യക്ഷനായുള്ള ജില്ലാതല പദ്ധതി നിർവ്വഹണ യൂണിറ്റുകളും ഇതിനോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

ഈ പദ്ധതി അനുസരിച്ച് ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടത് എം.പിമാർ, എം.എൽ.എമാർ എന്നിവർ പങ്കെടുക്കുന്ന ജില്ലാ പഞ്ചായത്തിന്റെ യോഗത്തിൽ വെച്ചാണ്. ഈ പട്ടിക ഗ്രാമീണ റോഡ് വികസന ഏജൻസിക്ക് സമർപ്പിക്കുന്നു. ഇത് ക്രോഡീകരിച്ച് ചീഫ് സെക്രട്ടറി ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിങ് കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഓരോ പാക്കേജിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമീണ റോഡ് വികസന ഏജൻസിയിലെ ചീഫ് ടെക്നിക്കൽ ഓഫീസറുടെ അംഗീകാരത്തോടെ പരിശോധനയ്ക്കായി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിക്ക് സമർപ്പിക്കുന്നു. തിരുവനന്തപുരം എൻജിനിയറിംഗ് കോളേജും കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുമാണ് സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയായി കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിക്കുന്നു. കേന്ദ്രാനുമതി ലഭിച്ചു കഴിഞ്ഞാൽ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയോടെ ഗ്രാമീണ റോഡ് വികസന ഏജൻസിയിലെ ചീഫ് ടെക്നിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഇ-ടെൻഡർ ചെയ്താണ് പദ്ധതി നടപ്പിലാക്കുന്നത്.

തദ്ദേശമിത്രം–കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

2011-ൽ ആരംഭിച്ച തദ്ദേശമിത്രം പദ്ധതിയുടെ ആദ്യഘട്ടം 2017 ഡിസംബർ മാസം അവസാനിക്കുമ്പോൾ പെർഫോമൻസ് ഗ്രാന്റ് ഇനത്തിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1490.91 കോടി രൂപ സേവനം മെച്ചപ്പെടുത്തുന്നതിലേക്കുള്ള ആസ്തി വികസനത്തിനായി നൽകുകയുണ്ടായി. 2018 മാർച്ച് മാസം 31 വരെ 44000 ത്തിൽപരം വലുതും ചെറുതുമായ ജനസേവനോപകാരപ്രദമായ വിവിധ ഉപപദ്ധതികൾ (മാലിന്യസംസ്കരണ യൂണിറ്റുകൾ, ആധുനികരീതിയിലുള്ള ശ്മശാനങ്ങൾ, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, ആധുനികരീതിയിലുള്ള അറവുശാലകൾ, ബഡ്സ് സ്കൂളുകൾ തുടങ്ങിയവ) നടപ്പിലാക്കുന്നതിലേക്കായി 1459.70 കോടി രൂപ (97.01%) വിനിയോഗിച്ചു. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങളും മനുഷ്യവിഭവശേഷിയും മെച്ചപ്പെടുത്തുക വഴി സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുവാൻ സാധിച്ചു. തൽഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗിലും ഓഡിറ്റിലും കൃത്യത കൈവരിക്കാൻ സാധ്യമായി. കെ.എൽ.ജി.എസ്.ഡി.പി. പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു സപ്പോർട്ട് യൂണിറ്റ് ആയി പ്രവർത്തിക്കുവാനും ലോകബാങ്കിന്റെ ഉന്നത റേറ്റിങ്ങിൽ ഉൾപ്പെടുത്തുവാനും സാധിച്ചു.

ഒന്നാംഘട്ട പദ്ധതി ഉന്നത ഉണനിലവാരത്തിൽ സമയബന്ധിതമായി പൂർത്തിയാക്കിയതിന്റെ ഫലമായി 300 മില്യൺ യുഎസ് ഡോളറിന്റെ രണ്ടാം ഘട്ടം കേന്ദ്ര സർക്കാരും ലോക ബാങ്കും അംഗീകരിച്ചു. കേരള സ്റ്റേറ്റ് അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന പേരിൽ 2020 മുതൽ 2025 വരെ 2785.7 കോടിരൂപയുടെ (1950 കോടി രൂപ ലോകബാങ്ക് വിഹിതവും 835.7 കോടിരൂപ സംസ്ഥാനസർക്കാർ വിഹിതവും) പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്കായി 28 കോടി രൂപ ലോക ബാങ്ക് അനുവദിച്ചിട്ടുണ്ട്.

ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

സംസ്ഥാനത്ത് ദ്രുതഗതിയിൽ നടക്കുന്ന നഗരവൽക്കരണത്തിന്റെ ഫലമായി മാലിന്യങ്ങളുടെ അളവിൽ വന്നിട്ടുള്ള ക്രമാതീതമായ വർദ്ധനവ് മൂലം അവയുടെ ശേഖരണം, സംസ്കരണം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താങ്ങാവുന്നതിലേറെയാണ്. അതിനു ഫലപ്രദമായി ഇടപെടലുകൾ നടത്തി പരിഹാരം കാണുന്നതിനുവേണ്ടി ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം 1956-ലെ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി 2013 -ൽ രജിസ്റ്റർ ചെയ്ത തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായി എട്ടംഗ ഡയറക്ടർ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങളിൽ പ്രധാനമായും അജൈവമാലിന്യങ്ങളായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെയും ഇല ക്ട്രോണിക് മാലിന്യങ്ങളുടെയും ശേഖരണവും പുനഃചംക്രമണവും നടപ്പിലാക്കുന്ന പദ്ധതികളാണ് ഏറ്റെടുത്തത്. തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ തദ്ദേശ സ്ഥാപനങ്ങൾ വഴി ശേഖരിച്ച പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്ത് ഉപയോഗിച്ചിട്ടുണ്ട് നാളിതുവരെയായി 901.44 മെട്രിക് ടൺ ഷ്രഡഡ് പ്ലാസ്റ്റിക് ഉൽപ്പാദിപ്പിക്കുകയും 630.12 മെട്രിക് ടൺ റോഡ് നിർമ്മാണത്തിന് വിതരണം ചെയ്തിട്ടുമുണ്ട്. മാലിന്യസംസ്കരണ പ്രോ ജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് കമ്പനിക്ക് അനുമതി നൽകി യിട്ടുണ്ട്. ഇതുവരെ 165 തദ്ദേശസ്ഥാപനങ്ങളുമായി കമ്പനി കരാറിൽ ഏർപ്പെടുകയും 133 സ്ഥാപനങ്ങളിൽ മെഷിനറികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 1460 ടണ്ണിൽ അധികം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുവാ നും കൂടാതെ മൂല്യവർദ്ധിത സേവനമെന്ന നിലയിൽ ആപൽക്കരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ്ലൈറ്റുകൾ, സിഎ ഫ്എൽ, പ്രിന്റർ കാർട്ടിജുകൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിലെ അജൈവമാലിന്യ ശേഖരണം, സംസ്ക്കരണം എന്നീ ചുമതലകൾ സർക്കാർ കമ്പനിയെ ഏൽപ്പിച്ചിരുന്നു. പതിനായിരം ടൺ മാലിന്യമാണ് പ്രളയബാധിത പ്രദേശങ്ങളിൽ നിന്നും ശേഖരിച്ചിട്ടുള്ളത്. ഇ-മാലിന്യ പുനഃചംക്രമണ കേന്ദ്രങ്ങൾ സ്ഥാ പിക്കുന്നതിനും ഗ്ലാസ്, ചില്ലുകുപ്പികൾ എന്നിവയുടെ ശേഖരണത്തിനും സംസ്കരണത്തിനും ഉകൽ ഉല്പന്നങ്ങളും ബാഗുകളും റബ്ബർടയറുകളും സംസ്കരിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് കമ്പനി. കമ്പനിയുടെ ആസ്ഥാനം തിരുവനന്തപുരം മുനിസിപ്പൽ ഗസ്റ്റ്ഹൗസ് ബിൽഡിംഗിലാണ്.

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് വായ്പാ ധനസഹായം നൽകുന്ന കേരള സർക്കാർ സ്ഥാപനമാണ് കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് വായ്പാ ധനസഹായം നൽകുക എന്നതാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തന ലക്ഷ്യം. സാ മ്പത്തിക ഭദ്രതയുള്ള പദ്ധതികൾക്ക് അടങ്കൽ തുകയുടെ 90% വരെ വായ്പ അനുവദിക്കുന്നതാണ്. കൂടാതെ പദ്ധതി ആവിഷ്ക രിക്കുന്നതിനും നടപ്പാക്കുന്നതിനും സാങ്കേതികവും അല്ലാത്തതുമായ സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുക എന്നിവയും പ്രവർത്തന ലക്ഷ്യങ്ങളാണ്. സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പ്രോജക്ടിന് ഹഡ്കോയിൽ നിന്നും 4000 കോടി രൂപ വായ്പ ലഭ്യമാക്കി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഭവന വായ്പയായി വിതരണം ചെയ്യുന്ന പദ്ധതി 2018 മുതൽ നടപ്പാക്കുന്നു. കോർപ്പ റേഷന്റെ നിയന്ത്രണം 8 അംഗങ്ങളുള്ള ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്. കോർപ്പറേഷന്റെ ഹെഡ് ആഫീസും രജി സ്ട്രേഡ് ആഫീസും തിരുവനന്തപുരത്ത് വഴുതയ്ക്കാട് ട്രാൻസ് ടവറിൽ പ്രവർത്തിച്ചു വരുന്നു. മേഖലാ ആഫീസ് കോഴിക്കോട് പ്രവർത്തിക്കുന്നു.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി

ഗ്രാമീണമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ 1986-ൽ തിരുവ നന്തപുരം ആസ്ഥാനമായി ആരംഭിച്ച സ്ഥാപനമാണ് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി. സൊസൈറ്റിയുടെ ദൈനംദിന ഭരണം നിയന്ത്രിക്കുന്നത് 15 അംഗങ്ങൾ ഉൾപ്പെട്ട ഡയറക്ടർ ബോർഡാണ്. സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന ചെയർമാൻ, വൈസ് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ജില്ലകളിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും ജനറൽ കൗൺസിലിൽ തെരഞ്ഞെടുക്കുന്ന ഏഴുപേർ, ഒരു വ്യക്തിഗത അംഗം, സർക്കാർ നാമനിർദ്ദേശം ചെ യ്യുന്ന 4 പേർ തുടങ്ങിയവർ ഉൾപ്പെട്ടതാണ് ഡയറക്ടർ ബോർഡ്. പഞ്ചായത്ത് ഡയറക്ടറാണ് സൊസൈറ്റിയുടെ മാനേജിംഗ് ഡയറക്ടർ. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ കേഡറിലുള്ള ഉദ്യോഗസ്ഥനാണ് സൊസൈറ്റിയുടെ സെക്രട്ടറി. ഓരോ ജില്ലയിൽ നിന്നും രണ്ട് എന്ന ക്രമത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 28 പേർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 11 പേർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ തുടങ്ങിയവർ ഉൾപ്പെട്ട ജനറൽ കൗൺസിലാണ് സൊ സൈറ്റിയുടെ പൊതുവായ പ്രവർത്തനം നിയന്ത്രിക്കുന്നത്.

ഗ്രാമലക്ഷ്മി മുദ്രാലയം എന്ന പേരിൽ ക്രൂസ് സ്ഥാപിച്ചിട്ടുള്ള ആധുനിക ഓഫ്സെറ്റ് അച്ചടിയന്ത്രങ്ങൾ സജ്ജീകരിച്ചിട്ടുള്ള പ്രിന്റിംഗ് പ്രസ്സുകൾ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും തിരുവനന്തപുരം ജില്ലയിലെ കല്ലിയൂരിലും പ്രവർത്തിച്ച് വരുന്നു. 1988-ൽ സ്ഥാപിക്കപ്പെട്ട കഞ്ചിക്കോട്ട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നാണ് ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമായ അച്ചടി സാധനങ്ങൾ മുഴുവനും വിതരണം ചെയ്തു വരുന്നത്. കൂടാതെ തദ്ദേശകം, ക്രൂസ് ഡയറി എന്നിവയും ഇവിടെ നിന്നാണ് അച്ച ടിച്ച് പുറത്തിറക്കുന്നത്. 2012-ൽ പ്രവർത്തനം ആരംഭിച്ച തിരുവനന്തപുരത്ത് കല്ലിയൂരിൽ സ്ഥാപിച്ചിട്ടുള്ള ഗ്രാമലക്ഷ്മി മുദ്രാ ലയത്തിൽ പ്രധാനമായും ഇപ്പോൾ മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അച്ചടി ജോലികളാണ് ചെയ്തു വരുന്നത്. പഞ്ചായത്ത് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളായ പഞ്ചായത്ത് രാജ് മാസികയും തദ്ദേശകവും ഗ്രാമലക്ഷ്മി മുദ്രാലയം മുഖേന അച്ചടിക്കുന്നു.

ഗ്രാമപഞ്ചായത്തുകളിലെ തെരുവുവിളക്കുകൾക്ക് ആവശ്യമായ ബൾബുകളും അനുബന്ധ ഉപകരണങ്ങളും നിർമ്മിക്കുന്ന തിനായി "കേരള ഗ്രാമജ്യോതി ലൈറ്റിംഗ്" എന്ന പേരിൽ ക്രൂസിന്റെ ആഭിമുഖ്യത്തിൽ സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെ

ടുത്തി ഒരു കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഫാക്ടറിയും അനുബന്ധ ഓഫീസും കാസർഗോഡ് ജില്ലയിലെ സീതാംഗോളി കിൻഫ്രാ പാർക്കിൽ ആണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കലും അവയുടെ പരിപാലനവും കമ്പനി മുഖേനയാണ് നടന്നു വരുന്നത്.

കേരള റൂറൽ ഡവലപ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി

ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ, കുടുംബശ്രീ, മഹിളാസമാജം മുതലായ ഗ്രാമീണ സന്നദ്ധ സംഘടനകളുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ് കേരള റൂറൽ ഡെവലപ്മെന്റ് & മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്). തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ചെയർമാനും പ്രോജക്ട് ഡയറക്ടർ, തിരുവനന്തപുരം മെമ്പർ സെക്രട്ടറിയുമാണ്. ഗ്രാമശ്രീ എന്ന ട്രേഡ് മാർക്കിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ചെറുകിട സംരംഭങ്ങൾ ഉല്പാദിപ്പിക്കുന്ന കലർപ്പില്ലാത്ത മേന്മയേറിയ ഉല്പന്നങ്ങൾ ന്യായ വിലയ്ക്ക് ഉപഭോക്താക്കളിൽ എത്തിക്കുന്നു.

ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം

1987-ൽ ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ ആരംഭിച്ച ഭക്ഷ്യ സംസ്കരണ പോഷകാഹാരകേന്ദ്രമാണ് എഫ്.പി.എൻ.സി. ഭക്ഷ്യ സംസ്കരണ പോഷകാഹാര കാര്യങ്ങളിൽ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക, ഭക്ഷ്യസംസ്കരണത്തിൽ പൊതുജനങ്ങൾക്ക് എല്ലാവിധ സേവന സൗകര്യങ്ങളും ഏർപ്പെടുത്തുക, സ്ക്വാഷ്, ജാം, അച്ചാറുകൾ, റൊട്ടി, ബിസ്കറ്റ്, കേക്ക്, ജെല്ലി, ഫ്രൂട്ടി എന്നിവയുടെ ശരിയായ ഉല്പാദനം എന്നിവ കേന്ദ്രത്തിന്റെ സൗകര്യങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് നല്കുക, കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനാനന്തര സംവിധാനത്തെ മെച്ചപ്പെടുത്തുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുക, പോഷകാഹാര പരിപാടിക്ക് ആസൂത്രിതമായ സംവിധാനം വഴി ജനങ്ങളുടെ ആരോഗ്യവും പോഷകാഹാരവും ഉറപ്പു വരുത്തുക തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്യുപ്മെന്റ് ഓർഗനൈസേഷൻ, മൂവാറ്റുപുഴ

ഗ്രാമവികസന വകുപ്പിനു കീഴിലുള്ള എല്ലാവിധ വാഹനങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സ്ഥാപനമാണ് മൂവാറ്റുപുഴ ആസ്ഥാനമായുള്ള ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്യുപ്മെന്റ് ഓർഗനൈസേഷൻ. ജനറൽ ഫോർമാന്റെ നേതൃത്വത്തിൽ സുസ്സജ്ജമായ ഒരു വർക്ക്ഷോപ്പ് മൂവാറ്റുപുഴ സിവിൽസ്റ്റേഷനു സമീപം ഈ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

റൂറൽ ഇൻഫർമേഷൻ ബ്യൂറോ

ഗ്രാമവികസന വകുപ്പിന്റെ പ്രസിദ്ധീകരണ, പ്രചാരണ വിഭാഗമാണ് റൂറൽ ഇൻഫർമേഷൻ ബ്യൂറോ. സർക്കാർ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്കും ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കും വിപുലമായ പ്രചാരണം നൽകുന്നതിലൂടെ സർക്കാരിന്റെ നയപരിപാടികൾ ജനങ്ങളിലെത്തിക്കുന്നതിൽ റൂറൽ ഇൻഫർമേഷൻ ബ്യൂറോ ഗണ്യമായ പങ്കുവഹിക്കുന്നു. ഗ്രാമവികസന വകുപ്പിന്റെ ഔദ്യോഗിക മുഖപത്രമായ 'ഗ്രാമഭൂമി' ദ്വൈമാസിക ബ്യൂറോയുടെ പ്രസിദ്ധീകരണമാണ്. കൂടാതെ ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവയും അച്ചടിച്ച് വിതരണം ചെയ്യാറുണ്ട്.

പദ്ധതികളും സ്കീമുകളും

ഒമ്പതാം പദ്ധതി (1997-2002) ജനകീയാസൂത്രണം

73, 74 ഭരണഘടനാ ഭേദഗതികളെത്തുടർന്ന് കേരള പഞ്ചായത്ത്രാജ്/മുനിസിപ്പാലിറ്റി നിയമങ്ങൾ നിലവിൽ വന്നതോടുകൂടി വികേന്ദ്രീകൃതാസൂത്രണത്തിനും ഭരണതലത്തിൽ ജനപങ്കാളിത്തത്തിനും പ്രസക്തിയുണ്ടായി. ഇത് സുസാദ്ധ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കിയ ഒരു ആസൂത്രണ നിർവ്വഹണ പ്രക്രിയയാണ് ജനകീയാസൂത്രണം. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെ യും സംയുക്ത മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. പൂർണ്ണമായ ജനപങ്കാളിത്തത്തോടെ, വിദഗ്ധരെയും ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളോടൊപ്പം അണിനിരത്തി പദ്ധതിയാസൂത്രണവും നിർവ്വഹണവും കാര്യക്ഷമമായും സമയബന്ധിതമായും സുതാര്യമായും മാതൃകാപരമായും നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുദ്ദേശിച്ചുകൊണ്ടാണ് 1996 ആഗസ്റ്റ് 17 ന്, പൊന്നിൻ ചിങ്ങപ്പുലരിയിൽ ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചത്. ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായ 451 പേർ അടങ്ങുന്ന ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതിയുടെ മേൽനോട്ടത്തിലായിരുന്നു ജനകീയാസൂത്രണം നടപ്പിലാക്കിയത്.

1997-2019 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക (രൂപ കോടിയിൽ)

വർഷം	പ്ലാൻ ഫണ്ട്/ വികസന ഫണ്ട്	സംസ്ഥാനാ വിഭിക്യതം	തനത് സമ്പാദനം	ആകെ (2+3+4)	അനുവദിച്ച പ്ലാൻ ഫണ്ട്/ വികസന ഫണ്ട് (Release)
1	2	3	4	5	6
1997-98	749.00	276.00	-	1025.00	749.00
1998-99	950.00	166.50	-	1116.50	950.00
1999-2000	1020.00	134.40	-	1154.40	1020.00
2000-01	1045.00	224.21	-	1269.21	783.75
2001-02	850.00	81.65	-	931.65	637.50
2002-03	1342.00	96.18	-	1438.18	1006.50
2003-04	1317.00	101.54	244.95	1663.49	1454.45*
2004-05	1350.00	86.03	234.11	1670.14	1168.53
2005-06	1375.00	161.69	124.84	1661.53	1375.00
2006-07	1400.00	223.38	47.79	1671.17	1400.00
2007-08	1540.00	528.66	-	2068.66	1540.00
2008-09	1670.53	591.52	-	2262.05	1670.53
2009-09	1840.69	201.68	-	2042.37	1840.69
2010-11	2050.00	949.03	-	2999.03	2050.00
2011-12	2750.00				2750.00
2012-13	3228.00	-	-	-	3228.00
2013-14	4000.00	-	-	-	4000.00
2014-15	4700.00	-	-	-	4700.00
2015-16	4800.00	-	-	-	4800.00
2016-17	5000.00	-	-	-	5000.00
2017-18	6227.50	-	-	-	6227.50
2018-19	7000.00	-	-	-	7000.00

ഒമ്പതാം പദ്ധതിക്കാലം മുതലാണ് സംസ്ഥാനത്തിന്റെ പദ്ധതിവിഹിതത്തിന്റെ വലിയൊരു പങ്ക് തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു നൽകിവരുന്നത്. ബഹുജനസംഘടനകളുടെയും ഭരണസ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സമീപനത്തിലും കാഴ്ചപ്പാടിലും വികസനോന്മുഖവും ജനാധിപത്യപരവുമായ മാറ്റം വരുത്തുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിഞ്ഞു. സംസ്ഥാനത്തുടനീളം സുതാര്യവും ജനകീയവും ശാസ്ത്രീയവുമായ സമഗ്ര വികസനത്തിന് നിരവധി മാതൃകകൾ ഒമ്പതാം പദ്ധതിക്കാലത്ത് ഉണ്ടായി.

പത്താം പഞ്ചവത്സര പദ്ധതി (2002-07) (കേരള വികസന പദ്ധതി)

പത്താം പഞ്ചവത്സര പദ്ധതി കേരള വികസന പദ്ധതി എന്ന പേരിലാണ് നടപ്പാക്കിയത്. പത്താം പദ്ധതിക്കാല ത്താണ് ആദ്യമായി തദ്ദേശ സ്ഥാപനങ്ങൾ പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയത്. കാർഷിക മേഖലയിലും പരമ്പരാഗത ചെറുകിട വ്യാവസായിക മേഖലയിലും ഉല്പാദന വർദ്ധനവ്, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, പ്രകൃതിവിഭവ മാനേജ്മെന്റും സംയോജിത ഏര്യാ വികസനവും, ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസം, ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം, വികലാംഗക്ഷേമം തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട സേവനം, ഭരണരംഗത്ത് ഉത്തരവാദിത്വവും സുതാര്യതയും, ജനപങ്കാളിത്തം ഉറപ്പാക്കൽ, വിഭവ വിനിയോഗത്തിൽ കൂടുതൽ കാര്യക്ഷമത തുടങ്ങിയ ലക്ഷ്യങ്ങൾക്കാണ് പത്താം പദ്ധതിയിൽ ഊന്നൽ നൽകിയിരുന്നത്.

പതിനൊന്നാം പഞ്ചവത്സര പദ്ധതി (2007-12) (ജനകീയാസൂത്രണം)

ഒമ്പതും പത്തും പഞ്ചവത്സരപദ്ധതികളുടെ നടത്തിപ്പിൽ അനുഭവപ്പെട്ട ന്യൂനതകൾ പരിഹരിച്ച് വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ സുസ്ഥിരമാക്കുന്നതിനാണ് പതിനൊന്നാം പദ്ധതി ലക്ഷ്യമിട്ടിരുന്നത്. കൃഷി പുനരുദ്ധാരണം, പൊതുസേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ദരിദ്ര ജനവിഭാഗങ്ങൾക്ക് മുൻഗണന നൽകി പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കൽ, സദ്ഭരണം എന്നിവയാണ് പതിനൊന്നാം പദ്ധതിയിൽ നൽകിയിരുന്ന മുൻഗണനകൾ.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17)

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ പ്രാദേശിക വികസനവും സാമൂഹ്യനീതിയും സാദ്ധ്യമാക്കുവാൻ ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, ഭക്ഷ്യോൽപ്പാദനം മെച്ചപ്പെടുത്തുക,പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, മാലിന്യ പരിപാലനം, ആരോഗ്യം, വിദ്യാഭ്യാസം, സ്ഥായിയായ തൊഴിൽ, അടിസ്ഥാന സൗകര്യവികസനം, സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തൽ, സാമൂഹ്യനീതി ഉറപ്പു വരുത്തുക, പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ള ആസ്തികൾ സംരക്ഷിക്കുകയും ഗുണനിലവാരം ഉയർത്തുകയും ചെയ്യുക തുടങ്ങിയവയ്ക്ക് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ മുന്തിയ പരിഗണന നൽകിയിരുന്നു.

പതിമൂന്നാം പഞ്ചവൽസര പദ്ധതി (2017-22)

പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യം തുടർച്ചാ സാദ്ധ്യതയുള്ള, പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെപ്പിടിക്കുന്ന, സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് കേരളത്തെ എത്തിക്കുക എന്നതാണ്. മത നിരപേക്ഷത, സമുദായ സൗഹാർദ്ദം, സമാധാനാന്തരീക്ഷം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, മെച്ചപ്പെട്ട മനുഷ്യ വിഭവശേഷി, പരിസ്ഥിതി വൈവിദ്ധ്യം എന്നിവ ഉയർത്തിക്കാണിച്ചുകൊണ്ട് നിക്ഷേപം ആകർഷിക്കുകയും അതോടൊപ്പം പൊതുനിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് പതിമൂന്നാം പദ്ധതികാലത്ത് സ്വീകരിക്കുക.

പൊതുജനാരോഗ്യ - പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ ലോകോത്തരമാക്കിക്കൊണ്ടും ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണിക്കും ഉയർന്ന പരിഗണന നൽകിക്കൊണ്ടും മനുഷ്യ വിഭവശേഷിയുടെ സാദ്ധ്യത വലിയ തോതിൽ ഉയർത്തുക, വളർച്ചയോടൊപ്പം പരിസ്ഥിതിരക്ഷ ഉറപ്പാക്കാൻ മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിന് ഹരിത കേരളം പദ്ധതി നടപ്പിലാക്കുക എന്നിവ പതിമൂന്നാം പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക, ഭ്രൂരഹിതരും ഭവനരഹിതരും അഗതികളും ഇല്ലാത്ത

2019-20ൽ വകയിരുത്തിയ വികസന ഫണ്ട് (തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പൊതു വിഭാഗം	പ്രത്യേക ഘടക പദ്ധതി	പട്ടിക വർഗ്ഗ ഉപപദ്ധതി	ഫിനാൻസ് കമ്മീഷൻ തുക	ആകെ വിഹിതം (2+3+4+5)
1	2	3	4	5	6
ഗ്രാമപഞ്ചായത്തുകൾ	163517.52	69932.51	11446.40	121730.00	366626.43
ബ്ലോക്ക് പഞ്ചായത്തുകൾ	68011.52	21775.83	3585.14	-	93372.49
ജില്ലാ പഞ്ചായത്തുകൾ	68011.52	21775.83	3585.14	-	93372.49
മുനിസിപ്പാലിറ്റികൾ	32664.61	13396.71	1271.99	63115.16	110448.47
കോർപ്പറേഷനുകൾ	28256.83	8503.12	410.33	49009.84	86180.12
ആകെ	**360462.00**	**135384.00**	**20299.00**	**233855.00**	**750000.00**

2019-20ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരമ്പരാഗത ചുമതലകൾ നിർവ്വഹിക്കുന്നതിനും ആസ്തി സംരക്ഷണത്തിനും അനുവദിച്ച തുക (ആയിരത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പൊതു ആവശ്യം/ പരമ്പരാഗത ചുമതലകൾ	ആസ്തി സംരക്ഷണം	
		റോഡ് ആസ്തികൾ	റോഡിതര ആസ്തികൾ
ഗ്രാമ പഞ്ചായത്തുകൾ	11624995	11245981	4312325
ബ്ലോക്ക് ,,	682936	0	885656
ജില്ലാ ,,	480158	4537919	1287777
മുനിസിപ്പാലിറ്റികൾ	2111083	2001289	1016406
കോർപ്പറേഷനുകൾ	1361692	1402630	721187
ആകെ	**16260864**	**19187819**	**8223351**

സംസ്ഥാനമായി കേരളത്തെ മാറ്റുക, ജനനം മുതൽ മരണം വരെയുള്ള ജീവിത ചക്രത്തിലെ എല്ലാ ഘട്ടങ്ങളിലും സമൂഹത്തിന്റെ പിന്തുണ ആവശ്യമുള്ളവർക്ക് അത് എത്തിക്കത്തക്ക നിലയിൽ സംസ്ഥാനത്തിന്റെ സാമൂഹ്യസുരക്ഷാ സംവിധാനത്തെ സമഗ്രമാക്കി മാറ്റുക എന്നിവയും പതിമൂന്നാം പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

പദ്ധതി ആസൂത്രണ പ്രക്രിയയും നടപടിക്രമങ്ങളും

ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള ലക്ഷ്യങ്ങളെ പ്രാദേശികതലത്തിൽ അതാതിടങ്ങളിലെ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആവശ്യമായ തനതുലക്ഷ്യങ്ങൾ കൂട്ടിച്ചേർത്തു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്ക് രൂപം നൽകുന്നു.

പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും പൊതു വ്യവസ്ഥകളും

- ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും പദ്ധതി തയ്യാറാക്കണം • തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് പദ്ധതി തയ്യാറാക്കണം • മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്ന വികസന നിർദ്ദേശങ്ങളും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിക്കണം • പ്രവാസികളായ നാട്ടുകാരുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കാനും അവരുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളാനും സഹകരണം ഉറപ്പാക്കാനും ശ്രദ്ധിക്കണം • ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലത്തെ ശുചിത്വം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ഉൾപ്പടെയുള്ള കാര്യങ്ങളിൽ ശ്രദ്ധ നൽകണം.

പദ്ധതി ആസൂത്രണ ഘട്ടങ്ങൾ

• ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ • വികസനരേഖ തയ്യാറാക്കൽ • ഗ്രാമസഭകൾ/ഊരുക്കൂട്ടങ്ങൾ യോഗം ചേരൽ • വികസന സെമിനാർ • വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ • പ്രോജക്ടുകൾ തയ്യാറാക്കൽ • വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം • പ്രോജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും • വാർഷിക പദ്ധതി നിർവ്വഹണ മോണിറ്ററിംഗ്.

പദ്ധതി നിർവ്വഹണം

• ആസൂത്രണ സമിതി അംഗീകാരവും പ്രോജക്ടുകളുടെ വെറ്റിംഗും സാങ്കേതികാനുമതിയും ലഭിച്ചു കഴിഞ്ഞാൽ തദ്ദേശസ്ഥാപനം സാമ്പത്തികാനുമതി നൽകണം • പ്രോജക്ടുകളുടെ നിർവ്വഹണപരിപാടി വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കണം • എല്ലാ പ്രോജക്ടുകളുടെയും നിർവ്വഹണ പരിപാടികൾ ക്രോഡീകരിച്ച് നിർവ്വഹണ പദ്ധതി തദ്ദേശ സ്ഥാപനതലത്തിൽ തയ്യാറാക്കണം • തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും നിർവ്വഹണ കലണ്ടർ അനുസരിച്ചുള്ള നിർവ്വഹണ പദ്ധതി അവലംബമാക്കേണ്ടതാണ്.

വാർഷിക പദ്ധതിയുടെയും പ്രോജക്ടുകളുടെയും ഗുണമേന്മ മെച്ചപ്പെടുത്തൽ

പതിമൂന്നാം പദ്ധതിയിലെ ആദ്യ രണ്ടു വർഷങ്ങളിലെ പ്രധാന ഊന്നൽ ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമാക്കുക എന്നതിനായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതിയുടെയും പ്രോജക്ടുകളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്.

ജില്ലാ പദ്ധതി രൂപീകരണം

ജില്ലകളുടെ സമഗ്ര പുരോഗതിയും പദ്ധതികളുടെ ഏകോപനവും സാധ്യമാക്കുന്നതിന് ജില്ലാ പദ്ധതി രൂപീകരിക്കുവാൻ 2017ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരണമായി അതാതു ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ഓരോ ജില്ലയിലും ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. രണ്ടു പതിറ്റാണ്ടു പൂർത്തിയാക്കിയ കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിലെ നിർണ്ണായകമായ ഒരു ചുവടുവയ്പാണ് ജില്ലാ പദ്ധതി രൂപീകരണം. ജില്ലാപദ്ധതികളിലൂടെ തദ്ദേശഭരണസ്ഥാപനങ്ങളുടെയും സംസ്ഥാനഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെയും പദ്ധതികളുടെ ഏകോപനമാണ് മുഖ്യമായും ലക്ഷ്യമിടുന്നത്. ഇത്തരത്തിലുള്ള ഏകോപനം വികസന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുകയും ജില്ലകളിലെ വിവിധ വികസന ഏജൻസികൾ കൂട്ടായി ഏറ്റെടുക്കുന്ന നിരവധി ഏകോപിത-സമഗ്ര പ്രോജക്ടുകൾ രൂപപ്പെടുത്തുന്നതിനും സഹായിക്കും. ജില്ലാ പദ്ധതിയിലെ ജില്ലാ വികസന പരിപ്രേക്ഷ്യവും മാർഗനിർദ്ദേശങ്ങളും പരിഗണിച്ചു വേണം തദ്ദേശഭരണസ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവയുടെ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി നടപ്പാക്കേണ്ടത്. ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കാൻ വികസന വകുപ്പുകളും ഏജൻസികളും തയ്യാറാവേണ്ടതാണ്. ഇത്തരത്തിൽ രാജ്യത്തിനാകെ തന്നെ മാതൃകയായി ജില്ലാ പദ്ധതി രൂപീകരണം എല്ലാ ജില്ലകളിലും പൂർത്തിയായിട്ടുണ്ട്.

ജില്ലാ പദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ട്.

1. ജില്ലാ വികസന പരിപ്രേക്ഷ്യം

• അദ്ധ്യായങ്ങൾ - ആമുഖം, വിഭവ ലഭ്യത, വികസനത്തിന്റെ സ്ഥലമാനങ്ങൾ, വികസന മേഖലകൾ:അവസ്ഥയും പരിപ്രേക്ഷ്യവും.

2. ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

● കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ● തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ● പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും. രണ്ടാം ഭാഗം എല്ലാ വർഷവും പരിഷ്കരിക്കേണ്ടതുണ്ട്.

ലൈഫ് മിഷൻ

കേരളത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം വിജയകരമായി പൂർത്തീകരിക്കുകയും രണ്ടാം ഘട്ടം വിജയകരമായി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്.

2000-01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്നഭവനങ്ങൾ യാഥാർത്ഥ്യമാക്കുകയെന്നതാണ് ഒന്നാം ഘട്ടമായി ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഒന്നാംഘട്ടത്തിൽ പൂർത്തീകരിക്കേണ്ടിയിരുന്ന 54,256 വീടുകളിൽ 51,851 (95.57%) വീടുകൾ ഇതിനോടകം നിർമ്മിച്ചുകഴിഞ്ഞു. 664.87 കോടി രൂപ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്.

ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവും മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യങ്ങൾ. രണ്ടാം ഘട്ടത്തിൽ ഗ്രാമസഭ സർവ്വേയിലൂടെ കണ്ടെത്തി അംഗീകരിച്ച 1,74,397 ഗുണഭോക്താക്കളിൽ രേഖാപരിശോധനയിലൂടെ 97,336 ഗുണഭോക്താക്കളാണ് അർഹത നേടിയത്. ഇവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടത് 89,686 പേരാണ്. ഇവരിൽ 48,955 (57.58%) ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിൽ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പല പ്രമുഖ ബ്രാൻഡുകളുമായി കൈകോർത്തുകൊണ്ട് കുറഞ്ഞ നിരക്കിൽ വീട് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ മിഷൻ കൈക്കൊണ്ടിട്ടുണ്ട്. 20-60% വരെ വിലകുറച്ചാണ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വയറിംഗ് ഉപകരണങ്ങൾ, പെയിന്റ്, സാനിറ്ററി ഉപകരണങ്ങൾ, സിമെന്റ്, വാട്ടർ ടാങ്ക് തുടങ്ങിയവ ലൈഫ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. ഇതിന്റെ കൂടുതൽ വിവരങ്ങൾ www.lifemission.kerala.gov.in ൽ ലഭ്യമാണ്.

ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ 3,37,416 ഗുണഭോക്താക്കളിൽ നാളിതുവരെ അർഹതാപരിശോധനയ്ക്ക് ഹാജരായത് 2,29,310 ഗുണഭോക്താക്കളാണ്. ഇവരിൽ 1,07,393 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ അടിമാലിയിൽ ഭവന സമുച്ചയം പൂർത്തീകരിച്ച് അടിമാലി ഗ്രാമപഞ്ചായത്തിലെ അർഹരായ ഭൂരഹിത ഭവനരഹിതരായ 163 ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. മൂന്നാംഘട്ടത്തിൽ ഈ വർഷം പണി ആരംഭിക്കുന്ന 85 ഭവന സമുച്ചയങ്ങളിൽ 14 പൈലറ്റ് ഭവന സമുച്ചയങ്ങളും കെയർ ഹോം വഴി നിർമ്മിക്കുന്ന 14 ഭവന സമുച്ചയങ്ങളുമാണ് ഉള്ളത്. പൈലറ്റ് ഭവന സമുച്ചയങ്ങളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. 56 അധിക ഭവന സമുച്ചയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. പൈലറ്റ് ഭവന സമുച്ചയങ്ങൾ 2020 ആഗസ്റ്റിലും അഡീഷണൽ, കെയർ ഹോം വഴിയുള്ള ഭവന സമുച്ചയങ്ങൾ 2020 ഒക്ടോബറിലും പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്.

.

ആർദ്രം മിഷൻ

സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിലും മറ്റ് പൊതുജനാരോഗ്യ സംവിധാനങ്ങളിലും ആധുനിക സംവിധാനങ്ങളും മതിയായ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി രോഗിസൗഹൃദവും ജനസൗഹൃദവുമാക്കാനുള്ള പ്രവർത്തനങ്ങളാണ് ആർദ്രം മിഷൻ നടപ്പിലാക്കി വരുന്നത്.

ലക്ഷ്യങ്ങൾ:

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യസ്ഥാപനങ്ങളെ ജനസൗഹൃദമാക്കുക.
- പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുക
- താലൂക്ക്, ജില്ലാതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കിശക്തിപ്പെടുത്തുക.
- എല്ലാ ആശുപത്രികളിലും ചികിത്സാമാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ചികിത്സകൾ ഉറപ്പുവരുത്തുക.

മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ആശുപത്രികളിൽ ചിട്ടയായ രജിസ്ട്രേഷൻ സൗകര്യം, ടോക്കൺ സംവിധാനം, മെഡിക്കൽ കോളേജുകളിൽ മുൻകൂട്ടിയുള്ള ബുക്കിംഗ് സൗകര്യം, സ്വകാര്യത ഉറപ്പുവരുത്തുന്ന പരിശോധനാമുറികൾ, വൃത്തിയും വെടിപ്പുമുള്ള കാത്തിരിപ്പ് കേന്ദ്രങ്ങൾ, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കിവരികയാണ്. അടിസ്ഥാ

നസൗകര്യങ്ങൾ വികസിപ്പിച്ചും ആധുനിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ടും ഓപ്പറേഷൻ തീയേറ്ററുകൾ, ലബോറട്ടറി, ഫാർമസി, പ്രസവമുറി തുടങ്ങിയവ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നതോടെ ഒരു കുടുംബത്തിലെ എല്ലാപേർക്കും സമഗ്രപ്രാഥമിക ആരോഗ്യപരിചരണം നൽകാനാവും. ഫീൽഡുതലത്തിൽ ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, രോഗചികിത്സ, പാലിയേറ്റീവ് പുനരധിവാസ പ്രവർത്തനങ്ങൾ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടന്നുവരുന്നു. ഇതിനായി കൂടുതൽ ഡോക്ടർമാർ, നേഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യൻ, ലാബ് സൗകര്യം എന്നിവയും ലഭ്യമാക്കുന്നുണ്ട്. ഇ-ഹെൽത്ത് സംവിധാനം വഴി എല്ലാവരുടെയും ആരോഗ്യവിവരങ്ങൾ മോണിട്ടർ ചെയ്ത് മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ ലഭ്യമാക്കാനും ആരോഗ്യവിവരങ്ങൾ ആരോഗ്യസ്ഥാപനങ്ങൾക്ക് പരസ്പരം കൈമാറാനും കഴിയും.

ജില്ലാതല ആശുപത്രികളിൽ ഘട്ടം ഘട്ടമായി കാത്ത്ലാബ് - കാർഡിയോളജി യൂണിറ്റുകൾ അടങ്ങുന്ന സൂപ്പർസ്പെഷ്യാലിറ്റി സംവിധാനങ്ങളും താലൂക്ക് തല ആശുപത്രികളിൽ ഡയാലിസിസ്സ് സൗകര്യങ്ങൾ അടക്കമുള്ള സ്പെഷ്യാലിറ്റി സേവനങ്ങളും വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2017-18 ൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത 170 കേന്ദ്രങ്ങളിലെ മാറ്റങ്ങളെ കേരള സമൂഹം വലിയതോതിൽ സ്വാഗതം ചെയ്ത സാഹചര്യത്തിൽ 504 കേന്ദ്രങ്ങളെകൂടി കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവൃത്തികൾ പൂർത്തിയായി. ആർദ്രം മിഷന്റെ എല്ലാ പ്രവർത്തനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും മുൻകൈയിലുമാണ് താഴെത്തട്ടിൽ നടന്നുവരുന്നത്.

മുഖ്യമന്ത്രി അദ്ധ്യക്ഷനും ആരോഗ്യവകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷനുമായ സംസ്ഥാനതല മിഷനും ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ജില്ലാ കളക്ടർ സെക്രട്ടറിയുമായ ജില്ലാതലമിഷനും ആർദ്രം ദൗത്യത്തിന്റെ മേൽനോട്ടവും ഏകോപനവും നിർവ്വഹിക്കുന്നു. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ സംസ്ഥാന സ്റ്റിയറിംഗ് കമ്മറ്റിയും സംസ്ഥാന മിഷൻ ഡയറക്ടർ, ആരോഗ്യകേരളം ചെയർമാനായ ടാക്സ് ഫോഴ്സും സംസ്ഥാനമിഷനു താഴെപ്രവർത്തനങ്ങളുടെ സംസ്ഥാനതലഏകോപനവും നടത്തിപ്പും നിർവ്വഹിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിന് അനുഗുണമായി കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളായി പരിവർത്തിപ്പിക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി ലക്ഷ്യം വയ്ക്കുന്നത്. മികവെന്നാൽ അക്കാദമിക മികവാണ്. ഈ പ്രവർത്തനങ്ങളിലൂടെ നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മത നിരപേക്ഷ നിലപാട്, ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും സഹിഷ്ണുതയും ജനാധിപത്യ ബോധവും ഉൾപ്പെടെ നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യബോധങ്ങളെല്ലാം ഉൾക്കൊള്ളുന്ന തലമുറയെ വളർത്തിയെടുക്കാൻ കഴിയണം. പൊതുവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമൊപ്പം മതനിരപേക്ഷ ജനകീയ ജനാധിപത്യ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആത്യന്തിക ലക്ഷ്യം. ഇതിനായി ബഹുമുഖമായ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

- ഭൗതിക സൗകര്യ വികസനം
- എല്ലാ ഹൈസ്കൂൾ-ഹയർസെക്കന്ററി ക്ലാസ്സുകളും സാങ്കേതികവിദ്യാ സൗഹൃദം
- എല്ലാ പ്രൈമറി വിദ്യാലയങ്ങളും ഡിജിറ്റലൈസ് ചെയ്യുക
- വിവര സാങ്കേതിക വിദ്യാധിഷ്ഠിത പഠനം ഉറപ്പാക്കുന്നതിന് 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ
- എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മികവിനായി പ്രത്യേക പരിപാടികൾ
- സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാനും പ്രവർത്തന രൂപരേഖയും
- എല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യോദ്യാനം
- എല്ലാ വിദ്യാലയങ്ങളിലും ടാലന്റ്- ലാബ്
- ലൈബ്രറി, ലബോറട്ടറി സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ
- പഠന പരിപോഷണത്തിന് പ്രത്യേക പരിഗണന നൽകാൻ ' ശ്രദ്ധ '
- പാർശ്വവൽക്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ്സ് മുറികൾ എന്ന ആശയം സാക്ഷാത്ക്കരിക്കുന്നതിനായി പ്രത്യേക പരിപാടികൾ
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി ഉൾച്ചേർത്തുള്ള വിദ്യാഭ്യാസത്തിന് സവിശേഷ ഇടപെടലുകൾ
- എല്ലാ സ്കൂളിലും ലഹരി-മാലിന്യവിമുക്ത, ഹരിത-സുരക്ഷിതശബ്ദ, വൃത്തിയുള്ള ശുചിമുറി ഉറപ്പാക്കിയ ക്യാമ്പസ്

സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും ഇതിന് വേണ്ടിവരും. ഈ ദിശയിലേക്കുള്ള ബഹുജന കൂട്ടായ്മയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. വിവിധ തലങ്ങളിലുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ, വിദ്യാഭ്യാസ തൽപരരായ നാട്ടുകാർ എന്നിവരുടെയെല്ലാം സക്രിയമായ പങ്കാളിത്തം വിഭവ സമാഹരണത്തിലും വിഭവ വിനിയോഗത്തിലും മറ്റുകാര്യങ്ങളിലും ഉണ്ടാകണം. ഇതെല്ലാം ഏകോപിപ്പിക്കാൻ കഴിയുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മുഖ്യമന്ത്രി അദ്ധ്യക്ഷനും വിദ്യാഭ്യാസ വകുപ്പ് മന്ത്രി സഹഅദ്ധ്യക്ഷനുമായ സംസ്ഥാനതല മിഷനും, ചെയർപേഴ്സൺ- ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷനും ജില്ലാ കളക്ടർ സെക്രട്ടറിയുമായ ജില്ലാതല മിഷനും മിഷൻ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കും.

ഹരിതകേരളം മിഷൻ

നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ തീവ്രയജ്ഞമാണ് ഹരിതകേരളം മിഷനിലൂടെ വിഭാവനം ചെയ്യുന്നത്. പാരിസ്ഥിതിക നന്മകളുടെ ഭൂതകാലത്തെ വീണ്ടെടുക്കാൻ ലക്ഷ്യമിട്ട് 2016 ഡിസംബറിൽ സംസ്ഥാന സർക്കാർ ഹരിതകേരളം മിഷന് തുടക്കം കുറിച്ചു. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലത്തിന്റെ സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ.

പൊതുവായ ലക്ഷ്യങ്ങൾ

- ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാസമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപനപ്രവൃത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും സമൂഹത്തെയും പ്രാപ്തരാക്കുക. • പാരിസ്ഥിതിക സുരക്ഷയും ഉത്പാദനക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത പദ്ധതി രൂപീകരിക്കുന്നതിന് പ്രേരകശക്തിയായി പ്രവർത്തിക്കുക. • ശുചിത്വ-മാലിന്യസംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക, ജനപങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുക. • മഴവെള്ളസംഭരണം വ്യാപകമാക്കുക, ഭൂഗർഭജലസംപോഷണം ഉറപ്പാക്കുക. • ഫലവൃക്ഷങ്ങൾ, വിവിധോദ്ദേശ മരങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചുപിടിപ്പിക്കുക.

വിഷയ മേഖലകളുടെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷന് മൂന്ന് ഉപദൗത്യങ്ങൾ ഉണ്ട്.

1. ശുചിത്വ മാലിന്യ സംസ്കരണം

പ്രധാന ലക്ഷ്യങ്ങൾ: • പുതിയ നഗര ഖരമാലിന്യസംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക • ഉത്തരവാദിത്ത മാലിന്യപരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക • സങ്കീർണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക

2. ജലസംരക്ഷണം

പ്രധാന ലക്ഷ്യങ്ങൾ: • ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക • നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിരപരിപാലനവും ഉറപ്പാക്കുക • പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക • ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവി തലമുറയ്ക്ക് കൂടി ഉറപ്പാക്കുക

3. ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം

പ്രധാന ലക്ഷ്യങ്ങൾ: • കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടാനനുകൂലവിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക • പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക. • വീടുകളിലും തരിശ് കിടക്കുന്ന സ്ഥലങ്ങളിലും വ്യാപകമായി പച്ചക്കറിയും ഇതര കൃഷികളും നടപ്പിലാക്കുകയും ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക. • ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക • കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക • സമ്പദ് വ്യവസ്ഥയിൽ കാർഷികമേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക • ജലസ്രോതസ്സുകൾക്കു ചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

പച്ചത്തുരുത്ത്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സന്നദ്ധ സംഘടനകളുടെയോ പൊതു സ്ഥാപനങ്ങളുടെയോ വകുപ്പുകളുടെയോ വ്യക്തികളുടെയോ നേതൃത്വത്തിൽ സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശീയമായ വൃക്ഷങ്ങളും മറ്റ് സസ്യങ്ങളും ഉൾപ്പെടുത്തി വനത്തിന്റെ സവിശേഷതകൾ രൂപപ്പെടുത്തുകയും അതിന്റെ തുടർ സംരക്ഷണവുമാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുക, അധികം പ്രാണവായു അന്തരീക്ഷത്തിലെത്തിക്കുക, അന്തരീക്ഷത്തിലെ പൊടിപടലങ്ങളെയും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള നിർഗ്ഗമന മാലിന്യ വസ്തുക്കളെയും അന്തരീക്ഷത്തിൽ വ്യാപിക്കാതെ തടഞ്ഞുനിർത്തുക, വാഹനങ്ങളിൽ നിന്നും വ്യവസായശാലകളിൽ നിന്നും പുറംതള്ളുന്ന വിഷവായുവിനെ വിഷമുക്തമാക്കുക, മണ്ണൊലിപ്പിന്റെ സാധ്യത കുറയ്ക്കുക, ജലത്തിന്റെ ഒഴുക്കിനെ മിതപ്പെടുത്തുക, ശബ്ദമലിനീകരണത്തിന്റെ തോത് കുറയ്ക്കുക തുടങ്ങിയ ബഹുമുഖമായ പ്രയോജനങ്ങൾ ഉണ്ടാക്കിയെടുത്ത് മനുഷ്യ ജീവിതത്തിന് ആരോഗ്യകരമായ ആവാസ വ്യവസ്ഥ ഉണ്ടാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള, പ്രായപൂർത്തിയായ അംഗങ്ങളുള്ള, ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ

ഉറപ്പു നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയും സാമൂഹ്യ സമത്വവും ഉറപ്പാക്കുക, പ്രാദേശികമായ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, സ്ത്രീ-പുരുഷ അസമത്വം കുറയ്ക്കുക, തുല്യജോലിക്ക് തുല്യവേതനം, നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയുക, മണ്ണ്-ജലം, ജൈവസമ്പത്ത്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷിക മേഖല ശക്തിപ്പെടുത്തുക, ദരിദ്രജന വിഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക, തൊഴിലെടുക്കുന്നവരിൽ സംഘബോധവും സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പുവരുത്തുക, ഇടത്തട്ടുകാരുടെയും കരാറുകാരുടെയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുക തുടങ്ങിയവയും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ഥായിയായ ദാരിദ്ര്യ ലഘൂകരണത്തിനുള്ള ഈ സാദ്ധ്യതകളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മുൻകാല തൊഴിൽദാന പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

സവിശേഷതകൾ

●സ്ഥായിയായതും ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കൽ ● മിനിമം കൂലി ഉറപ്പുനൽകുന്നു ●വേതനം ബാങ്ക് അക്കൗണ്ട് മുഖേന മാത്രം ●പ്രവർത്തിയുടെ ആകെച്ചെലവിൽ വേതനഘടകം 60% ൽ കുറയാൻ പാടില്ല. ●സാധന സാമഗ്രികളും വിദഗ്ധ-അർദ്ധ വിദഗ്ധ തൊഴിലാളികളുടെ കൂലിയും അടക്കം 40 ശതമാനത്തിൽ അധികരിക്കാൻ പാടില്ല ●കരാറുകാർ പാടില്ല, യന്ത്രങ്ങൾ ഉപയോഗിക്കുന്നതിലുള്ള നിയന്ത്രണം ●പദ്ധതി ആസൂത്രണത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മുഖ്യപങ്ക് ●നിർവ്വഹണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾ മുഖേന ●യഥാസമയം കൂലി ലഭ്യമാക്കുന്നതിനായി എൻ.ഇ.എഫ്.എം.എസ് സംവിധാനം ●സോഷ്യൽ ഓഡിറ്റ് ●പദ്ധതി നിർവ്വഹണവും ഗുണനിലവാരവും പരിശോധിക്കുന്നതിന് സംസ്ഥാനതല ക്വാളിറ്റി മോണിട്ടർമാർ

വ്യവസ്ഥകളും അവകാശങ്ങളും

● അവിദഗ്ധ കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിൽ സ്ഥിര താമസക്കാരുമായിരിക്കണം ●18 വയസ് പൂർത്തിയായിരിക്കണം (ഉയർന്ന പ്രായപരിധിയോ, എ.പി.എൽ/ബി.പി.എൽ വിവേചനമോ ഇല്ല) ●ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷന് അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും ● കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം ●ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം ●അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മ വേതനം ●തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം ●മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി ●കാലതാമസം ഉണ്ടാകുന്ന ഓരോ ദിവസത്തിനും ലഭിക്കേണ്ട വേതനത്തിന്റെ .05% നിരക്കിൽ നഷ്ടപരിഹാരം ●വനാവകാശ നിയമപ്രകാരം ഭൂമി ലഭിച്ചവർക്ക് 150 ദിവസത്തെ തൊഴിൽ ●ആകെ തൊഴിലിന്റെ 1/3 സ്ത്രീകൾക്ക് ●കുടുംബത്തിന് പരമാവധി 100 ദിവസം തൊഴിൽ ●5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധികം കൂലി ●കുടിക്കാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം ●പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ ●അപകട മരണം/സ്ഥിര അംഗവൈകല്യത്തിന് നഷ്ടപരിഹാരം ●തൊഴിലാളികളുടെ 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിപാലന സൗകര്യം (കുറഞ്ഞത് 5 പേർ) ●കൂട്ടിക്ക് തൊഴിൽ സ്ഥലത്തുവച്ച് അപകടം പറ്റിയാൽ സൗജന്യ ചികിത്സ. ●അപകടമരണത്തിന് എക്സ്ഗ്രേഷ്യാ.

ഏറ്റെടുക്കേണ്ട പ്രവർത്തികളുടെ മുൻഗണനാക്രമം

● **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ** 1. ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ 2. നീർത്തട പരിപാലന പ്രവൃത്തികൾ. 3. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികൾ. 4. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം. 5. മരം വച്ച് പിടിപ്പിക്കലും വനവത്കരണവും. 6. പൊതുഭൂമിയിലെ വികസന പ്രവൃത്തികൾ ●●**സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ** 1. ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ജലസേചനത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ. 2. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ. 3. തരിശ് ഭൂമി / പാഴ്ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ. 4. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകം. 5. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ. 6. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രവൃത്തികൾ. ●●● **സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ** 1. കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ. 2. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണം. ●●●●. **ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ** 1. ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ. 2. ഗ്രാമീണ റോഡുകളുടെ നിർമ്മാണം. 3. കളിസ്ഥലങ്ങളുടെ നിർമ്മാണം. 4. പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം, ദൂരന്തപ്രതിരോധ തയ്യാറെടുപ്പുകൾ. 5. അക്ഷയകേന്ദ്രങ്ങൾ, അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ യും ക്രിമറ്റോറിയങ്ങളുടെയും നിർമ്മാണം. 6. ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണം. 7. MGNREGS പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം. 8. MGNREGS പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികൾ. 9. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക '9' ലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള പ്രദേശത്തിന്റെ സാധ്യത, പ്രദേശത്തിന്റെ ആവശ്യകത, പ്രാദേശിക വിഭവങ്ങളുടെ ലഭ്യത എന്നിവയുടെ അടിസ്ഥാനമാക്കി ഗ്രാമസഭ തീരുമാനിക്കുന്ന മുൻഗണനാ ക്രമമനുസരിച്ചുമായിരിക്കണം പ്രവൃത്തി നിശ്ചയിക്കേണ്ടത്. പ്രകടമല്ലാത്തതും അളന്നുതിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

കേരള ടൈബൽ പ്ലസ്

കേരളത്തിലെ ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും കേന്ദ്ര നിയമപ്രകാരം ഉറപ്പു വരുത്തിയിട്ടുള്ള 100 ദിവസത്തെ തൊഴിലിനുപുറമേ അധികമായി 100 ദിവസത്തെ തൊഴിൽ കൂടി നൽകുന്നതിന് സംസ്ഥാന സർക്കാർ കേരള ടൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 2018 -19 സാമ്പത്തിക വർഷം 12.40 കോടി രൂപ നീക്കി വയ്ക്കുകയുണ്ടായി. 2019-20 ൽ കേരള ടൈബൽ പ്ലസ് പദ്ധതിയ്ക്കായി 37.53 കോടി രൂപ സംസ്ഥാന സർക്കാർ നീക്കിവച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൂലി ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനായി അട്ടപ്പാടി ബ്ലോക്കിലും വയനാട് ജില്ലയിലും മുൻകൂർ കൂലി വിതരണം കുടുംബശ്രീ വഴി നടപ്പിലാക്കി വരുന്നു. 2018-19ൽ 120 ലക്ഷം രൂപ മുൻകൂർ കൂലിയിനത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുകയുണ്ടായി.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക്, ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുത്തു നടപ്പിലാക്കാവുന്ന എല്ലാ പ്രവൃത്തികളും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും ഏറ്റെടുക്കാവുന്നതാണ്. നഗരങ്ങളിലെ മാലിന്യ സംസ്കരണവും അനുവദനീയമായ പ്രവൃത്തിയാണ്. കൂടാതെ 2019-20 സാമ്പത്തിക വർഷം മുതൽ രണ്ടു കന്നുകാലികളിൽ കൂടുതലുള്ള, അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെടുന്ന ക്ഷീരകർഷകരെയും പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി 100 ദിവസത്തെ വേതനം അയ്യങ്കാളി നഗര തൊഴിലുറപ്പ് ഫണ്ടിൽനിന്നും നൽകുന്നുണ്ട്.

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ

ഗ്രാമീണ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കേന്ദ്ര സർക്കാരിന്റെ മുഖ്യ പദ്ധതിയാണ് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ. ദാരിദ്ര്യം അനുഭവിക്കുന്നവരുടെ ശേഷി വികസനവും അവരുടേതായ ജനകീയ സംഘടനാ സംവിധാനവും ഉണ്ടെങ്കിൽ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സമഗ്രവും സുസ്ഥിരവുമാകൂ എന്ന കേരളത്തിലെ കുടുംബശ്രീയുടെയും ആന്ധ്രയിലെ എസ്. ഇ.ആർ.പി യുടെയും അനുഭവങ്ങൾ മാതൃകകളാക്കികൊണ്ടാണ് എൻ.ആർ.എൽ.എം പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. സംസ്ഥാനത്ത് കുടുംബശ്രീ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല.

ദേശീയ നഗര ഉപജീവന മിഷൻ

നഗരത്തിലെ പാവപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ. നഗരപ്രദേശങ്ങളിലെ ദരിദ്രരെ സംഘടിപ്പിച്ച് അവരുടേതായ കൂട്ടായ്മകൾ രൂപീകരിച്ച് സ്ഥാപനവൽക്കരിക്കാൻ സഹായിക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുക, സ്വയം സഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും റിവോൾവിംഗ് ഫണ്ട് നല്കുക, നഗര ഉപജീവനകേന്ദ്രങ്ങൾ സ്ഥാപിക്കുക, ഈ മേഖലയിൽ പ്രവർത്തിക്കുന്ന വകുപ്പുകളെയും ഏജൻസികളെയും പരിശീലനത്തിലൂടെയും കാര്യശേഷിവികസനത്തിലൂടെയും സാങ്കേതികസഹായം ലഭ്യമാക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റുക, വിപണി സാധ്യതകൾക്കനുസരിച്ച് നൈപുണ്യപരിശീലനം നല്കി തൊഴിൽ സാധ്യതകൾ ഉറപ്പാക്കുക, വ്യക്തിഗതവും ഗ്രൂപ്പടിസ്ഥാനത്തിലും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നല്കുക, തെരുവുവ്യാപാരങ്ങൾക്ക് അനുകൂലമായ തരത്തിൽ നഗരാസൂത്രണം നടത്തുക, പങ്കാളിത്തരീതിയിൽ നൂതനാശയ-സവിശേഷ പദ്ധതികൾ ഏറ്റെടുക്കുക എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. മിഷൻ നടത്തിപ്പിന്റെ ചുമതല കോർപ്പറേഷൻ/ മുനിസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മറ്റിക്കാണ്.

മഹിളാ കിസാൻ സശാക്തീകരൺ പരിയോജന

കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട പ്രതിഫലവും ഉറപ്പുവരുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി മഹിളാ കിസാൻ ശാക്തീകരണ പരിയോജന എന്ന പേരിൽ ഒരു പുതിയ പദ്ധതി 2011 ൽ ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ

രൂപീകരിക്കുന്ന ലേബർ ഗ്രൂപ്പുകളും ലേബർ ബാങ്കുമാണ് ഈ പദ്ധതിയുടെ അടിസ്ഥാന ഘടകങ്ങൾ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ 2 വർഷങ്ങളിലായി 40 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള 18നും 50നും വയസ്സിനിടയിൽ പ്രായമുള്ള സ്ത്രീ തൊഴിലാളികളെയാണ് തെരഞ്ഞെടുക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ചെയ്യുന്ന അവിദ്ധരായ തൊഴിലാളികളെ പഞ്ചായത്തടിസ്ഥാനത്തിൽ ലേബർ ബാങ്കുകളായി രൂപീകരിച്ച് അവർക്ക് കൃഷിയിലും മറ്റ് അനുബന്ധ മേഖലയിലും ആധുനിക കാർഷിക ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും വിദഗ്ധ പരിശീലനം നല്കി കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വരുമാനവും ഉണ്ടാക്കിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രവർത്തന രീതി.

നെൽകൃഷി, പച്ചക്കറി കൃഷി, തെങ്ങ് കയറ്റം എന്നീ മേഖലയിലാണ് ഈ പദ്ധതിയിൽ പരിശീലനവും മറ്റ് സഹായങ്ങളും നല്കുന്നത്. പരിശീലനത്തോടൊപ്പം തന്നെ അവർക്കാവശ്യമായ ആധുനിക കാർഷിക യന്ത്രസാമഗ്രികളും തെങ്ങ്കയറ്റ യന്ത്രങ്ങളും ഈ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തുതല ലേബർ ഗ്രൂപ്പുകൾക്ക് സൗജന്യമായി നല്കുന്നു. ഓരോ ജില്ലയിലും അഗ്രോ ക്ലൈമറ്റിക് സോൺ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ഫെഡറേഷനുകൾക്കാണ് ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പ്രധാന ചുമതല. ഗ്രാമപഞ്ചായത്ത് ലേബർബാങ്ക് പ്രസിഡന്റുമാർ ചേരുന്നതാണ് ഫെഡറേഷന്റെ ജനറൽബോഡി.

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന

ദരിദ്ര കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) ആജീവികയുടെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന. ഗ്രണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. ഈ പദ്ധതിയുടെ ഭാഗമായി 71200 പേർക്ക് നൈപുണ്യ പരിശീലനം നൽകി 70% ഗ്രണഭോക്താക്കൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള ചുമതല കേരളത്തിൽ കുടുംബശ്രീയെ ആണ് ഏൽപ്പിച്ചിരിക്കുന്നത്. നാളിതുവരെ 58543 പേർക്ക് പരിശീലനം ആരംഭിക്കുകയും 46492 പേരുടെ പരിശീലനം പൂർത്തിയാക്കുകയും 35233 പേർക്ക് ജോലി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)

2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ 2016 ഏപ്രിൽ 1 മുതൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പദ്ധതി നടപ്പിലാക്കുന്നു. 1,20,000 രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു. സംസ്ഥാന സർക്കാർ പി.എം.എ.വൈ.(ജി) ഭവന പദ്ധതിയിലെ പൊതു വിഭാഗത്തിന് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് മൂന്നര ലക്ഷം രൂപയുമായി വർദ്ധിപ്പിച്ച് നൽകുന്നു. കേരളത്തിൽ ഇപ്പോൾ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി പൊതുവിഭാഗം, പട്ടികജാതി വിഭാഗം എന്നിവർക്ക് 4,00,000 രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടിക വർഗ്ഗകുടുംബങ്ങൾക്ക് 6,00,000 രൂപയും നൽകുന്നു. 1,20,000 രൂപ കഴിഞ്ഞുള്ള തുക തിരതല പഞ്ചായത്തുകളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നൽകുന്നു. ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി ബാക്കി തുക നൽകുന്നു.

ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗ്രണഭോക്താക്കൾക്ക് നൽകുന്നു. ഗ്രണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും സഹായം നൽകുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. മൂന്ന് ഗഡുക്കളായി 1,20,000 രൂപ പി.എഫ്.എം.എസ് മുഖേന ഗ്രണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. പി.എം.എ.വൈ.(ജി) ഭവന പദ്ധതിയിലേക്കുള്ള ഗ്രണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിലെ അർഹരായവരെയാണ്. പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ കുറഞ്ഞ തറ വിസ്തീർണ്ണം 25 മീറ്റർ സ്ക്വയറാണ് (ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി 400 ചതുരശ്ര അടി).

പ്രധാനമന്ത്രി ആവാസ് യോജന (നഗരം)

'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീയാണ്. പി.എം.എ.വൈ(നഗരം) -ലൈഫ് പദ്ധതി പ്രകാരം 93 നഗരസഭകളിലും വികസന അതോറിറ്റിയുടെ പ്രവർത്തന പരിധിയിൽ വരുന്ന 34 പഞ്ചായത്തുകളിലുമായി നാളിതുവരെ 1,11,252 ഭവനങ്ങൾക്ക് വ്യക്തിഗത ഭവന നിർമ്മാണത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതി ലഭ്യമായിട്ടുണ്ട്. ഡാറ്റാക്ലീനിംഗിന് ശേഷം കണ്ടെത്തിയ അർഹരായ എല്ലാ ഗ്രണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് പദ്ധതി ലക്ഷ്യം വയ്ക്കുന്നു. കൂടാതെ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം പ്രകാരം നാളിതുവരെ വിവിധ ബാങ്കുകളിൽ നിന്ന് 15,426 ഗ്രണഭോക്താക്കൾക്ക് ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുകയും 10,344 ഗ്രണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നാഷണൽ റർബൻ മിഷൻ

കേന്ദ്ര ഗ്രാമവികസന വകുപ്പ് 2015 സെപ്തംബറിൽ പ്രഖ്യാപിച്ച പുതിയ പദ്ധതിയാണ് ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ (എസ്.പി.എം.ആർ.എം) നാഷണൽ റർബൻ മിഷൻ എന്ന പേരിൽ അറിയപ്പെടുന്നു. 25000 മുതൽ 50000 വരെ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്ത്/ഗ്രാമപഞ്ചായത്തുകളെ ഒരു വികസന ക്ലസ്റ്ററായി വിജ്ഞാപനം ചെയ്ത് ക്ലസ്റ്ററിന്റെ സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകൾക്ക് മുൻതൂക്കം നൽകി കൊണ്ട് സ്മാർട്ട് വില്ലേജ് ആക്കുകയാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. നാഷണൽ റർബൻ മിഷന്റെ പദ്ധതി നിർവഹണചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന താഴെ പറയുന്ന മാനദണ്ഡങ്ങളനുസരിച്ചാണ് റർബൻ ക്ലസ്റ്ററുകൾ സംസ്ഥാന സർക്കാർ തിരഞ്ഞെടുക്കുന്നത്.

1. ജനസംഖ്യയുടെ ദശവർഷ വർദ്ധന
2. കാർഷികേതര മേഖലയിലെ തൊഴിലാളികളുടെ ദശവർഷ വർദ്ധന
3. ഭൂമിയുടെ വിലവർദ്ധന
4. ഹയർ സെക്കന്ററി തലത്തിൽ പെൺകുട്ടികളുടെ അംഗസംഖ്യ
5. പ്രധാനമന്ത്രി ജൻധൻ യോജനയിൽ അക്കൗണ്ട് ആരംഭിച്ച കുടുംബങ്ങളുടെ എണ്ണം
6. സ്വച്ച് ഭാരത് മിഷൻ പ്രവർത്തനങ്ങൾ
7. ഭരണനിർവഹണത്തിലെ പുതിയ മാതൃകകൾ

ഇന്റഗ്രേറ്റഡ് ക്ലസ്റ്റർ ആക്ഷൻ പ്ലാൻ പ്രകാരം തയ്യാറാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി വിഭവ സമാഹരണം നടത്തുമ്പോൾ ഉണ്ടാകുന്ന ക്രിട്ടിക്കൽ ഗ്യാപ്പുകൾ പരിഹരിക്കുവാൻ ഒരു ക്ലസ്റ്ററിന് 30 കോടി രൂപ ക്രമത്തിൽ നാല് ക്ലസ്റ്ററുകൾക്കായി 120 കോടി രൂപ ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ട് ആയി കേന്ദ്ര സർക്കാർ നൽകുന്നതാണ്. ഈ തുക കേന്ദ്ര സംസ്ഥാന വിഹിതം 60:40 ആയി നിശ്ചയിച്ചിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുൻപ് വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഒരു പ്രോജക്ടിന്റെ കാലാവധി 3 വർഷമാണ്. സംസ്ഥാന സർക്കാർ ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ നിലവിലെ ജനകീയാസൂത്രണ മാനദണ്ഡങ്ങൾ അനുസരിച്ച് പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ നടത്താൻ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. കേരളത്തിൽ 12 ക്ലസ്റ്ററുകളിലായി 24 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

സൻസദ് ആദർശ് ഗ്രാമ യോജന (സാഗി)

എം.പി.മാർ ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കുകയും കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളുടെ സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി, ദത്തെടുത്ത ഗ്രാമത്തെ എല്ലാ മേഖലകളിലും ഒരു മാതൃകാ ഗ്രാമം ആയി മാറ്റുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് 2014-ൽ ആരംഭിച്ച സൻസദ് ആദർശ് ഗ്രാമ യോജന (സാഗി). ലോക സഭാംഗത്തിന് തന്റെ നിയോജകമണ്ഡലത്തിലെയും രാജ്യസഭാംഗത്തിന് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തെ ഏതൊരു ജില്ലയിലെയും ഗ്രാമീണമേഖലയിൽ നിന്നും ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുക്കാവുന്നതാണ്. 2019 മാർച്ച് മാസത്തോടെ മൂന്ന് ആദർശ ഗ്രാമങ്ങൾ വികസിപ്പിച്ചെടുക്കലാണ് പ്രാഥമികമായ ലക്ഷ്യം. ഓരോ വർഷവും ഒന്ന് എന്ന കണക്കിൽ 2024-ഓടെ അഞ്ച് ആദർശ ഗ്രാമങ്ങൾ തെരഞ്ഞെടുക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, പരിസ്ഥിതി, ഉപജീവനമാർഗ്ഗം മുതലായ വിവിധ മേഖലകളിലൂടെ ഗ്രാമത്തിന്റെ സംയോജിത വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പ്രധാനമന്ത്രി ഗ്രാമ സടക് യോജന

ഗ്രാമപ്രദേശങ്ങളിൽ അഞ്ഞൂറിലധികം ജനസംഖ്യയുള്ളതും റോഡു ബന്ധമില്ലാത്തതുമായ ആവാസകേന്ദ്രങ്ങളെ ഏതെങ്കിലും പ്രധാന റോഡുമായോ, റോഡുമായി ബന്ധപ്പെട്ടു കിടക്കുന്ന ഏതെങ്കിലും ആവാസകേന്ദ്രവുമായോ ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുന്ന പദ്ധതിയാണ് പി.എം.ജി.എസ്.വൈ. നൂറു ശതമാനം കേന്ദ്രവിഹിതം ലഭിക്കുന്ന ഈ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതിയിൽ ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിന് ശരാശരി 30 ലക്ഷം രൂപ ലഭിക്കുന്നതാണ്. ഈ പദ്ധതിയിൽ ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക ജില്ലാ പഞ്ചായത്താണ് തയ്യാറാക്കേണ്ടത്. കേന്ദ്രസർക്കാരിന്റെ മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയിട്ടുള്ള കോർ നെറ്റ്‌വർക്ക് ഓഫ് റൂറൽ റോഡ്സ് ആണ് പി.എം.ജി.എസ്.വൈ-ൽ ഏറ്റെടുക്കേണ്ട റോഡുകളുടെ അടിസ്ഥാനരേഖ. ഈ പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിനെ നോഡൽ വകുപ്പായും കെ.എസ്.ആർ.ആർ.ഡി.എ-യെ നോഡൽ ഏജൻസിയായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട്

ദേശീയ കാർഷികവികസന ബാങ്ക് (നബാർഡ്) ഗ്രാമ പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 1995-96ൽ ആരംഭിച്ചതാണ് ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്) പദ്ധതി. നബാർഡ് സഹായം ലഭിക്കുന്ന വകുപ്പുകൾക്ക് അവരുടെ വിഹിതം സംസ്ഥാനതല എംപവേർഡ് കമ്മറ്റി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും വാങ്ങി സർക്കാരിന്റെ അനു

മതിക്ക് നൽകുന്നു. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികൾ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് തലത്തിൽ നിർവ്വഹണം നടത്തുന്നു. പ്രധാനമായും 3 മേഖലകളിലാണ് പ്രവൃത്തികൾ അനുവദിക്കുക. കൃഷിയും അനുബന്ധ വിഭാഗങ്ങളും, സാമൂഹികവിഭാഗം, ഗ്രാമീണഗതാഗതസൗകര്യങ്ങൾ എന്നിവയാണവ. ഓരോ സാമ്പത്തിക വർഷവും പ്രവൃത്തികൾക്ക് നബാർഡ് അംഗീകാരം നൽകുന്നത് ടാഞ്ചെ അടിസ്ഥാനത്തിലാണ്. പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം ത്രിതല പഞ്ചായത്തുകൾക്കാണ്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കിവന്നിരുന്ന നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി പുന:സംഘടിപ്പിച്ചുകൊണ്ട് 2014 ഒക്ടോബർ 2 മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ താഴെപറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ഐ.ഇ.സി 2. ശേഷി വികസനം 3. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് 4. ഖരദ്രവ മാലിന്യ സംസ്കരണം (ആസ്തി സൃഷ്ടിക്കൽ) 5. ഭരണചെലവ്.

കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകളുടെ നിർമ്മിതിക്ക് 2 ലക്ഷം രൂപയും (60% കേന്ദ്രം, 30% സംസ്ഥാനം, 10% ഗുണഭോക്താവും) ഖര ദ്രവ മാലിന്യ പരിപാലന പദ്ധതികൾക്ക് പരമാവധി ഒരു ഗ്രാമ പഞ്ചായത്തിന് 20 ലക്ഷം രൂപയും (60% കേന്ദ്രം 40% സംസ്ഥാനം) ഐ.ഇ.സി., പ്രാരംഭചെലവ്, ശേഷി വികസനം എന്നിവയ്ക്കായി പ്രോജക്ടിന്റെ 5% തുകയും ഭരണ ചെലവിന് 2% തുകയും (കേന്ദ്രം 60% സംസ്ഥാനം 40%) ലഭിക്കുന്നു.

സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

നഗരമേഖലകളിൽ ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ ലക്ഷ്യമിട്ട് 2014 ഒക്ടോബർ 2 മുതൽ രാജ്യത്തിന്റെ എല്ലാ നഗര പ്രദേശങ്ങളിലും നിലവിൽ വന്ന പദ്ധതിയാണ് സ്വച്ഛ് ഭാരത് മിഷൻ (അർബൻ). ഗാർഹിക ശൗചാലയം, കമ്മ്യൂണിറ്റി ടോയ്ലറ്റ്, പൊതു ടോയ്ലറ്റുകളും യൂറിനലുകളും ഖരമാലിന്യ സംസ്കരണം, വിവര വിജ്ഞാന വ്യാപനവും ബോധവൽക്കരണവും ശേഷിവികസനവുമാണ് സ്വച്ഛ് ഭാരത് മിഷന്റെ പ്രധാന ഘടകങ്ങൾ.

ഗാർഹിക ശൗചാലയ നിർമ്മിതിക്ക് യൂണിറ്റിന് 15,400 രൂപ വകയിരുത്തിയിരിക്കുന്നതിൽ 4,000 രൂപ കേന്ദ്രവും 2,667 രൂപ സംസ്ഥാനവും 8,733 രൂപ നഗരസഭയും വഹിക്കും. കമ്മ്യൂണിറ്റി, പൊതു ശൗചാലയ നിർമ്മിതിക്ക് ടോയ്ലറ്റ് സീറ്റൊന്നിന് 98000 രൂപ വകയിരുത്തിയിരിക്കുന്നതിൽ 39,200 രൂപ കേന്ദ്രവും 26,134 രൂപ സംസ്ഥാനവും 32,666 രൂപ നഗരസഭയും വഹിക്കും. യൂറിനൽ നിർമ്മാണത്തിന് 32,000 രൂപ വകയിരുത്തിയിരിക്കുന്നതിൽ 12,800 രൂപ കേന്ദ്രവും 8,534 രൂപ സംസ്ഥാനവും 10,666 രൂപ നഗരസഭയും വഹിക്കും. ഖരമാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടിന്റെ 35% ഗ്രാന്റ്/വി.ജി.എഫ് ആയി കേന്ദ്രം അനുവദിക്കും. ബാക്കി 23.3% സംസ്ഥാനവും 41.7% നഗരസഭയും കണ്ടെത്തണം. വിവര വിജ്ഞാന പ്രവർത്തനങ്ങൾക്ക് കേന്ദ്രവിഹിതത്തിന്റെ 12 % വരെ ചെലവഴിക്കാം.

ശുചിത്വ കേരളം (സംസ്ഥാന പ്ലാൻ)

ഖരമാലിന്യ സംസ്ക്കരണ മേഖലയിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിനാണ് സംസ്ഥാന സർക്കാർ മുൻതൂക്കം നൽകിവരുന്നത്. ജൈവ മാലിന്യ സംസ്ക്കരണത്തിന് അനുയോജ്യമായ സാങ്കേതികവിദ്യകൾ കണ്ടെത്തി യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മേഖലയിൽ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് സർക്കാർ ഭാഗിക ധനസഹായം നൽകിവരുന്നു. ജൂൺ-ജൂലൈ മാസങ്ങളിൽ സംസ്ഥാനത്ത് പടർന്നുപിടിക്കാറുള്ള പകർച്ചപ്പനി, മറ്റ് സാംക്രമിക രോഗങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനുള്ള പ്രീ-മൺസൂൺ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ജനങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന് അനുയോജ്യമായ ശീലങ്ങൾ സൃഷ്ടിക്കുന്നതിന് ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങൾ മുഖേന ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2019 - 20 സാമ്പത്തിക വർഷം ശുചിത്വ കേരളം (അർബൻ) 2700 ലക്ഷവും ശുചിത്വകേരളം (റൂറൽ) 3300 ലക്ഷം രൂപയും നിർദ്ദേശിച്ചിട്ടുണ്ട്.

കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ് (സാനിട്ടേഷൻ)

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ സഹായ പദ്ധതിയായിട്ടാണ് കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (സി.സി.ഡി.യു) സാനിട്ടേഷൻ 2008 മുതൽ സംസ്ഥാന ശുചിത്വ മിഷനിൽ പ്രവർത്തിച്ചുവരുന്നത്. ശുചിത്വമാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും വിദ്യാലയങ്ങൾക്കും ആവശ്യമായ ശേഷിവികസന ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ദേശീയ കുടിവെള്ള ശുചിത്വ മന്ത്രാലയത്തിൽ നിന്ന് ആദ്യഘട്ടത്തിൽ നേരിട്ടും രണ്ടാംഘട്ടം മുതൽ കേരള ജല അതോറിറ്റി വഴിയും പ്രവർത്തനഫണ്ട് ലഭ്യമാക്കിയാണ് പദ്ധതി നടത്തിവരുന്നത്.

ന്യൂ നാഷണൽ ബയോഗ്യാസ് & ഓർഗാനിക് മന്വർ പ്രോഗ്രാം

കേന്ദ്ര സർക്കാർ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ന്യൂ നാഷണൽ ബയോഗ്യാസ് പ്ലാന്റ് & ഓർഗാനിക് മന്വർ പ്രോഗ്രാം. ഈ പദ്ധതിയിലൂടെ രാജ്യത്തെ സാധാരണ

കുടുംബാംഗങ്ങൾക്ക് പ്രത്യേകിച്ച് ക്ഷീരകർഷകർക്കും ഇതര കർഷകർക്കും വിവിധ ശേഷിയുള്ള ബയോഗ്യാസ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് സഹായം നല്കുന്നു. ഇതുവഴി പാചക ആവശ്യങ്ങൾക്കുള്ള ഇന്ധനം ഉൾപ്പെടെയുള്ള ഊർജ്ജ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും ബയോഗ്യാസ് പ്ലാന്റിൽ ഉല്പാദിപ്പിക്കപ്പെടുന്ന 'സ്ലറി' ഉപയോഗപ്പെടുത്തി കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ഗ്രാമപ്രദേശങ്ങളിലും ചെറിയ നഗര പ്രദേശങ്ങളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. കേരളത്തിൽ ഗ്രാമവികസന വകുപ്പ്, കാർഷിക കർഷക ക്ഷേമ വകുപ്പ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് എന്നിവ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ ഏജൻസികൾ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ രംഗത്ത് പരിചയ സമ്പന്നരായ ടേൺ കീ ഏജന്റുമാർ വഴി യൂണിറ്റുകൾ നിർമ്മിക്കുന്നു. പ്രധാനമായും 1m3 മുതൽ 25m3 വരെ ശേഷിയുള്ള പ്ലാന്റുകൾ നിർമ്മിക്കുന്നതിനാണ് ഊന്നൽ നല്കുന്നത്. വിവിധ ശേഷിയുള്ള പ്ലാന്റുകൾ നിർമ്മിക്കുന്നതിന് വിവിധ നിരക്കിലുള്ള സബ്സിഡി നല്കുന്നു. പദ്ധതിയിൽ ഗുണഭോക്താക്കളെ ഗ്രാമസഭ വഴിയാണ് തെരഞ്ഞെടുക്കുന്നത്.

അടൽ മിഷൻ ഫോർ റെജ്യൂവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്)

നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ സമൂഹത്തിന്റെ താഴെതട്ടിലുള്ള ജനവിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അമൃത് (അടൽ മിഷൻ ഫോർ റെജ്യൂവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ). തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. 2015-16 മുതൽ 2019-20 വരെയാണ് പദ്ധതി കാലയളവ്. ശുദ്ധജലവിതരണം, സ്വിവറേജ്/സെപ്റ്റേജ് മാനേജ്മെന്റ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് & ഓപ്പൺ സ്പെയ്സ്, സ്റ്റോം വാട്ടർ ടെയിനേജ് എന്നീ അഞ്ച് മേഖലകളിലായി 2357.70 കോടി രൂപയുടെ 389 പ്രധാന പദ്ധതി (1023 സബ് പ്രോജക്ടുകൾ) കൾക്കാണ് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. മൂന്ന് വാർഷിക കർമ്മ പദ്ധതികളായാണ് പദ്ധതി നടപ്പിലാക്കുന്നത്. നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം നഗരസഭാ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ കാര്യശേഷി വികസനവും നഗരസഭാ തലത്തിലുള്ള വിവിധ പരിഷ്കരണങ്ങളായ ഇ-ഗവേണൻസ് മാസ്റ്റർപ്ലാൻ നിർമ്മാണം, ക്രെഡിറ്റ് റേറ്റിംഗ്, വീടുകളുടെ പെർമിറ്റിനുള്ള ഏകജാലക സംവിധാനം തുടങ്ങിയവയും അമൃത് പദ്ധതിയുടെ ഭാഗമാണ്. അംഗീകരിച്ച പദ്ധതികളുടെ കേന്ദ്രവിഹിതമായ 426.98 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതമായ 256.14 കോടി രൂപ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്.

ഗ്രീൻ പ്രോട്ടോക്കോൾ

മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേണ്ടി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ഉപയോഗിക്കുന്നതിന് പ്രചാരം കൊടുക്കുകയും ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിലൂടെ വളമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം. ഇത് ജീവിതത്തിന്റെ നാനാതുറകളിലുമെത്തിക്കുന്നതിനുള്ള തീവ്രശ്രമമാണ് ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടത്തുന്നത്. മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധിയോളം കുറയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതും കത്തിക്കുന്നത് മൂലവുമുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും. വൻ ജനപങ്കാളിത്തമുണ്ടാകുന്ന ഉത്സവങ്ങളിലും ആഘോഷങ്ങളിലും മേളകളിലും വിവാഹങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് വൻതോതിലുള്ള മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാണ്. 2015 ദേശീയ ഗെയിംസിൽ തുടക്കമിട്ട ഗ്രീൻ പ്രോട്ടോക്കോൾ നിലവിൽ സർക്കാരിന്റെ എല്ലാ പ്രധാന ചടങ്ങുകളിലും നിരവധി സ്വകാര്യ ചടങ്ങുകളിലും ഉത്സവങ്ങളിലും കലാകായിക മേളകളിലും കല്ല്യാണങ്ങളിലും സർക്കാർ ഓഫീസുകളിലും പാലിച്ചുവരുന്നു.

ഗ്രീൻ പ്രോട്ടോക്കോൾ തത്വങ്ങൾ

- നിത്യജീവിതത്തിൽ നിന്ന് എല്ലാത്തരം (പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെ) ഡിസ്പോസിബിൾ സാധനങ്ങളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക • ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക (സ്റ്റീൽ, ചില്ല് തുടങ്ങിയവ) • നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും മേൽ വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്യുക • ജൈവ - അജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിക്കുക • ജൈവമാലിന്യം കമ്പോസ്റ്റിങ്ങിലൂടെ വളമാക്കുകയോ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക • അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയാക്കി ഉണക്കി സൂക്ഷിക്കേണ്ടതും അത് നിശ്ചിത അളവാകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ പാഴ്വസ്തു വ്യാപാരികൾക്കോ പുനഃചംക്രമണത്തിനായി കൈമാറുകയും ചെയ്യുക. • ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതും, തുണിയിലോ ചണത്തിലോ പേപ്പറിലോ നിർമ്മിച്ച പ്രകൃതിക്കിണങ്ങുന്ന സഞ്ചികൾ സാധനം വാങ്ങാൻ പോകുമ്പോൾ ആവശ്യാനുസരണം കൈയ്യിൽ കരുതുകയും ചെയ്യുക. സാധനങ്ങൾ പരമാവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കുക. • ആഹാര വസ്തുക്കൾ പാഴ്സലായ് വാങ്ങുന്നതിന് കടകളിൽ പോകുമ്പോൾ പ്രകൃതി സൗഹൃദ പാത്രങ്ങൾ ആവശ്യാനുസരണം കൈയ്യിൽ കരുതുക. • അപകടകരമായ മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം ഒഴിവാക്കേണ്ടതും ആയത് പ്രത്യേകം വൃത്തിയാക്കി സൂക്ഷിക്കേണ്ടതും പുനഃചംക്രമണത്തിനായി അത് ശേഖരിക്കുന്ന വ്യക്തികൾക്കോ സ്ഥാപനത്തിനോ നൽകേണ്ടതുമാണ്. • ഫ്ളക്സുകൾക്ക് പകരം

തുണിയിൽ നിർമ്മിച്ച ബാനറുകൾ ഉപയോഗിക്കുക • ഇ - മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതും അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് യഥാസമയം കൈമാറേണ്ടതുമാണ്.

സ്വാപ് ഷോപ്പുകൾ

പാശ്ചാത്യ രാജ്യങ്ങളിൽ പ്രചാരമുള്ളതും എന്നാൽ നമ്മുടെ നാട്ടിൽ പരീക്ഷിച്ചിട്ടില്ലാത്തതുമായ ആശയമാണ് സ്വാപ്പ് ഷോപ്പുകൾ. ഈ ആശയം ശുചിത്വമിഷൻ ഏറ്റെടുത്ത് നടപ്പിലാക്കിയതിലൂടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കാനും അതുവഴി വിലപ്പെട്ട പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കാനും സഹായകരമായി. ഒരു വ്യക്തി ഉപയോഗിച്ച വസ്തു തന്റെ ആവശ്യത്തിനുശേഷം വലിച്ചെറിയുന്നതിനുപകരം മറ്റൊരാളുടെ ആവശ്യത്തിനായി കൈമാറ്റം ചെയ്യപ്പെടാനുള്ള ഒരവസരമാണ് സ്വാപ്പ് ഷോപ്പുകളിലൂടെ സംജാതമാകുന്നത്. ഉദാ: കുട, ബാഗ്, തുണിത്തരങ്ങൾ, ഇലക്ട്രോണിക് സാധനങ്ങൾ മുതലായവ. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പരിപൂർണ്ണ സഹകരണത്തിലൂടെ സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിച്ചു വരുന്നു.

രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ)

ഗ്രാമപഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധിപ്പിച്ച് അവയെ ശാക്തീകരിക്കുന്നതിനും ജനാധിപത്യവികേന്ദ്രീകരണം ശക്തിപ്പെടുത്തി പ്രാദേശിക വികസന പ്രക്രിയയിൽ കൂടുതൽ ജനപങ്കാളിത്തം ലക്ഷ്യമാക്കികൊണ്ടും 2013ൽ ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാജീവ്ഗാന്ധി പഞ്ചായത്ത് ശാശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ). ഈ പദ്ധതി 2017ൽ പുനരാവിഷ്കരിച്ച് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ. ജി. എസ്. എ) എന്ന പേരിൽ നടപ്പാക്കി വരുന്നു. പദ്ധതിയിൽ പരിശീലനപരിപാടികൾക്കാണ് മുൻതൂക്കം. കേരളത്തിൽ കിലയാണ് പരിശീലന ഘടകത്തിന്റെ നിർവ്വഹണ ഏജൻസി. മറ്റു പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് ആർ.ജി.എസ്.എ. കേരള നോഡൽ ഓഫീസർ കൂടിയായ പഞ്ചായത്ത് ഡയറക്ടറാണ്. 60:40 എന്ന അനുപാതത്തിലാണ് പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം. കേരളത്തിൽ 2013-14 മുതലാണ് പദ്ധതി നടപ്പാക്കിവരുന്നത്.

ഈ പദ്ധതിയിൽ ത്രിതല പഞ്ചായത്തുകളുടെ സ്ഥാപനശേഷി വർദ്ധനവ്, കാര്യശേഷി വികസനം, സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ, ബോധവൽക്കരണം എന്നീ ഘടക പദ്ധതിയിലൂടെ വിവിധ പ്രവൃത്തികൾ നടപ്പാക്കി വരുന്നു. ആർജിഎസ്എ ഫണ്ടിന്റെ സംസ്ഥാന വിഹിതം മാത്രം വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും ഐ. എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി 2018 മാർച്ചിൽ ആരംഭിച്ചു. നാളിതുവരെ 847 പഞ്ചായത്തുകൾക്ക് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. 2014-15 വരെ കേന്ദ്രവിഹിതമായി 3107.50 ലക്ഷവും സംസ്ഥാന വിഹിതമായി 500 ലക്ഷവും അനുവദിച്ചിട്ടുണ്ട്. 2016-17 ൽ 2852.47 ലക്ഷം രൂപയുടെയും 2017-18-ൽ 2950.15 ലക്ഷം രൂപയുടെയും 2018-19 ൽ 5178 ലക്ഷം രൂപയുടെയും 2019-20ൽ 5068 ലക്ഷം രൂപയുടെയും പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനും പഞ്ചായത്ത് വകുപ്പിനെ സഹായിക്കുന്നതിനുമായി പഞ്ചായത്ത് ഡയറക്ടറേറ്റിലും ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ആർ.ജി.എസ്.എ.പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് തലത്തിലോ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ നൂതന പ്രോജക്ടുകൾ/മാതൃകാ പ്രോജക്ടുകൾ (Innovative, Income development & Income enhancement projects) ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. നൂതന പ്രോജക്ടുകൾക്ക് സംസ്ഥാനത്തിന് പരമാവധി ഒരു വർഷത്തിൽ 10 കോടി രൂപ ലഭിക്കുന്നതാണ്. Income development വിഭാഗത്തിൽ ഒരു പ്രോജക്ടിന് ശരാശരി 2 കോടി നിരക്കിൽ പരമാവധി 5 കോടി രൂപ ലഭ്യമാകുന്നതാണ്. ഫോൺ- 0471 2786304

ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം

ആരോഗ്യ-കുടുംബക്ഷേമ രംഗത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 2005 കാലയളവിൽ കേന്ദ്രസർക്കാർ ദേശീയതലത്തിൽ ആരംഭിച്ച പദ്ധതിയാണ് ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം (എൻ.ആർ.എച്ച്.എം). 2013 മുതൽ ദേശീയ ആരോഗ്യദൗത്യം എന്ന പേരിൽ അറിയപ്പെടുന്ന ഈ പദ്ധതി കേരളത്തിൽ ആരോഗ്യകേരളം എന്ന പേരിൽ ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യ കുടുബക്ഷേമ സൊസൈറ്റിയായി പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ മേഖലയിലെ വിശിഷ്യാ ആദിവാസി, തീരദേശ, നഗരആരോഗ്യ മേഖലകളിൽ സുസ്ഥിരമായി ആരോഗ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ദേശീയ ആരോഗ്യ ദൗത്യം സുപ്രധാന പങ്കുവഹിക്കുന്നു. ദേശീയ ആരോഗ്യ ദൗത്യം പരിപാടിയുടെ നടത്തിപ്പിനായുള്ള ധനസഹായം ലഭിക്കുന്നത് ആരോഗ്യകേരളം വഴിയാണ്. ജില്ലാ തലത്തിൽ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റികൾ രൂപീകരിച്ച് ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ എൻ എച്ച് എം പരിപാടികൾ നടപ്പാക്കിവരുന്നു.

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ലക്ഷ്യങ്ങൾ

ജനപങ്കാളിത്തത്തോടെയുള്ള ആരോഗ്യ സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സേവനലഭ്യത ഉറപ്പുവരുത്തുക, മരുന്നുകളുടെയും, ആശുപത്രി-ലബോറട്ടറി അനുബന്ധസേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുക, ആരോഗ്യസേവനങ്ങൾ പരമാവധി സാമൂഹിക പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ജനങ്ങൾക്ക് ലഭ്യമാക്കുക, മാതൃ-ശിശുമരണ നിരക്ക് കുറയ്ക്കുക, കൗമാര ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുക, രോഗപ്രതിരോധം, രോഗനിർമ്മാർജ്ജനം, നിയന്ത്രണം, അവബോധം, പരിശീലനം, പെരുമാറ്റ നയ രൂപീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക,

ജീവിതശൈലീരോഗങ്ങൾ തടയുക, ജീവിത നൈപുണ്യ വികസനം, മാനസികാരോഗ്യം, പൊതുജനാരോഗ്യം എന്നിവയുടെ പ്രായോഗിക തലങ്ങളിലുള്ള അറിവും അവബോധവും നൽകുക തുടങ്ങി വിവിധങ്ങളായ പ്രവർത്തന പദ്ധതികൾ ആരോഗ്യ ദൗത്യത്തിന്റെ ലക്ഷ്യങ്ങളാണ്.

ദേശീയ ആരോഗ്യ ദൗത്യത്തിലൂടെ നടപ്പിലാക്കുന്ന പ്രധാന ആരോഗ്യ പദ്ധതികൾ

ജനപങ്കാളിത്തത്തോടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അനുബന്ധ വകുപ്പുകളും ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യപദ്ധതി, കൗമാരപ്രായക്കാർക്കിടയിലെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ചികിത്സനൽകുന്നതിനും വേണ്ടിയുള്ള കൗമാര ആരോഗ്യ പദ്ധതി, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള ക്രാഷ് പദ്ധതി, ദേശീയതലത്തിൽ ആശുപത്രികളുടെ ഗുണനിലവാര പ്രവർത്തനങ്ങൾ വിലയിരുത്തൽ (എൻ എ ബി എച്ച് അക്രഡിറ്റേഷൻ), ആരോഗ്യ സംബന്ധിയായ വിവരശേഖരണവും ക്രോഡീകരണവും നടത്തുന്ന ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യസേവനത്തെക്കുറിച്ച് താഴെത്തട്ടിൽ ബോധവൽക്കരണം നടത്തുന്നതിനും സഹായം നൽകുന്നതിനുമുള്ള ആശ പദ്ധതി, സ്ഥാപനങ്ങളുടെ ശാക്തീകരണം, ആയുഷ് (ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി) വിഭാഗങ്ങൾ ശക്തിപ്പെടുത്തൽ,അമ്മയും കുഞ്ഞും പദ്ധതി, ജനനി സുരക്ഷ യോജന, ജീവിത ശൈലീരോഗ നിർണ്ണയം, സാന്ത്വന ശ്രുശ്രൂഷ പദ്ധതി, വിദ്യാലയ ആരോഗ്യ പദ്ധതി, മാനസികാരോഗ്യ പദ്ധതി, ആരോഗ്യ കിരണം, നൃബോൺ സ്ക്രീനിംഗ് പരിപാടി, ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ, സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും വൈദ്യസഹായവും കൗൺസിലിംഗും നൽകുന്നതിനും ഭ്രമിക (ഒ എസ് സി സി), റേഡിയോ ഹെൽത്ത്, ആരോഗ്യ സംബന്ധിയായ വിവരങ്ങൾ അറിയുന്നതിനും സംശയനിവാരണത്തിനുമായുള്ള ദിശ പരിപാടി, മിഷൻ ഇന്ദ്രധനുഷ്, സുകൃതം തുടങ്ങിയ പദ്ധതികൾ ആരോഗ്യകേരളം പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

സർവ്വ ശിക്ഷാ അഭിയാൻ

ഗുണനിലവാരമുള്ള സാർവത്രിക പ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ). ത്രിതല പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ എന്നിവ കൂട്ടായി ഈ പദ്ധതി നടപ്പാക്കി വരുന്നു. എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കുക, ഒന്നാം തരത്തിൽ ചേരുന്ന എല്ലാ കുട്ടികളും കൊഴിഞ്ഞുപോകാതെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുക, ഇക്കാര്യങ്ങളിൽ ആൺ പെൺ വിവേചനം അവസാനിപ്പിക്കുക, മുഴുവൻ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നിവയാണ് എസ്.എസ്.എയുടെ ലക്ഷ്യങ്ങൾ. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള പ്രൈമറി എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി, കേരള (പെഡസ്ക്) ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നു. സംസ്ഥാനതലത്തിൽ ഒരു ജനറൽബോഡിയും ഗവേണിംഗ് ബോഡിയും എസ്.എസ്.എയ്ക്കുണ്ട്. ഗവേണിംഗ് ബോഡിയിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.സി.ഇ.ആർ.ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ (DPI), സംസ്ഥാന സർക്കാർ പ്രതിനിധികൾ, കേന്ദ്രസർക്കാർ പ്രതിനിധികൾ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. പെഡസ്കിന്റെ കൺവീനർ കൂടിയായ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. സംസ്ഥാനതലത്തിൽ എസ്.എസ്.എയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർമാരും ഉണ്ട്. കേരളത്തിലെ 14 ജില്ലകളിലും എസ്.എസ്.എയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ജില്ലാ പ്രോജക്ട് ഓഫീസർമാരാണ്. ജില്ലാ പ്രോഗ്രാം ഓഫീസർമാർ ഇദ്ദേഹത്തെ സഹായിക്കുന്നു. ഡി.ഡി.ഇ, ഡി.ഐ.ഇ.റ്റി പ്രിൻസിപ്പൽ, ഡി.പി.ഒ എന്നിവരുൾപ്പെടുന്ന സമിതി ജില്ലാ വിദ്യാഭ്യാസ സമിതിയെടുക്കുന്ന നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കാൻ ബാധ്യസ്ഥമാണ്. ജില്ലാ പ്രോജക്ട് ഓഫീസുകൾക്ക് തൊട്ടുതാഴെ ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ബി.ആർ.സികൾ നിലവിലുണ്ട്. ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളാണ് എസ്.എസ്.എയുടെ പ്രാദേശികതല സ്ഥാപനങ്ങൾ.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

14-നും 18-നും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച വിദ്യാഭ്യാസ പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ). 2017-ഓടെ 14-നും 18-നും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികളും സ്കൂളിൽ എത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുക, 2020-ഓടെ എല്ലാ കുട്ടികളും സ്കൂളുകളിൽ നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, പരസഹായം ആവശ്യമുള്ള കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ നൽകുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അദ്ധ്യാപകരെയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, ഓരോ 5 കിലോമീറ്ററിനുള്ളിലും സെക്കന്ററി സ്കൂളുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക, ജാതി-മത-സാമ്പത്തിക-സാമൂഹിക വ്യത്യാസങ്ങളില്ലാതെ എല്ലാവർക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം സ്ഥിരമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ. പ്രസ്തുത പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം 75:25 ആണ്.

സംയോജിത ശിശു വികസന സേവന പദ്ധതി

ആരോഗ്യമുള്ള ജനവിഭാഗമാണ് ഒരു രാഷ്ട്രത്തിന്റെ മുതൽക്കൂട്ട് എന്ന ആശയം മുന്നിൽക്കണ്ടുകൊണ്ട് 1975ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി. സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ്

മുഖാന്തരം നടപ്പിലാക്കി വരുന്ന ഏറ്റവും ബൃഹത്തായ പദ്ധതിയാണിത്. സമഗ്ര ശിശുവികസനത്തിൽ അനിവാര്യമായ വ്യത്യസ്ത സേവനങ്ങൾ ഒരേസമയം ഒരേ സ്ഥലത്തുനിന്ന് ലഭ്യമാക്കി മെച്ചപ്പെട്ട പ്രയോജനം സാദ്ധ്യമാക്കുക എന്നതാണ് ഐസിഡിഎസിന്റെ ദർശനം. മാനവശേഷി വികസനം ലക്ഷ്യമാക്കി മാതൃശിശുക്ഷേമ സേവനങ്ങൾ ഒരുമിച്ച് ലഭ്യമാക്കുന്നതിന് ഏറ്റവും താഴെത്തട്ടിലുള്ള സാമൂഹ്യ വിഭവ കേന്ദ്രമാണ് ഐസിഡിഎസ് പദ്ധതിയിലെ അംഗൻവാടി കേന്ദ്രങ്ങൾ. സംസ്ഥാനമൊട്ടാകെ 258 ഐസിഡിഎസ് പ്രോജക്ടുകളിലായി 33,115 അംഗൻവാടികളും 129 മിനി അംഗൻവാടികളും പ്രവർത്തിച്ചുവരുന്നുണ്ട്. 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷണാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക, ശിശുവിന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക, ശിശുമരണം, രോഗാതുരത, പോഷണക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറയ്ക്കുക, ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക. ശിശുക്കളുടെ ശരിയായ ആരോഗ്യവും പോഷണാവശ്യകതയും ശ്രദ്ധിക്കുവാൻ തക്കവിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺ കുട്ടികൾ, 18നും 45 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം, ആരോഗ്യ പരിശോധന, പരാമർശ സേവനം, ആരോഗ്യ പ്രതിരോധ കുത്തിവയ്പും ചികിത്സയും, ആരോഗ്യ പോഷണ വിദ്യാഭ്യാസം, അനൗപചാരിക പ്രീ- പ്രൈമറി വിദ്യാഭ്യാസം എന്നിവയാണ് പദ്ധതി പ്രദാനം ചെയ്യുന്ന സേവനങ്ങൾ.

രാഷ്ട്രീയ കൃഷി വികാസ് യോജന

കൃഷി, അനുബന്ധമേഖലകളുടെ വികസനത്തിനായി ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനായി കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന ഒരു പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. പ്രസ്തുത പദ്ധതിയുടെ കീഴിൽ പദ്ധതി അനുവദിച്ചു കിട്ടുന്നതിനായി ചില നടപടിക്രമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നീ മേഖലകളുമായി ബന്ധപ്പെട്ടവയും പ്രാദേശിക ആവശ്യകത, വിഭവലഭ്യത എന്നിവ കൂടി കണക്കിലെടുത്ത് ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ ജില്ലാ കളക്ടർ ചെയർമാനായുള്ള കമ്മിറ്റിക്കു സമർപ്പിക്കും. കമ്മിറ്റി ഇവ വിശദമായി പരിശോധിക്കുകയും നിബന്ധനകൾ പാലിച്ചുള്ള പദ്ധതികൾ ചീഫ് സെക്രട്ടറി ചെയർമാനായുള്ള കമ്മിറ്റിക്ക് പദ്ധതി അംഗീകാരത്തിനായി നൽകുകയും ചെയ്യുന്നു. സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അവ നടപ്പാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക്/ഏജൻസികൾക്ക് നൽകുന്നു.

ഭക്ഷ്യവിളകളായ നെല്ല്, പയർ വർഗ്ഗങ്ങൾ, ചോളം തുടങ്ങിയ ധാന്യങ്ങൾ, എണ്ണക്കുരുക്കൾ തുടങ്ങിയവയുടെ വികസനം, യന്ത്രവൽക്കരണം, കാർഷിക വിപണനം, വിപണി വികസനം, മണ്ണുജല സംരക്ഷണം, മൃഗസംരക്ഷണം, ചെറുകിട ജലസേചനം, വാട്ടർഷെഡ് പ്രദേശങ്ങളുടെ സമഗ്രവികസനം, കാർഷിക പഠനയാത്ര, സംയോജിത കീടരോഗ നിയന്ത്രണം തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികൾ RKVY യിലൂടെ നടപ്പാക്കാവുന്നതാണ്. ഇതിലേക്കാവശ്യമായ ഫണ്ട് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്കു നൽകുന്നു

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം)

സംസ്ഥാനത്ത് 2009-10 മുതൽ തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത നീർത്തട പരിപാലന പദ്ധതി (ഐ.ഡബ്ല്യു.എം.പി.) 2015-16 മുതൽ ഈ പദ്ധതി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.) എന്ന ബൃഹദ് പദ്ധതിയുടെ നീർത്തടഘടകമായി പുനരാവിഷ്കരിച്ചിരിക്കുന്നു. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയും അതിലൂടെ മണ്ണിന്റെ ജൈവസന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. ഭൂഗർഭ ജലവിതാനം ക്രമാനുഗതമായി ഉയർത്തുക, കാർഷിക അനുബന്ധമേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, ജീവനോപാധി പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ ജനതയുടെ തൊഴിലും വരുമാനവും മെച്ചപ്പെടുത്തി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നിവ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതി നടത്തിപ്പിനായി വിപുലമായ സംഘടനാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ലവൽ സാങ്ഷനിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.) ആനുവൽ ആക്ഷൻ പ്ലാനിന് അംഗീകാരം നൽകുന്നു. പ്രസ്തുത കമ്മിറ്റിയുടെ സംസ്ഥാനതലത്തിൽ കാർഷികോൽപ്പാദന കമ്മിഷണർ ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി കോ-ചെയർമാനും ഗ്രാമവികസന കമ്മിഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി സ്റ്റേറ്റ് ലവൽ നോഡൽ ഏജൻസി (എസ്.എൽ.എൻ.എ)-യും ഏജൻസിയെ സഹായിക്കുന്നതിന് സാങ്കേതിക വിദഗ്ധരും നിലവിലുണ്ട്. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും പ്രോജക്ട് ഡയറക്ടർ കൺവീനറുമായുള്ള വാട്ടർഷെഡ് സെൽ കം ഡാറ്റ സെന്റർ രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളാണ് പദ്ധതി നിർവ്വഹണ ഏജൻസികൾ. ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് സാങ്കേതിക വിദഗ്ധർ അടങ്ങിയ നീർത്തട വികസന ടീമുകൾ (ഡബ്ല്യു.ഡി.റ്റി.) സഹായിക്കുന്നു. ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അധ്യക്ഷനും വി.ഇ.ഒ. സെക്രട്ടറിയുമായി നീർത്തട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ താഴെത്തട്ടിലുള്ള നിർവ്വഹണത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം നീർത്തട കമ്മിറ്റികളിൽ നിക്ഷിപ്തമായിരിക്കുന്നു.

ഇംപാക്ട് കേരള

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ KIFBI ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാർ 27.10.2017ന് IMPACT KERALA Ltd എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. ആകെ 550 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

KIFBI ധനസഹായത്തോടെ SPV മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ആധുനിക അറവുശാല നിർമ്മാണം (100 കോടി)
2. ഗ്യാസ് ക്രിമറ്റോറിയം (100 കോടി)
3. മാർക്കറ്റ് ആധുനികവൽക്കരണം (100 കോടി)
4. പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകൾക്കുള്ള മുൻസിപ്പൽ കെട്ടിട നിർമ്മാണം (100 കോടി)
5. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്സ് (150 കോടി)

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം നടത്തുന്നത് പഞ്ചായത്ത് ഡയറക്ടറാണ്. welfarepension.lsgkerala.gov.in വെബ്സൈറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് 2015 ഏപ്രിൽ മാസം മുതൽ ഗുണഭോക്താക്കളുടെ ബാങ്ക്, പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കും ഇലക്ട്രോണിക് മണി ഓർഡർ മുഖേനയും പെൻഷൻ വിതരണം ആരംഭിച്ചത്. 2016 ഏപ്രിൽ മുതൽ ബന്ധപ്പെട്ട അക്കൗണ്ട് ഹെഡുകളുടെ നിയന്ത്രണാധികാരിയായും പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. 2016 ജൂലൈ മാസം മുതൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതു കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സേവനം ഉപയോഗിച്ച് പെൻഷൻ നേരിട്ട് ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു. (2019 ഡിസംബർ 10 വരെയുള്ള കണക്കുപ്രകാരം)

പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം
ദേശീയ വാർദ്ധക്യകാല പെൻഷൻ	24,36,343
ദേശീയ വിധവാ പെൻഷൻ	13,41,475
ദേശീയ വികലാംഗ പെൻഷൻ	4,02,781
കർഷക തൊഴിലാളി പെൻഷൻ	4,56,034
50 വയസിനുമേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ	83,905
ആകെ	**47,20,538**

തദ്ദേശസ്വയംഭരണ വകുപ്പ് വെബ്പോർട്ടൽ (www.lsgkerala.gov.in)

തദ്ദേശസ്വയംഭരണ വകുപ്പിനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും കുറിച്ചുള്ള ആധികാരികമായ വിവരങ്ങൾ ലഭ്യമാക്കുന്ന സമഗ്രമായൊരു വെബ്പോർട്ടൽ www.lsgkerala.gov.in 2002 ഡിസംബർ 9-ന് നിലവിൽ വന്നു. അധികാര വികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും മുഖ്യ വിവരസ്രോതസ്സായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരസഞ്ചയമായും വിഭാവനം ചെയ്തിട്ടുള്ള ഈ വെബ്പോർട്ടൽ മലയാളത്തിലും ഇംഗ്ലീഷിലും സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. കേരളത്തിലെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സംബന്ധിച്ച ഭൂമിശാസ്ത്രപരവും ചരിത്രപരവും ജനസംഖ്യാപരവുമായ വിശദാംശങ്ങളും സാമൂഹ്യ-സാമ്പത്തിക അവസ്ഥ സംബന്ധിച്ച വിവരങ്ങളും ഇതിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെയും അനുബന്ധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന എല്ലാ ഓൺലൈൻ സേവനങ്ങളും വെബ്പോർട്ടലിൽ ലഭ്യമാണ്. പ്രാദേശിക ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട ആക്ടുകൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ വെബ് പോർട്ടലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്, പഞ്ചായത്ത്, നഗരകാര്യ ഡയറക്ടറേറ്റുകൾ, ഗ്രാമവികസന കമ്മിഷണറേറ്റ് എന്നിവയുടെ സഹകരണത്തോടെ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ കൂട്ടിച്ചേർത്ത് വെബ്പോർട്ടൽ പരിപാലിക്കുന്നത് ഇൻഫർമേഷൻ കേരള മിഷനാണ്.

വെബ് അധിഷ്ഠിത സേവനങ്ങൾ ഒറ്റനോട്ടത്തിൽ

ഭരണ നിർവ്വഹണത്തിനു ഉപകാരപ്രദമായ പദ്ധതിവിവരങ്ങൾ, പൊതുജനങ്ങൾക്ക് നിത്യജീവിതത്തിൽ വേണ്ടുന്ന ജനനമരണവിവാഹ സർട്ടിഫിക്കറ്റുകൾ, വസ്തുനികുതി വിവരങ്ങൾ,സാമൂഹ്യസുരക്ഷാ പെൻഷൻ, കെട്ടിടനിർമ്മാണ പെർമിറ്റുകൾ, സർക്കാർ ഉത്തരവുകൾ, യോഗനടപടിക്രമങ്ങളും തീരുമാനങ്ങളും, ടെണ്ടർ പരസ്യങ്ങൾ, ഫയലുകളുടെ നിജസ്ഥിതി, ജി.ഐ.എസ് മാപ്പുകൾ എന്നിങ്ങനെ സമസ്ത മേഖലകളിലെ വിവരങ്ങളും വെബ് പോർട്ടൽ വഴി ലഭ്യമാണ്. കൂടാതെ ഔദ്യോഗിക

ആവശ്യങ്ങൾക്കായുള്ള പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ, അക്കൗണ്ടിംഗ് സംവിധാനം, വിവിധ നികുതികളും ഫീസുകളും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം എന്നിവയെല്ലാം വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ ക്രോഡീകരിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും സാധ്യമാകുന്നു. വെബ് പോർട്ടലിലെ വിവരങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിന് webmaster@ikm.org.in ഇ മെയിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്ത് രാജ് (മാസിക)

മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച് വന്നിരുന്ന പഞ്ചായത്ത് രാജ് മാസികയുടെ പ്രാദേശിക പതിപ്പുകൾ തദ്ദേശഭാഷയിൽ പ്രസിദ്ധപ്പെടുത്തണമെന്ന് നിർദ്ദേശിച്ചതിനെത്തുടർന്ന് 1961 ആഗസ്റ്റ് മാസം മുതൽ മലയാളത്തിൽ പഞ്ചായത്ത് രാജ് മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചു. കേരളത്തിൽ ശക്തമായ പഞ്ചായത്ത് ഭരണത്തിന് തുടക്കം കുറിച്ചപ്പോൾ പഞ്ചായത്ത് രാജ് മാസിക പഞ്ചായത്ത് ഭരണത്തിന്റെ ഭാഗമായി മാറുകയായിരുന്നു. ഗ്രാമഭരണത്തെക്കുറിച്ചുള്ള നിയമങ്ങൾ, ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ ആധികാരികവും കാലികപ്രാധാന്യവുമായ ലേഖനങ്ങൾ, പഠനങ്ങൾ, ഫീച്ചറുകൾ, വികസന റിപ്പോർട്ടുകൾ, വാർത്തകൾ, വിശദീകരണങ്ങൾ തുടങ്ങിയവയാണ് പ്രധാനമായും മാസികയിൽ പ്രസിദ്ധപ്പെടുത്തിവരുന്നത്. പഞ്ചായത്ത് സമിതികൾക്കും ഉദ്യോഗസ്ഥന്മാർക്കും പൊതുജനങ്ങൾക്കും പഞ്ചായത്തു ഭരണത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് സഹായകമാണ് ഈ മാസിക. ഗ്രാമവികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഈ മാസിക ഊർജ്ജം പകരുന്നു. കേരളത്തിലെ എല്ലാ ജനപ്രതിനിധികൾക്കും തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പഞ്ചായത്ത്രാജ് ലഭ്യമാക്കുന്നുണ്ട്. കൂടാതെ 120 രൂപ വാർഷിക വരിസംഖ്യ അടയ്ക്കുന്ന പൊതുജനങ്ങൾക്കും പഞ്ചായത്ത് രാജ് ലഭിക്കും. വരിക്കാരാകാൻ ആഗ്രഹിക്കുന്നവർ എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് രാജ് മാസിക, പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം-33 എന്ന വിലാസത്തിൽ വരിസംഖ്യ പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ മണിയോർഡറായോ ഡിഡി ആയോ അയയ്ക്കേണ്ടതാണ്. www.lsgkerla.gov.in, www.dop.lsgkerla.gov.in എന്ന വെബ്സൈറ്റുകളിലും മാസിക ലഭ്യമാണ് e mail : prmdp2018@gmail.com

ഗ്രാമഭൂമി (ദ്വൈമാസിക)

1980 മാർച്ചിൽ പ്രസിദ്ധീകരണം ആരംഭിച്ച ഗ്രാമഭൂമി, 1983 ഏപ്രിൽ മുതലാണ് ദ്വൈമാസികയാക്കിയത്. ഗ്രാമവികസന വകുപ്പിനെക്കുറിച്ചുള്ള ആധികാരിക വിവരങ്ങൾ, സർക്കാരിൽ നിന്ന് നൽകിവരുന്ന ആനുകൂല്യങ്ങളെ കുറിച്ചും ഗ്രാമതലത്തിൽ നടപ്പാക്കുന്ന പദ്ധതികളെ കുറിച്ചുമുള്ള വിശദാംശങ്ങൾ, ബോധവത്ക്കരണ ലക്ഷ്യത്തോടെയുള്ള രചനകൾ, വിജ്ഞാനവും മാനസികോല്ലാസവും നല്കുന്ന കൃതികൾ എന്നിങ്ങനെ ഗ്രാമീണ ജനതയുടെ സമഗ്രവികസനത്തിനനുയോജ്യമായ എല്ലാ വിഭവങ്ങളും ഇതിൽ ഒരുക്കിയിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും വി.ഇ.ഒ മാർക്കും ഗ്രാമീണ ഗ്രന്ഥശാലകൾക്കും ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർക്കും ജില്ലാ പഞ്ചായത്ത് മെമ്പർമാർക്കും എം.എൽ.എ മാർക്കും എം.പി മാർക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഗ്രാമഭൂമി ലഭ്യമാക്കുന്നുണ്ട്. കൂടാതെ 24 രൂപ ദ്വൈവാർഷിക വരിസംഖ്യ അടയ്ക്കുന്ന പൊതുജനങ്ങൾക്കും ഗ്രാമഭൂമി ലഭിക്കും. വരിക്കാരാകാൻ ആഗ്രഹിക്കുന്നവർ ചീഫ് എഡിറ്റർ, ഗ്രാമഭൂമി, റൂറൽ ഇൻഫർമേഷൻ ഓഫീസ്, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ. പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ 24 രൂപ മണിയോർഡറായി അയയ്ക്കേണ്ടതാണ്.

പ്രധാന സർക്കാർ പ്രസിദ്ധീകരണങ്ങൾ

- പഞ്ചായത്ത് രാജ് മാസിക (പഞ്ചായത്ത് വകുപ്പ്)
- സമകാലിക ജനപഥം (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്)
- Kerala calling (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്)
- ഗ്രാമഭൂമി (റൂറൽ ഇൻഫർമേഷൻ ബ്യൂറോ)
- കില വാർത്താപത്രിക (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)
- കേരളത്തിന്റെ കുടുംബശ്രീ (കുടുംബശ്രീ)
- ലൈഫ് ന്യൂസ് ലെറ്റർ (ലൈഫ് മിഷൻ)

സംഘടനകൾ

കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ സംസ്ഥാനതല സംഘടനയാണിത്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ ഏകീകൃതവും ഊർജ്ജസ്വലവുമായ പ്രവർത്തനം ലക്ഷ്യമാക്കിയാണ് ഈ സംഘടനയ്ക്ക് രൂപം നല്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നുമാണ് ഇതിന്റെ കമ്മിറ്റിയെയും ഭാരവാഹികളെയും തെരഞ്ഞെടുക്കുന്നത്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന തടസ്സങ്ങൾ, പ്രശ്നങ്ങൾ എന്നിവ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുക, പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണ നൽകുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് സംഘടന പ്രവർത്തിക്കുന്നത്.സംഘടനയുടെ ആസ്ഥാനം തിരുവനന്തപുരത്ത് ശ്രീ. അഹമ്മദ് കുരിക്കൾ

സ്മാരക മന്ദിരത്തിലാണ് (പഞ്ചായത്ത് ഭവൻ). സർക്കാരിന്റെയും ഗ്രാമപഞ്ചായത്തുകളുടെയും സഹകരണത്തോടെ നിർമ്മിച്ചിട്ടുള്ള പഞ്ചായത്ത് ഭവനിൽ വിപുലമായ സൗകര്യങ്ങളുള്ള ഒരു ആഡിറ്റോറിയവും മറ്റ് ഓഫീസ് താമസസൗകര്യങ്ങളും മിനി കോൺഫറൻസ് ഹാളുകൾ, പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്രദമായ വിധത്തിൽ വിപുലമായ ലൈബ്രറി സംവിധാനവും ഒരുക്കിയിട്ടുണ്ട്. ആഡിറ്റോറിയവും മിനി കോൺഫറൻസ് ഹാളും പൊതുജനങ്ങൾക്ക് വാടകയ്ക്ക് ലഭ്യമാണ്.

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ സംസ്ഥാനതല സംഘടനയാണ് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുമാണ് ഇതിന്റെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരം സ്വരാജ് ഭവനിലാണ്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേമ്പർ

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളുടെ സംസ്ഥാനതല സംഘടനയാണ് കേരള ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേമ്പർ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുമാണ് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്.

ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർമെൻ

സംസ്ഥാനത്തെ നഗരസഭകളുടെ ഭരണപരവും അല്ലാത്തതുമായ വിവിധ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് പ്രവർത്തിക്കുന്ന സ്ഥാപനമാണ് ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർമെൻ. 1978-ൽ സ്ഥാപിതമായ ചേംബറിൽ തെരഞ്ഞെടുക്കപ്പെട്ട നഗരസഭാ അദ്ധ്യക്ഷൻമാരാണ് ഭരണസമിതി അംഗങ്ങൾ. ചേമ്പറിന്റെ ആസ്ഥാനം തിരുവനന്തപുരത്തെ സ്റ്റേറ്റ് മുനിസിപ്പൽ ഹൗസാണ്. ഇവിടെ ഒരു ഗസ്റ്റ് ഹൗസും പ്രവർത്തിക്കുന്നു.

നിയമ വ്യവസ്ഥകൾ

തിരുവിതാംകൂർ-കൊച്ചി-മലബാർ ഭരണസംവിധാനം

ഐക്യകേരളം രൂപീകൃതമായ 1956 നവംബർ ഒന്നിന് മുമ്പ് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾക്ക് വ്യത്യസ്ത തദ്ദേശഭരണ നിയമങ്ങളാണ് നിലവിലുണ്ടായിരുന്നത്. ഈ ഭരണസംവിധാനങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം ഉണ്ടായിരുന്നില്ല. ഗ്രാമപ്രദേശങ്ങളിൽ സ്വയംഭരണാധികാരമുള്ള പഞ്ചായത്തുകൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിക്കുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ നാല്പതാം ആർട്ടിക്കിളിൽ അനുശാസിച്ചിട്ടുണ്ട്. അതിനനുസൃതമായി 1950 ൽ തിരു-കൊച്ചി സംസ്ഥാനത്ത് തിരുവിതാംകൂർ കൊച്ചി പഞ്ചായത്ത് ആക്ടും മലബാർ പ്രദേശത്ത് മദിരാശി വില്ലേജ് പഞ്ചായത്ത് ആക്ടും നിലവിലുണ്ടായിരുന്നു. തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെ മുഴുവൻ ഗ്രാമപ്രദേശങ്ങളും 458 ഗ്രാമപഞ്ചായത്തുകളിലായി തിരുവിതാംകൂർ-കൊച്ചി പഞ്ചായത്ത് ആക്ടിന്റെ പരിധിയിൽ വന്നിരുന്നു. എന്നാൽ മലബാർ പ്രദേശത്ത് ഇപ്രകാരം ഏകീകൃത സ്വഭാവമുള്ള ഒരു ഭരണസംവിധാനം സാദ്ധ്യമായിരുന്നില്ല. ഈ പ്രദേശത്തെ കുറെ ഭാഗങ്ങൾ ഉൾപ്പെടുത്തി 150 പഞ്ചായത്തുകൾ മാത്രമേ മദിരാശി വില്ലേജ് പഞ്ചായത്ത് ആക്ടിന്റെ പരിധിയിൽ വന്നിരുന്നുള്ളൂ. ബാക്കി പ്രദേശങ്ങൾ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഭരണചുമതലയിലായിരുന്നു.

കേരള പഞ്ചായത്ത് ആക്ട്, 1960

സാമൂഹ്യവികസന രംഗത്ത് കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ആസൂത്രിത വികസനം ഗ്രാമതലത്തിൽ രൂപപ്പെടുത്തുന്നതിനും അധികാരവികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിനും സഹായകമാകുംവിധം സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നല്കുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന ബൽവന്തറായ് മേത്താ കമ്മിറ്റിയുടെയും ഇ.എം.എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായുള്ള ഭരണപരിഷ്കാര കമ്മിറ്റിയുടെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ ഐക്യകേരളത്തിനാകമാനം ബാധകമാകുംവിധം 1960-ലെ കേരള പഞ്ചായത്ത് ആക്ട് 1.1.1962-ൽ നിലവിൽ വന്നു. ഈ നിയമപ്രകാരം സംസ്ഥാനത്തെ മുഴുവൻ ഗ്രാമപ്രദേശങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് 922 പഞ്ചായത്തുകൾ രൂപവൽക്കരിച്ചു. ഈ പഞ്ചായത്തുകളിൽ 1.1.1964 മുതൽ പ്രാബല്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ അധികാരമേല്ക്കുകയും ചെയ്തു. ഈ നിയമം പഞ്ചായത്ത് ഭരണസമിതികൾക്ക് ഒട്ടേറെ അധികാരാവകാശങ്ങൾ നല്കുകയും ഗ്രാമഭരണത്തിന് ശോഭനമായ ഒരു അടിത്തറ പ്രദാനം ചെയ്യുകയും ചെയ്തു. കാലാന്തരത്തിൽ ചില പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി മാറ്റപ്പെടുകയും കുറെ വലിയ പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തു. 23.4.1994 ൽ കേരള പഞ്ചായത്ത്രാജ് നിയമം നിലവിൽ വരുമ്പോൾ സംസ്ഥാനത്താകെ 991 പഞ്ചായത്തുകളാണുണ്ടായിരുന്നത്.

73, 74 ഭരണഘടനാ ഭേദഗതികൾ

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നിലവിലുണ്ടായിരുന്ന പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വ്യക്തമായ അധികാരങ്ങളുടെയും വിഭവങ്ങളുടെയും അഭാവം, ദുർബ്ബല ജനവിഭാഗങ്ങളുടെ പ്രാതിനിധ്യ കുറവ്, ക്രമമായ കാലയളവിൽ തെരഞ്ഞെടുപ്പുകൾ നടക്കാതിരിക്കുക തുടങ്ങിയ നിരവധി കാരണങ്ങളാൽ യഥാർത്ഥ ജനാധിപത്യ സ്വയംഭരണ സ്ഥാപനങ്ങളായി

പ്രവർത്തിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 1993 ൽ പ്രാബല്യത്തിൽ വന്ന 73, 74 ഭരണഘടനാ ഭേദഗതികൾ യഥാക്രമം പഞ്ചായത്തീരാജ്, നഗരപാലികാ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകിയതോടെ ഇതിനൊരു മാറ്റം ഉണ്ടായി. ത്രിതല പഞ്ചായത്ത് രാജ് ഭരണസംവിധാനമാണ് 73-ാം ഭേദഗതി വ്യവസ്ഥ ചെയ്തത്. ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരമുള്ള 29 വിഷയങ്ങളിൽ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികളും, തദ്ദേശ സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ കൈകാര്യം ചെയ്യുന്നതിന് അധികാരങ്ങളും ഉത്തരവാദിത്തങ്ങളും സംസ്ഥാനങ്ങൾ പഞ്ചായത്തുകൾക്ക് വികേന്ദ്രീകരിച്ച നൽകേണ്ടതാണ്. ഗ്രാമസഭകളുടെ രൂപീകരണം, സ്വതന്ത്ര ചുമതലയുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ, സംസ്ഥാന ധനകാര്യ കമ്മിഷൻ, ജില്ലാ ആസൂത്രണ സമിതി (74-ാം ഭേദഗതി), ദുർബ്ബല ജനവിഭാഗങ്ങൾക്ക് സംവരണം തുടങ്ങിയ വ്യവസ്ഥകൾ ഭേദഗതികളുടെ സവിശേഷതകളാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994

ആസൂത്രിത ഗ്രാമവികസനത്തിനും തദ്ദേശഭരണ കാര്യങ്ങളിൽ വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടതാണ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം. ത്രിതല പഞ്ചായത്ത് ഭരണസംവിധാനമാണ് ഈ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയാണ് മൂന്ന് ഭരണസംവിധാനങ്ങൾ. മൂന്ന് ഭരണതലങ്ങളും സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. ഈ നിയമത്തിന് 1995 ൽ ചില ഭേദഗതികൾ വരുത്തുകയുണ്ടായി. അനന്തരം 1999 ൽ അധികാരവികേന്ദ്രീകരണ (സെൻ) കമ്മിറ്റിയുടെയും ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെയും തെരഞ്ഞെടുപ്പ് കമ്മീഷന്റെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ ആകെയുള്ള 285 വകുപ്പുകളിൽ നൂറ്റിയഞ്ചോളം വകുപ്പുകളിൽ സമഗ്രമായ ഭേദഗതികൾ വരുത്തുകയുണ്ടായി. സർക്കാരിന് തദ്ദേശഭരണസ്ഥാപനങ്ങളുടെ മേലുണ്ടായിരുന്ന ഒട്ടുമിക്ക നിയന്ത്രണങ്ങളും ഉപേക്ഷിച്ചുവെന്നതാണ് ഈ ഭേദഗതി നിയമത്തിന്റെ പ്രത്യേകത. 2000 ൽ പഞ്ചായത്ത്രാജ് നിയമം വീണ്ടും ഭേദഗതി ചെയ്ത് സർക്കാരിൽ നിക്ഷിപ്തമായിരുന്ന വാർഡ് വിഭജനം, സംവരണ നിർണ്ണയം തുടങ്ങിയ അധികാരങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷന് നല്കുകയുണ്ടായി. കൂടാതെ 35 അനുബന്ധ നിയമങ്ങളിലും ഭേദഗതി വരുത്തി. 2001 ൽ ഏഴംഗ ഓംബുഡ്സ്മാൻ വ്യവസ്ഥ ചെയ്തിരുന്ന നിയമം ഭേദഗതി ചെയ്ത് ഏകാംഗ ഓംബുഡ്സ്മാന് വ്യവസ്ഥയുണ്ടാക്കി. 2005-ൽ നിയമം ഭേദഗതി ചെയ്ത് വാർഡ് വിഭജനത്തിന് ഡിലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കുകയുണ്ടായി.

2009-ൽ വരുത്തിയ ഭേദഗതിയിലൂടെ 13 വകുപ്പുകൾ ഭേദഗതി ചെയ്യുകയും 5 വകുപ്പുകൾക്ക് പകരമായി 8 പുതിയ വകുപ്പുകൾ ഉൾപ്പെടുത്തുകയും ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗസംഖ്യയുടെ 50 ശതമാനം വനിതകൾക്ക് സംവരണം ചെയ്യൽ, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ എണ്ണം നാലായി വർദ്ധിപ്പിക്കൽ, തറവിസ്തീർണ്ണം, മറ്റു മാനദണ്ഡങ്ങൾ എന്നിവ അടിസ്ഥാനമാക്കി വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കൽ, ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും പൊതുസ്ഥലങ്ങളിലും നിക്ഷേപിക്കുന്നത് കോഗ്നൈസബിളും ജാമ്യം ഇല്ലാത്തതുമായ കുറ്റമാക്കൽ തുടങ്ങിയവയാണ് പ്രധാന ഭേദഗതികൾ.

പ്രവാസി ഭാരതീയർക്ക് വോട്ടർ പട്ടികയിൽ സമ്മതിദായകരായി രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ (21എ) മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യൽ (219 വി), മാലിന്യ സംസ്കരണ കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്ക് ആറു മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവോ, പതിനായിരം രൂപയിൽ കുറയാത്തതും അൻപതിനായിരം രൂപ വരെ ആകാവുന്നതുമായ പിഴയോ ശിക്ഷയോ നൽകുക എന്നിവ 2014 ഡിസംബർ 23ന് പാസാക്കിയ പ്രധാന ഭേദഗതികളാണ്.

ഈ നിയമത്തിലെ ഏറ്റവും സവിശേഷമായ ഒരു സംവിധാനമാണ് ഗ്രാമസഭ. ജനാധിപത്യ ഭരണക്രമത്തിൽ സാധാരണ ജനതയ്ക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനമാണിത്.

ഗ്രാമസഭ: ഒരു ഗ്രാമപഞ്ചായത്തിന്റെ നിയോജകമണ്ഡലം അടിസ്ഥാനമാക്കിയാണ് ഗ്രാമസഭ രൂപീകരിക്കേണ്ടത്. നിയോജകമണ്ഡലത്തിലെ മുഴുവൻ സമ്മതിദായകരും ആ ഗ്രാമസഭയിലെ അംഗങ്ങളാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തംഗമാണ് ഗ്രാമസഭാ കൺവീനർ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിരിക്കും. ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥലത്താണ് യോഗം ചേരേണ്ടത്. മൂന്നുമാസത്തിലൊരിക്കൽ എന്ന കണക്കിൽ വർഷത്തിൽ 4 പ്രാവശ്യമെങ്കിലും ഗ്രാമസഭ യോഗം ചേരണം. ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗത്തെയും നിയമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭാ കൺവീനർ ക്ഷണിക്കേണ്ടതാണ്. ആകെ ഗ്രാമസഭാംഗങ്ങളുടെ 10 ശതമാനമാണ് ക്വാറം. 10 ശതമാനത്തിലധികം സമ്മതിദായകർ രേഖാമൂലം ആവശ്യപ്പെട്ടാൽ രണ്ട് സാധാരണ യോഗങ്ങൾക്കിടയിൽ ഒരു പ്രത്യേക യോഗവും ചേരേണ്ടതുണ്ട്. ഗ്രാമസഭയുടെ യോഗം 3 മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ടു തവണ വീഴ്ചവരുത്തിയാൽ ബന്ധപ്പെട്ട അംഗത്തിന്റെ അംഗത്വം നഷ്ടമാകുന്നതാണ്. സമ്മതിദായകർക്ക് തങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധിയുമായി വർഷത്തിൽ നാലുപ്രാവശ്യമെങ്കിലും മുഖാമുഖം സംവദിക്കാൻ ഗ്രാമസഭ അവസരമുണ്ടാക്കുന്നു. മുൻവർഷത്തെ വികസനപരിപാടികളെയും നടപ്പുവർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളെയും ഇതിനുവേണ്ടിവരുന്ന ചെലവിനെയും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻ വർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണനിർവ്വഹണാധികാരസ്ഥന്റെ ഒരു റിപ്പോർട്ടും ആദ്യയോഗത്തിൽ ഗ്രാമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്. ഗ്രാമസഭകളുടെ ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും ത്രിതല പഞ്ചായത്തുകൾ അർഹമായ പരിഗണന നല്കേണ്ടതാണ്. ഗ്രാമസഭകൾക്ക്

പ്രത്യേക ചുമതലകളും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ചുമതല ഗ്രാമസഭകൾക്കാണ്. ഗ്രാമസഭ തയ്യാറാക്കുന്ന ലിസ്റ്റിലോ മുൻഗണനാക്രമത്തിലോ മാറ്റം വരുത്താൻ പാടില്ല. ഗ്രാമസഭയിലൂടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ ഉരുത്തിരിയുന്നത്. പദ്ധതിയാസൂത്രണത്തിലും നിർവ്വഹണത്തിലും ഗ്രാമസഭകൾക്ക് നിർണ്ണായകമായ സ്ഥാനം നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ഗ്രാമസഭകൾക്ക് പഞ്ചായത്തുകളെ ഗുണപരമായും മാതൃകാപരമായും നയിക്കാൻ കഴിയും.

പഞ്ചായത്തുകളുടെ രൂപീകരണവും അംഗസംഖ്യയും: പഞ്ചായത്ത്‌രാജ് നിയമമനുസരിച്ച് കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകളുടെ അംഗസംഖ്യ നിർണ്ണയിച്ച് പഞ്ചായത്ത് ഡയറക്ടറാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 16682 ഗ്രാമസഭകളുമാണുള്ളത്. ജനസംഖ്യാനുപാതികമായി ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ഇപ്പോൾ 13 മുതൽ 23 വരെ നിയോജകമണ്ഡലങ്ങളും ജില്ലാ പഞ്ചായത്തുകളിൽ 16 മുതൽ 32 വരെ നിയോജകമണ്ഡലങ്ങളുമാണുള്ളത്.

അംഗങ്ങളുടെയും പ്രസിഡന്റുമാരുടെയും തെരഞ്ഞെടുപ്പ്: ത്രിതല പഞ്ചായത്തുകളിലെ അംഗങ്ങളെ സമ്മതിദായകർ വോട്ടെടുപ്പിലൂടെ നേരിട്ട് തെരഞ്ഞെടുക്കുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ നിന്നും പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും ഭൂരിപക്ഷാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകളിലും അംഗങ്ങളായിരിക്കും. എന്നാൽ ഇവർക്ക് പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിലോ, അവിശ്വാസപ്രമേയ വോട്ടെടുപ്പിലോ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

സംവരണ വ്യവസ്ഥ: വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഭരണത്തിൽ അർഹമായ പ്രാതിനിധ്യവും സാമൂഹികനീതിയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളിലും പ്രത്യേകമായ സംവരണം വ്യവസ്ഥ ചെയ്തിരിക്കുന്നു. ത്രിതല പഞ്ചായത്തുകളിലെ അംഗസംഖ്യയുടെയും പ്രസിഡന്റ് പദവിയുടെയും അമ്പത് ശതമാനത്തിൽ കുറയാത്ത സ്ഥാനങ്ങൾ വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ജനസംഖ്യാനുപാതികമായിട്ടാണ് സംവരണം ചെയ്തിരിക്കുന്നത്. ഇപ്രകാരം സംവരണം ചെയ്യുന്ന സ്ഥാനങ്ങളിൽ (ഒന്നിലധികം ഉണ്ടെങ്കിൽ) അമ്പത് ശതമാനത്തിൽ കുറയാത്ത സ്ഥാനം ആ വിഭാഗങ്ങളിലെ വനിതകൾക്കായി സംവരണം ചെയ്യുന്നു. മാത്രമല്ല, പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത പഞ്ചായത്തിൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. സംവരണമണ്ഡലങ്ങളും പഞ്ചായത്തുകളും അഞ്ചുവർഷത്തിലൊരിക്കൽ ആവർത്തനക്രമമനുസരിച്ച് മാറുന്നതാണ്.

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ: സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സ്വതന്ത്രച്ചുമതലയുള്ള ഒരു തെരഞ്ഞെടുപ്പ് കമ്മിഷൻ നിയമം വിഭാവനം ചെയ്യുന്നു. അഞ്ചുവർഷത്തിലൊരിക്കൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പൊതുതെരഞ്ഞെടുപ്പ് നടത്താനും അതിനുശേഷമുണ്ടാകുന്ന എല്ലാ ആകസ്മിക ഒഴിവുകളിലേക്കും മൂന്ന് മാസത്തിലൊരിക്കൽ തെരഞ്ഞെടുപ്പ് നടത്താനും നിയമം അനുശാസിക്കുന്നു. 1999 ലെ ഭേദഗതി നിയമമനുസരിച്ച് സംവരണമണ്ഡലങ്ങളും സംവരണ പഞ്ചായത്തുകളും നിർണ്ണയിക്കുന്ന ചുമതലകളും വാർഡ് വിഭജന ചുമതലയും തെരഞ്ഞെടുപ്പ് കമ്മിഷനായിരുന്നു.

2005-ലെ ഭേദഗതിയിലൂടെ പഞ്ചായത്തുകളുടെ നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയം നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ അദ്ധ്യക്ഷനായും ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത നാല് ഉദ്യോഗസ്ഥരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഡിലിമിറ്റേഷൻ കമ്മിഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തു. 2005, 2010, 2015 വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ രൂപീകരിക്കുകയും അതിർത്തി നിർണ്ണയം നടത്തുകയും ചെയ്തുകയുണ്ടായി.

കൂറുമാറ്റം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളിൽ കൂറുമാറ്റം നിരോധിക്കുന്നതിനും കൂറുമാറുന്ന അംഗങ്ങളെ തദ്ദേശഭരണസ്ഥാപനത്തിന്റെ അംഗമായി തുടരുന്നതിൽ നിന്നും അയോഗ്യത കല്പിക്കുന്നതിനും തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരമുണ്ട്. 1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) നിയമത്തിൽ ഇതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അംഗങ്ങളുടെ അയോഗ്യത: ഒരു കോടതിയോ, ട്രൈബ്യൂണലോ അസാന്മാർഗ്ഗിക പ്രവർത്തികൾക്ക് മൂന്നുമാസത്തിൽ കുറയാതെയുള്ള ഒരു കാലത്തേക്ക് തടവുശിക്ഷ വിധിച്ചിട്ടുണ്ടെങ്കിൽ, അഴിമതിക്കുറ്റത്തിന് കുറ്റക്കാരനായി വിധിച്ചിട്ടുണ്ടെങ്കിൽ, ദുർഭരണത്തിന് വ്യക്തിപരമായി കുറ്റക്കാരനാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ വിധിച്ചിട്ടുണ്ടെങ്കിൽ, സ്ഥിരബുദ്ധി ഇല്ലാത്ത ആളാണെന്ന് വിധിച്ചിട്ടുണ്ടെങ്കിൽ, വിദേശപൗരത്വം സ്വേച്ഛയാ ആർജ്ജിച്ചിട്ടുണ്ടെങ്കിൽ, തിരഞ്ഞെടുപ്പ് കുറ്റത്തിന് ഏതെങ്കിലും ഒരു ക്രിമിനൽ കോടതിയാൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, പാപ്പരായി വിധിക്കുന്നതിന് അപേക്ഷിക്കുകയോ പാപ്പരായി വിധിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ഒരു കമ്പനിയിലെ ഡയറക്ടറല്ലാത്ത ഒരു ഓഹരിക്കാരൻ എന്ന നിലയിലൊഴികെ പഞ്ചായത്ത്‌രാജ് ആക്ടോ ബന്ധപ്പെട്ട ചട്ടങ്ങളോ അനുവദിക്കാത്ത തരത്തിൽ സർക്കാരുമായോ, ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനവുമായോ ഉണ്ടാക്കിയ ഏതെങ്കിലും കരാറിലോ അവയ്ക്കുവേണ്ടി ചെയ്യുന്ന ജോലിയിലോ അവകാശബന്ധം സ്ഥാപിച്ചാൽ, സർക്കാരിനു വേണ്ടിയോ ബന്ധപ്പെട്ട പഞ്ചായത്തിനു

വേണ്ടിയോ പ്രതിഫലം പറ്റുന്ന അഭിഭാഷകനായി സേവനമനുഷ്ഠിച്ചാൽ, പഞ്ചായത്ത് പ്രദേശത്ത് താമസം അവസാനിപ്പിച്ചാൽ, സർക്കാരിലേക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കോ കടിശ്ശികയുണ്ടാവുകയും അതു സംബന്ധിച്ച് ബില്ലോ, നോട്ടീസോ ലഭിച്ച് അതിലെ സമയപരിധി കഴിയുകയും ചെയ്താൽ, പഞ്ചായത്തിന്റെ അനുമതി കൂടാതെ മൂന്ന് മാസത്തിനുള്ളിൽ തുടർച്ചയായി മൂന്ന് പ്രാവശ്യം പഞ്ചായത്ത് കമ്മിറ്റിയിലോ, സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഹാജരാകാതിരുന്നാൽ, കൂറുമാറ്റം നടത്തുകയോ (നിയമമനുസരിക്കാത്ത വിധത്തിൽ), ഗ്രാമസഭായോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ടുപ്രാവശ്യം വീഴ്ചവരുത്തുകയോ, ആസ്തിയെ സംബന്ധിച്ച പ്രസ്താവം നല്കാതിരിക്കുകയോ ചെയ്താൽ, പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്ത സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടയാൾ പട്ടികജാതിയോ പട്ടികവർഗ്ഗമോ അല്ല എന്ന് തെളിയിക്കപ്പെട്ടാൽ അംഗമായി തുടരുന്നതിൽ അയോഗ്യത കല്പിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു.

അവിശ്വാസം: പ്രസിഡന്റ്/വൈസ് പ്രസിഡന്റ് എന്നിവർക്കെതിരായ അവിശ്വാസം, പഞ്ചായത്തിന് അനുവദിക്കപ്പെട്ട അംഗസംഖ്യയിൽ ഒന്നു പകുതിയിൽ കൂടുതൽ അംഗങ്ങളുടെ പിന്തുണയോടെ പാസ്സായാൽ അവരുടെ ഔദ്യോഗിക പദവി അവസാനിക്കുന്നതും അവരുടെ സ്ഥാനങ്ങൾ ഉടൻ പ്രാബല്യത്തിൽ ഒഴിഞ്ഞതായി കരുതാനും നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെതിരായിട്ടാണ് അവിശ്വാസമെങ്കിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ആകെയുള്ള അംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ പിന്തുണയോടെ പാസ്സായാൽ ചെയർമാന്റെ ഔദ്യോഗിക പദവി അവസാനിക്കുന്നതും ആ സ്ഥാനം ഉടൻ ഒഴിഞ്ഞതായി കരുതാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ധനകാര്യ കമ്മിഷൻ: അഞ്ചുവർഷത്തിലൊരിക്കൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതി അവലോകനം ചെയ്യുന്നതിനും വിഭവലഭ്യത ഉറപ്പുവരുത്തുന്നതിനും സംസ്ഥാനതലത്തിൽ ഒരു ധനകാര്യകമ്മിഷനെ നിയമിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. കമ്മിഷനിൽ മൂന്നിൽ കുറയാത്ത അംഗങ്ങളാവും ഉണ്ടാവുക.

സ്റ്റാന്റിംഗ് കമ്മിറ്റികൾ: ത്രിതല പഞ്ചായത്തുകളിൽ വിവിധ ചുമതലകൾക്കായി സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. 2009 ലെ ഭേദഗതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ധനകാര്യം, വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നിങ്ങനെ നാല് വീതം സ്റ്റാന്റിംഗ് കമ്മിറ്റികളും ജില്ലാ പഞ്ചായത്തുകൾക്ക് ധനകാര്യം, വികസനം, പൊതുമരാമത്ത്, ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നിങ്ങനെ അഞ്ച് സ്റ്റാന്റിംഗ് കമ്മിറ്റികളുമുണ്ടാകും. ഒരു പഞ്ചായത്തിലെ എല്ലാ അംഗങ്ങളും ഏതെങ്കിലും ഒരു കമ്മിറ്റിയിൽ അംഗമായിരിക്കും. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ വൈസ് പ്രസിഡന്റാണ്.

വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനവും, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു പഞ്ചായത്തിൽ വികസനം, ആരോഗ്യവും വിദ്യാഭ്യാസവും എന്നീ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്ത ജില്ലാ പഞ്ചായത്തുകളിൽ പൊതുമരാമത്ത്, ക്ഷേമകാര്യം എന്നീ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും അല്ലാത്തയിടങ്ങളിൽ വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നീ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. പ്രസിഡന്റ് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും വോട്ടവകാശമില്ലാത്ത അനൗദ്യോഗിക അംഗമായിരിക്കും. പ്രസിഡന്റ് അദ്ധ്യക്ഷനായും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ അംഗങ്ങളായും ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്.

ബഡ്ജറ്റ്: ഓരോ പഞ്ചായത്ത്രാജ് സ്ഥാപനത്തിലെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓരോ വർഷവും അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി അതാത് പഞ്ചായത്ത് മുമ്പാകെ സമർപ്പിക്കേണ്ടതും പഞ്ചായത്ത് യുക്തമെന്ന് തോന്നുന്ന ഭേദഗതികളോടെ ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പ് ബഡ്ജറ്റ് പാസ്സാക്കേണ്ടതുമാണ്. ബഡ്ജറ്റ് പാസ്സാക്കാത്തതുമൂലം പഞ്ചായത്തിന് സാമ്പത്തിക പ്രതിസന്ധിയുണ്ടായാൽ പഞ്ചായത്തിന് നോട്ടീസ് നൽകി ഒരു വിജ്ഞാപനം വഴി അതിനെ പിരിച്ചുവിടാൻ സർക്കാരിന് അധികാരമുണ്ട്. ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും തയ്യാറാക്കുന്ന ബഡ്ജറ്റിന്റെ ഒരു കോപ്പി ജില്ലാ പഞ്ചായത്തിന് സമർപ്പിക്കാനും ജില്ലാ പഞ്ചായത്തുകൾ അതിന്റെ ബഡ്ജറ്റിനോടൊപ്പം ഇവ സർക്കാരിന് സമർപ്പിക്കാനും നിയമം അനുശാസിക്കുന്നു.

ആഡിറ്റ്: പഞ്ചായത്തുകളുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്ത് പഞ്ചായത്തിനും സർക്കാരിനും റിപ്പോർട്ട് നല്കാൻ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആഡിറ്റർമാർക്ക് വിപുലമായ അധികാരം നൽകിയിട്ടുണ്ട്. പഞ്ചായത്തുകളുടെ വാർഷിക വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ടിന്റെ സംക്ഷേപവും ആഡിറ്റ് റിപ്പോർട്ടും ജൂലൈ 31-ാം തീയതിക്കുമുമ്പ് സർക്കാർ ഇതിലേക്കായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാനും ഉദ്യോഗസ്ഥൻ ഈ റിപ്പോർട്ടുകൾ സഞ്ചയിച്ച് സർക്കാരിന് സമർപ്പിക്കുന്നതിനും സർക്കാർ അത് നിയമസഭ മുമ്പാകെ വയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ജില്ലാ ആസൂത്രണ സമിതി: ജില്ലാ ആസൂത്രണ സമിതിയുടെ അദ്ധ്യക്ഷൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറി ജില്ലാ കളക്ടറുമാണ്. ഓരോ ഗ്രാമപഞ്ചായത്തും അവയുടെ അടുത്ത വർഷത്തേക്കുള്ള വികസന പദ്ധതികൾ ഗ്രാമസഭകളുടെ നിർദ്ദേശം പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്കും പകർപ്പ് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിനും നല്കുന്ന

തിനും ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ പരിഗണിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് അതിന്റെ പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്കും പകർപ്പ് ജില്ലാ പഞ്ചായത്തിനും നല്കുന്നതിനും ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികൾ പരിഗണിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് അതിന്റെ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നല്കുന്നതിനും നിയമം അനുശാസിക്കുന്നു. ജില്ലാ ആസൂത്രണ സമിതി ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ സൂക്ഷ്മപരിശോധന നടത്തി ക്രോഡീകരിച്ചുകൊണ്ടാണ് ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നത്.

ഭരണ റിപ്പോർട്ട്: ഓരോ വർഷവും അവസാനിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും നിശ്ചിത തീയതിക്കുള്ളിൽ അവയുടെ ഭരണ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് നല്കേണ്ടതും ജില്ലാ പഞ്ചായത്ത് അതിന്റെ ഭരണ റിപ്പോർട്ടും ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ ഭരണറിപ്പോർട്ടും സർക്കാരിന് നല്കേണ്ടതും സർക്കാർ അത് നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

പഞ്ചായത്തുകളുടെ ചുമതലകൾ: ഗ്രാമപഞ്ചായത്തുകൾക്ക് 27 അനിവാര്യ ചുമതലകളും 14 പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിൽ 19 വകുപ്പുകളിൽ നിന്നുമുള്ള ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് പൊതുവായ 3 ചുമതലകളും മേഖലാടിസ്ഥാനത്തിൽ 14 വകുപ്പുകളിൽ നിന്നുള്ള ചുമതലകളുമാണ് നിർവ്വഹിക്കാനുള്ളത്. ജില്ലാ പഞ്ചായത്തുകൾക്കാകട്ടെ പൊതുവായ 3 ചുമതലകളും മേഖലാടിസ്ഥാനത്തിൽ 16 വകുപ്പുകളിൽ നിന്നുള്ള ചുമതലകളും നൽകിയിട്ടുണ്ട്. നേരിട്ട് നികുതി ചുമത്തുന്നതിനും പിരിക്കുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം നല്കിയിട്ടുള്ളത്.

നിർവ്വഹണാധികാരി: പഞ്ചായത്തിന്റെ നിർവ്വഹണാധികാരി പഞ്ചായത്ത് പ്രസിഡന്റും മുഖ്യനിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയുമാണ്. പഞ്ചായത്തുകൾക്ക് കൈമാറപ്പെട്ട വകുപ്പുകളെ സംബന്ധിച്ചിടത്തോളം അതാത് വിഭാഗത്തിലെ ഓഫീസ് മേധാവികൾ പഞ്ചായത്തിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറിമാരാണ്. പഞ്ചായത്തിലെ എല്ലാവിഭാഗം ഉദ്യോഗസ്ഥരുടെയും നിയന്ത്രണം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. എല്ലാ ഉദ്യോഗസ്ഥരുടെയും പേരിൽ അച്ചടക്കനടപടി സ്വീകരിക്കാനുള്ള അധികാരവും പഞ്ചായത്തിനുണ്ട്. എന്നാൽ ലഘുശിക്ഷ മാത്രമേ ഇപ്രകാരം നല്കാൻ പാടുള്ളൂ. സെക്രട്ടറിയും മറ്റ് ഗസറ്റഡ് ഉദ്യോഗസ്ഥരും ഒഴികെയുള്ള ജീവനക്കാരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യാനുള്ള അധികാരവും നിയമപ്രകാരം പ്രസിഡന്റിനുണ്ട്. എന്നാൽ ഈ നടപടി അടുത്ത പഞ്ചായത്ത് യോഗം അംഗീകരിക്കണം. അല്ലാത്തപക്ഷം ആ നടപടി അസാധുവാകും.

ഓംബുഡ്സ്മാൻ: തദ്ദേശഭരണസ്ഥാപനങ്ങളുടെയും അതിലെ ഉദ്യോഗസ്ഥന്മാരുടെയും ഭരണനിർവ്വഹണത്തിൽ അഴിമതിയോ, ദുർഭരണമോ അപാകതകളോ ഉൾപ്പെടുന്ന ഏതൊരു നടപടിയെയും സംബന്ധിച്ച ആരോപണത്തെപ്പറ്റി സൂക്ഷ്മാന്വേഷണവും പൊതുവായ അന്വേഷണവും നടത്തുന്നതിനും ക്രിമിനൽ കുറ്റങ്ങൾ ഉൾപ്പെടാത്ത പരാതികൾ പരിഗണിച്ച് തീർപ്പു കല്പിക്കുന്നതിനും സംസ്ഥാനതലത്തിൽ ഒരു ഓംബുഡ്സ്മാൻ രൂപീകരിച്ചിട്ടുണ്ട്.

ടൈബ്യൂണൽ: തദ്ദേശഭരണസ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരായി നല്കുന്ന അപ്പീൽ, റിവിഷൻ എന്നിവ പരിഗണിക്കുന്നതിനും തീർപ്പ് കല്പിക്കുന്നതിനുമായി സർക്കാർ ഓരോ ജില്ലയ്ക്കുവേണ്ടിയോ, ഒന്നിലധികം ജില്ലകൾക്കുവേണ്ടിയോ ടൈബ്യൂണൽ രൂപീകരിക്കുന്നതിന് നിയമം അനുശാസിക്കുന്നു. ഒരു ടൈബ്യൂണലിൽ ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ഒരു നീതിന്യായവകുപ്പുദ്യോഗസ്ഥൻ ഉണ്ടായിരിക്കും. ടൈബ്യൂണലിന് ചില സംഗതികളിൽ സിവിൽ നിയമത്തിൻ കീഴിൽ ഒരു കേസ് വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

പൗരാവകാശരേഖ: ഓരോ പഞ്ചായത്തും, നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധയിനം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി പൗരാവകാശരേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ

1.കെട്ടിട നിർമ്മാണം നിയന്ത്രിക്കുക. 2. പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക. 3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക. 4. കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക. 5. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക. 6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക. ദ്രവമാലിന്യം നീക്കം ചെയ്യൽ ക്രമീകരിക്കുക. 7. പേമാരിമൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക. 8. പരിസ്ഥിതി ആരോഗ്യരക്ഷകമാക്കി സംരക്ഷിക്കുക. 9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക. 10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക. 11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തു എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക. 12 ഭക്ഷണശാലകളെ നിയന്ത്രിക്കുക. 13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക 14. റോഡുകളും മറ്റു പൊതു മുതലുകളും സംരക്ഷിക്കുക. 15. തെരുവു വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക. 16. രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കുക. 17. രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയ തലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക. 18. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുയും ചെയ്യുക. 19. അപകടകരവും അസഹ്യകരവുമായ

വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക. 20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക. 21. കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക. 22. കടത്തുകൾ ഏർപ്പെടുത്തുക. 23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക. 24. യാത്രക്കാർക്കായി വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക. 25. പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക. 26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക. 27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക.

കേരള മുനിസിപ്പാലിറ്റി ആക്ട്, 1994

1992 -ലെ എഴുപത്തിനാലാം ഭരണഘടനാ ഭേദഗതിയോടുകൂടി ഇന്ത്യയിലെ നഗരഭരണ സ്ഥാപനങ്ങൾ ഭരണഘടനയുടെ പിൻബലമുള്ള പ്രാദേശിക സർക്കാരുകളായി മാറി. ഭരണഘടനാ ഭേദഗതിയെ തുടർന്ന് 1960-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്(1961 - ലെ 14), 1961 - ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ട്(1961 - ലെ 30) എന്നീ ആക്ടുകൾക്ക് പകരമായി 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്ട്(1994 - ലെ 20), 1994 - മേയ് 30 ന് പ്രാബല്യത്തിൽ വന്നു. 74-ാം ഭരണഘടനാ ഭേദഗതിയോടെ നഗരഭരണ സ്ഥാപനങ്ങളുടെ ചുമതലാവിഷയങ്ങൾ ഏതെല്ലാമെന്ന് പ്രതിപാദിക്കുന്ന 12-ാം പട്ടിക ഭരണഘടനയിൽ ഉൾപ്പെടുത്തപ്പെട്ടു. പന്ത്രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ച്, സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം നഗരസഭകൾക്കുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട്, 1994 പ്രാബല്യത്തിൽ വന്നതിന് ശേഷം, അതിലുണ്ടായ നിരവധി ഭേദഗതികൾ മുഖേന വിവിധ സർക്കാർ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന കൂടുതൽ ചുമതലകൾ നഗരസഭകൾക്ക് കൈമാറുകയും അതുവഴി കേന്ദ്രീകൃത ഭരണരീതിക്ക് പകരം അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുവാനും അതിന്റെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനും സാധിച്ചിട്ടുണ്ട്. സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ വിഭാഗങ്ങൾക്ക് നടപ്പിലാക്കിയിരുന്ന ക്ഷേമസുരക്ഷാ പദ്ധതികളെല്ലാം തന്നെ നഗരസഭകൾക്ക് കൈമാറിയത് ഇതിനൊരുദാഹരണമാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വിവിധ വകുപ്പുകൾക്ക് കീഴിൽ വിവിധ വിഷയങ്ങളിലായി നിരവധി ചട്ടങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2019ൽ മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി ചെയ്ത് മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി മാറ്റിയിട്ടുണ്ട്.

മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകൾ

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക. 2. പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക. 3. പരമ്പരാഗത കൃഷിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക. 4. കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക. 5. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക. 6.ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുക്രമീകരിക്കുക 7. പേമാരിമൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക. 8. പരിസ്ഥിതി ആരോഗ്യരക്ഷകമാക്കി സംരക്ഷിക്കുക. 9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക. 10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക. 11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തു എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക. 12. ഭക്ഷണശാലകളെ നിയന്ത്രിക്കുക. 13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക 14. റോഡുകളും മറ്റു പൊതുമുതലുകളും സംരക്ഷിക്കുക. 15. തെരുവു വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക. 16. രോഗ പ്രതിരോധനടപടികൾ സ്വീകരിക്കുക. 17. രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയ തലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക. 18. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുയും ചെയ്യുക. 19. അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക. 20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക. 21. കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക. 22. കടത്തുകൾ ഏർപ്പെടുത്തുക. 23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക. 24. യാത്രക്കാർക്കായി വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക. 25. പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക. 26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക. 27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക. 28. ചേരിപ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക. 29. നടപ്പാതയും റോഡ് മുറിച്ചുകടക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കാൽനടയാത്രക്കാർക്കുവേണ്ടി ഏർപ്പെടുത്തുക. 30. ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനായി വിശദമായ നഗരാസൂത്രണവും പ്രവർത്തനപദ്ധതിയും തയ്യാറാക്കുക.

ജനന-മരണ രജിസ്ട്രേഷൻ

1969 ലെ കേന്ദ്ര ജനന-മരണ രജിസ്ട്രേഷൻ ആക്ട് നിലവിൽ വന്നതോടെയാണ് ഇന്ത്യയിൽ ജനനമരണ രജിസ്ട്രേഷന് ഒരു ഏകീകൃത നിയമം ഉണ്ടായത്. 1.4.1970 മുതലാണ് സംസ്ഥാനത്ത് ജനന-മരണ രജിസ്ട്രേഷൻ നിയമം നിലവിൽ വന്നത്. ഈ നിയമത്തിനനുസരിച്ചുള്ള ചട്ടങ്ങൾ 1.7.1970 മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നു. 2000ൽ ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, കന്റോൺമെന്റ് ബോർഡ് എന്നിവയാണ് പ്രാദേശിക രജിസ്ട്രേഷൻ യൂണിറ്റുകൾ. ജനനവും മരണവും സംഭവദിവസം മുതൽ 21 ദിവസത്തിനുള്ളിൽ പ്രാദേശിക രജിസ്ട്രേഷൻ യൂണിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത് നിയമാനുസരണം നിർബ

ന്ധമാണ്. നിശ്ചിത ദിവസം കഴിഞ്ഞാൽ സംഭവദിവസം മുതൽ 30 ദിവസം വരെ രണ്ടു രൂപ പിഴയൊടുക്കിയും ഒരു വർഷം വരെ പഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും നഗരസഭകളിൽ സെക്രട്ടറിയുടെയും അനുവാദത്തോടെ അഞ്ചു രൂപ പിഴയൊടുക്കിയും അതിനുശേഷം ബന്ധപ്പെട്ട സബ്ഡിവിഷണൽ മജിസ്ട്രേട്ടിന്റെ അനുവാദത്തോടെ പത്തുരൂപ പിഴയൊടുക്കിയും ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. കുട്ടിയുടെ പേര് ചേർക്കാതെ രജിസ്റ്റർ ചെയ്ത ജനനങ്ങളിൽ ഒരു വർഷത്തിനകം സൗജന്യമായും അതിനുശേഷം 15 വർഷത്തിനകം 5 രൂപ ലേറ്റ് ഫീ ഒടുക്കിയും പേര് ചേർക്കാവുന്നതാണ്. കുട്ടിയുടെ പേരു ചേർക്കാതെ 22-6-2015 വരെ നടത്തിയ ജനന രജിസ്ട്രേഷനുകളിൽ 22-6-2020 നകം പേരു ചേർക്കേണ്ടതാണ്. 1970നു മുമ്പുള്ള രജിസ്ട്രേഷനുകളിലെ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്. ജനന-മരണ രജിസ്ട്രേഷൻ അടിസ്ഥാന രേഖയായതിനാൽ ഭാവിയിൽ ഇഷ്ടാനുസരണം തിരുത്തലുകൾ വരുത്താൻ കഴിയുകയില്ല. അതിനാൽ ജനന-മരണ രജിസ്ട്രേഷന് ശരിയായും വ്യക്തമായും വിവരങ്ങൾ നല്കുന്നുവെന്ന് ഉറപ്പുവരുത്തണം. പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ പദവിയിലുള്ള ഉദ്യോഗസ്ഥനാണ് ജനന-മരണ രജിസ്ട്രേഷന്റെ സംസ്ഥാന ചീഫ് രജിസ്ട്രാർ. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരാണ് ജില്ലാ രജിസ്ട്രാർമാർ.

ഹിന്ദു വിവാഹ രജിസ്ട്രേഷൻ

1955 ലെ ഇന്ത്യൻ ഹിന്ദു വിവാഹ നിയമപ്രകാരം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും അതാത് ഗ്രാമപഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. 1957 ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടം 20.5.1959 മുതലാണ് നിലവിൽ വന്നത്. അതിനാൽ ഈ തീയതിക്കു മുമ്പുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതല്ല. വിവാഹം നടന്ന് 15 ദിവസങ്ങൾക്കുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്. നിശ്ചിത 15 ദിവസത്തിനുശേഷം 15 ദിവസം കൂടി മതിയായ കാരണങ്ങളിന്മേൽ ലോക്കൽ രജിസ്ട്രാർക്കു തന്നെ കാലതാമസം മാപ്പാക്കി വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്. അതിന് ശേഷമുള്ള രജിസ്ട്രേഷനുകൾ നടത്തുന്നതിന് ജില്ലാ രജിസ്ട്രാറുടെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുവാദം ആവശ്യമാണ്. രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള സാരമായ തെറ്റുകൾ തിരുത്തുന്നതിന് രജിസ്ട്രാർ ജനറലായ പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ആവശ്യമാണ്. വിവാഹ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് 10 രൂപ പകർപ്പ് ഫീസ് ഒഴികെ ഹിന്ദു വിവാഹനിയമപ്രകാരമുള്ള രജിസ്ട്രേഷനുകൾക്ക് മറ്റ് യാതൊരു ഫീസും ഈടാക്കാൻ പാടുള്ളതല്ല.

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ

കേരള സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും മതഭേദമെന്യേ രജിസ്റ്റർ ചെയ്യുന്നതിനായി സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 29.02.2008 മുതൽ പ്രാബല്യത്തിൽ സംസ്ഥാന സർക്കാർ 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പുറപ്പെടുവിച്ചു. 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള ജനന മരണ രജിസ്ട്രാർമാരാണ് വിവാഹ (പൊതു) ലോക്കൽ രജിസ്ട്രാർ. പഞ്ചായത്ത് ഡയറക്ടർ വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ വിവാഹ (പൊതു) രജിസ്ട്രാർ ജനറൽമാരുമാണ്. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾ വിവാഹ രജിസ്ട്രേഷനുള്ള മെമ്മോറാണ്ടം വിവാഹതീയതി മുതൽ 45 ദിവസത്തിനകം ലോക്കൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം രജിസ്ട്രേഷൻ ഫീസായി 100 രൂപ ഒടുക്കേണ്ടതുമാണ്. പട്ടികജാതി, പട്ടികവർഗ്ഗങ്ങളിൽപ്പെട്ടവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും രജിസ്ട്രേഷൻ ഫീസായി 10 രൂപ ഒടുക്കിയാൽ മതിയാകും. ഭാര്യാഭർത്താക്കൻമാർ ഹാജരായി രജിസ്റ്ററിൽ ഒപ്പുവയ്ക്കുകയും വേണം. രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞാൽ അതിന്റെ തെളിവിലേക്കായി 3 പ്രവൃത്തിദിവസത്തിനകം ഒരു സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകുന്നതാണ്. ഇതിന് 20 രൂപ ഫീസ് ഒടുക്കണം. ഇതു കൂടാതെ, ഏതൊരാൾക്കും 25 രൂപ ഫീസ് സഹിതം അപേക്ഷിച്ചാൽ രജിസ്റ്ററിലെ ഏതൊരു ഉൾക്കുറിപ്പിന്റെയും പ്രസക്തഭാഗം അടങ്ങുന്ന സർട്ടിഫിക്കറ്റ് ലഭിക്കും. വിവാഹം നടന്ന് 45 ദിവസത്തിനു ശേഷം അഞ്ച് വർഷം വരെ നൂറു രൂപ പിഴ ഈടാക്കിക്കൊണ്ടും അഞ്ച് വർഷത്തിനു ശേഷം രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ 250 രൂപ പിഴ ഈടാക്കിയും വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്. ലോക്കൽ രജിസ്ട്രാർക്ക് സ്വമേധയായോ, ബന്ധപ്പെട്ട കക്ഷികളുടെ അപേക്ഷയിന്മേലോ രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ്, രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്നോ വ്യാജമായി ചേർത്തതാണെന്നോ ബോദ്ധ്യപ്പെട്ടാൽ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനും ചട്ടത്തിൽ വ്യവസ്ഥയുണ്ട്. ലോക്കൽ രജിസ്ട്രാറുടെ തീരുമാനങ്ങളിന്മേൽ രജിസ്ട്രാർ ജനറലിന് അപ്പീലും അതിലെ തീർപ്പിന്മേൽ മുഖ്യ രജിസ്ട്രാർ ജനറലിന് റിവിഷനും തീരുമാനം ലഭിച്ച് മൂന്ന് മാസ കാലയളവിനുള്ളിൽ നൽകാം.

ആനന്ദ് മാര്യേജ് രജിസ്ട്രേഷൻ

സിഖ് മതക്കാർക്കിടയിൽ ആനന്ദ് ആചാരപ്രകാരം നടക്കുന്ന വിവാഹങ്ങളുടെ രജിസ് ട്രേഷൻ നടത്തുന്നതിനായി 1909-ലെ ആനന്ദ് മാര്യേജ് ആക്ടിനു കീഴിൽ പുറപ്പെടുവിച്ച 2014 ലെ കേരള ആനന്ദ് മാര്യേജ് രജിസ് ട്രേഷൻ റൂൾസ് പ്രകാരം ജനനമരണ രജിസ്ട്രാർമാരെ രജിസ്ട്രാർമാരായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ ജില്ലാ രജിസ്ട്രാർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും സമഗ്ര മാറ്റങ്ങൾ വരുത്തി പുതിയ കേരള പഞ്ചായത്ത്, മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 നവംബർ 8ന് പ്രാബല്യത്തിൽ വന്നു. പഴയ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽനിന്നും വ്യത്യസ്തമായി ഒട്ടേറെ ഇളവുകൾ കെട്ടിട നിർമ്മാണാനുമതി അപേക്ഷകർക്ക് ലഭിക്കുംവിധമാണ് പുതിയ ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കെട്ടിട വിനിയോഗഗണം 12 ആയും ചട്ടങ്ങളുടെ എണ്ണം 109 ആയും ലഘൂകരിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണാനുമതി ലഭിക്കുന്നതിനുള്ള സമയപരിധി അപേക്ഷ ലഭിച്ച് 30 ദിവസമായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ അപേക്ഷകൾ പ്രോസസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി അവയെ ഓൺലൈനായി കൈകാര്യം ചെയ്യുന്ന തരത്തിലാണ് ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുള്ളത്. അപേക്ഷകളിൽ വ്യാഖ്യാനത്തിനുള്ള പഴുതുകൾ പരമാവധി അടച്ചാണ് പുതിയ ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം 2005

2005 സെപ്റ്റംബർ 7-ന് പ്രാബല്യത്തിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്വവും ഉറപ്പാക്കുകയും സ്വന്തം പ്രദേശത്ത് തൊഴിലെടുക്കാനുള്ള അവകാശം സംരക്ഷിക്കുകയും ചെയ്യുന്നു. നിയമം നിലവിൽ വന്നതോടെ ഇന്ത്യയിൽ തൊഴിൽ നിയമസാധുതയുള്ള ഒരവകാശമായി മാറിയിരിക്കുകയാണ്. അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള, പ്രായപൂർത്തിയായ അംഗങ്ങളുള്ള, ഒരു ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ നിയമം ഉറപ്പു നൽകുന്നു. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കും ഈ നിയമം ബാധകമാക്കിയിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 41, 42, 43 അനുച്ഛേദങ്ങൾ അനുശാസിക്കുന്നവിധം എല്ലാ പൗരന്മാർക്കും ന്യായവും മനുഷ്യത്വപരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുതകുന്ന ലക്ഷ്യസാക്ഷാത്കാരത്തിനുള്ള ഒരു നിയമ നിർമ്മാണമാണിത്. ദേശീയ തൊഴിലുറപ്പു നിയമത്തെ അടിസ്ഥാനമാക്കിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്നത്.

വിദ്യാഭ്യാസ അവകാശ നിയമം, 2009

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം 6 വയസ്സിനും 14 വയസ്സിനും ഇടയ്ക്കുള്ള എല്ലാ കുട്ടികൾക്കും നേടാനുള്ള കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം 2009 ഓഗസ്റ്റ് 26-ന് നിലവിൽ വന്നു. ഇതിനെ തുടർന്ന് 2010 ഏപ്രിൽ 1ന് മുതൽ കേന്ദ്രനിയമാവലിയും പ്രാബല്യത്തിൽ വന്നു. 6 മുതൽ 14 വയസുവരെ പ്രായമുള്ള എല്ലാവർക്കും സമീപപ്രദേശത്തുള്ള വിദ്യാഭ്യാസ സ്ഥാപനത്തിൽ എട്ടാം ക്ലാസുവരെയുള്ള പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായി ഈ നിയമം ഉറപ്പുനൽകുന്നു. കേരളത്തിൽ കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നിയമനിർമ്മാണ പ്രക്രിയ, വിദ്യാഭ്യാസ അവകാശ നിയമ കമ്മിഷന്റെ ചുമതലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിക്കാനുണ്ട്. ജനനം മുതൽ 14 വയസ്സ വരെയുള്ള എല്ലാ കുട്ടികളുടെയും കണക്കെടുപ്പും അവരുടെ വിദ്യാഭ്യാസവും ഉറപ്പു വരുത്തൽ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസം 18 വയസ്സവരെ ഉറപ്പു വരുത്തൽ, സ്കൂളുകൾക്ക് ആവശ്യമുള്ള ഭൗതികസൗകര്യങ്ങളും പഠനസൗകര്യങ്ങളും നൽകി മെച്ചപ്പെടുത്തൽ, സ്കൂളുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്കൂളിലേക്കുള്ള വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട പ്രധാന ചുമതലകൾ.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമവും മാസ്റ്റർപ്ലാനുകളും

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമമാണ് സംസ്ഥാനത്ത് തയ്യാറാക്കുന്ന സംസ്ഥാനത്തിനുവേണ്ടിയുള്ള പെർസ്പെക്ടീവ് പ്ലാൻ, ജില്ലാ പ്ലാനുകൾ, തദ്ദേശഭരണ തലത്തിലെ മാസ്റ്റർപ്ലാനുകൾ, വിശദ നഗരാസൂത്രണ പദ്ധതികൾ എന്നിവയുടെ നിയമ പിൻബലം നൽകുന്നത്. സംസ്ഥാനത്തിനു വേണ്ടിയുള്ള പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല സംസ്ഥാന നഗര ഗ്രാമാസൂത്രണ ബോർഡിനും ജില്ലാ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല ജില്ലാ ആസൂത്രണ സമിതിക്കും മാസ്റ്റർപ്ലാനുകൾ, വിശദ നഗരാസൂത്രണ പദ്ധതികൾ, മാസ്റ്റർപ്ലാനിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള എക്സിക്യൂഷൻ പ്ലാനുകൾ, ലാന്റ് പൂളിംഗ് സ്കീമുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിനുമാണ്. ഈ ആക്ട് പ്രകാരമുള്ള പ്ലാൻ പ്രകാരം, ഭൂവിനിയോഗം നിയന്ത്രിക്കുകയും വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ക്രമീകരിക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്തം തദ്ദേശഭരണ സ്ഥാപനത്തിനാണ്. തദ്ദേശഭരണ സ്ഥാപനത്തിന്, ഏതു സമയത്തും പ്രമേയം വഴി തദ്ദേശപ്രദേശത്തിനോ/ അതിന്റെ ഭാഗത്തിനോവേണ്ടി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനോ സ്വീകരിക്കുന്നതിനോ തീരുമാനിക്കാവുന്നതാണ്.

മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ആവശ്യമെങ്കിൽ ഒരു പ്രത്യേക പ്രവർത്തന ഏജൻസി സ്ഥാപിക്കാവുന്നതാണ്, അവരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതും സഹായം ചെയ്യുന്നതും തദ്ദേശ

ഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല, ആവശ്യമെങ്കിൽ തദ്ദേശഭരണ സമിതിക്ക്, സ്റ്റാൻഡിംഗ് കമ്മിറ്റിയെ ഏൽപ്പിക്കാവുന്നതാണ്. കൂടാതെ മാസ്റ്റർപ്ലാൻ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കാവുന്നതാണ്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് നഗര-ഗ്രാമാസൂത്രണ വകുപ്പ് മാർഗ്ഗനിർദ്ദേശവും ഉപദേശവും നൽകണമെന്ന് നിയമം വ്യക്തമാക്കുന്നു. തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പൊതുജനസമക്ഷം സമർപ്പിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുക, അവരുടെ ആക്ഷേപ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ആവശ്യമെങ്കിൽ മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്തുക, അന്തിമ പ്ലാൻ സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുക എന്നിവയും തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലയാണ്.

മാസ്റ്റർപ്ലാനോ, വിശദ നഗരാസൂത്രണ പദ്ധതിയോ നടപ്പിൽ വന്നതിനുശേഷം യാതൊരാളും അവയ്ക്ക വിധേയമല്ലാതെ ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ, ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല. മാസ്റ്റർ പ്ലാൻ/വിശദനഗരാസൂത്രണ പദ്ധതി നിലവിൽ വന്നാൽ സെക്രട്ടറിയിൽ നിന്നും ഭൂവികസന പെർമിറ്റ് ലഭിച്ചശേഷമെ ഏതൊരാളും ഭൂമിയുടെ വികസനമോ വിനിയോഗത്തിൽ മാറ്റമോ വരുത്താൻ പാടുള്ളൂ.

പബ്ലിക് ഹെൽത്ത് ആക്ടുകൾ

പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഐക്യകേരളം നിലവിൽ വരുന്നതിനു മുൻപ് മുതൽ പ്രാബല്യത്തിലിരിക്കുന്ന രണ്ട് നിയമങ്ങളാണ് 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും 1955-ലെ ടാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും. യഥാക്രമം മലബാർ പ്രദേശത്തും തിരുവിതാംകൂർ-കൊച്ചി പ്രദേശത്തും പ്രാബല്യമുള്ള ഈ നിയമങ്ങളിൽ ആരോഗ്യമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും അധികാരങ്ങളും കടമകളും നിയമലംഘനത്തിനുള്ള ശിക്ഷകളും പ്രതിപാദിച്ചിട്ടുണ്ട്.

ഈ നിയമങ്ങൾ പ്രകാരം സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറിയ ആരോഗ്യകേന്ദ്രങ്ങൾ പരിപാലിക്കുക, ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ ആഫീസ് സംവിധാനം ഏർപ്പെടുത്തുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുക, അവയുടെ നടത്തിപ്പ് മുതലായവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കടമയാണ്. കൂടാതെ, മനുഷ്യരുടെ ജീവനോ ആരോഗ്യത്തിനോ സ്വത്തിനോ അസഹ്യമോ ആപൽക്കരമോ ആകാനിടയുള്ള കാര്യങ്ങൾ ദൂരീകരിക്കുന്നതിനും ശുചിത്വം പരിപാലിക്കുന്നതിനും കൊതുകനിവാരണം നടത്തുന്നതിനും പൊതുജനാരോഗ്യത്തിനായി വ്യാപകമായി പ്രചാരണം നടത്തുന്നതിനും സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ശുദ്ധജലവിതരണം ഏറ്റെടുക്കുന്നതിനും മാതൃ-ശിശുക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള ഗ്രാമപഞ്ചായത്തുകളുടെ കടമകൾ ആക്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജൈവവൈവിധ്യ നിയമം, 2002

ജൈവവൈവിധ്യത്തെ സംബന്ധിച്ച അറിവ്, അവയുടെ സംരക്ഷണം, സുസ്ഥിരമായ ഉപയോഗം, ആവാസവ്യവസ്ഥകളുടെ പരിപാലനം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നു ലഭിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവെയ്ക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്തുകൊണ്ട് 2002-ൽ രൂപം നൽകിയ നിയമമാണ് ജൈവവൈവിധ്യ ആക്ട്. ജൈവവൈവിധ്യ സംരക്ഷണ കാര്യത്തിൽ പരമ്പരാഗതമായി സ്വീകരിച്ചുപോന്ന നടപടികൾക്കും സമ്പ്രദായങ്ങൾക്കും നയങ്ങൾക്കും അംഗീകാരം നൽകുന്ന വ്യവസ്ഥകളാണ് ഈ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട അവശ്യം വേണ്ട നിയന്ത്രണങ്ങളെ സംബന്ധിച്ച് ആക്ടിൽ പ്രതിപാദിക്കുന്നുണ്ട്.

ആക്ടിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിനായി ദേശീയ-സംസ്ഥാന-പ്രാദേശിക തലത്തിൽ അധികാരപരിധിയുള്ള ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, പ്രാദേശിക ജൈവവൈവിധ്യ കമ്മിറ്റികൾ എന്നീ സ്ഥാപന സംവിധാനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രാദേശിക ജൈവവൈവിധ്യ കമ്മിറ്റികളുടെ ഉത്തരവാദിത്തം. പാരമ്പര്യ ഇനങ്ങൾ, നാടൻ ഇനങ്ങൾ, വളർത്തിനങ്ങൾ, പോറ്റ് കന്നുകാലികൾ, സൂക്ഷ്മാണുക്കൾ തുടങ്ങി ജൈവ വിഭവങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുവാനും കാലാനുസൃതമായി വന്നിട്ടുള്ള മാറ്റങ്ങൾ പരിശോധിക്കുവാനും ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുവാനും പ്രാദേശിക ജൈവവൈവിധ്യ കമ്മിറ്റികൾക്ക് ചുമതലയുണ്ട്. കമ്മിറ്റികളുടെ പ്രവർത്തനത്തിനായി പ്രത്യേക ഫണ്ടിനും വ്യവസ്ഥയുണ്ട്. ആക്ടിൽ വിഭാവനം ചെയ്യുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി 2004-ൽ ജൈവവൈവിധ്യ ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

പരിസ്ഥിതി സംരക്ഷണ നിയമം, 1986

ഭൂമിയും വായുവും ജലവും അടങ്ങുന്ന പരിസ്ഥിതിയും അവയ്ക്ക് മനുഷ്യരും സൂക്ഷ്മാണുക്കൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുമായുള്ള പരസ്പരബന്ധവും നിലനിർത്തുന്നതിനും വിവിധ രീതിയിലുള്ള മലിനീകരണത്തിൽ നിന്നും അവയെ സംരക്ഷിക്കുന്നതിനും വ്യവസ്ഥചെയ്യുന്ന നിയമമാണ് 1986-ൽ പുറപ്പെടുവിച്ച പരിസ്ഥിതി സംരക്ഷണ നിയമം. പരിസ്ഥിതി ഗുണനിലവാരം നിർണ്ണയിക്കുന്നതിനും അവ ഉറപ്പാക്കുന്നതിനും മലിനീകരണ നിയന്ത്രണം പ്രാവർത്തികമാക്കുന്നതിനും ദേശീയതലത്തിൽ

ഇതിനായുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഇക്കാര്യങ്ങൾ സംസ്ഥാന സർക്കാരുകളുമായും മറ്റ് അധികാരസ്ഥാപനങ്ങളുമായും ഉദ്യോഗസ്ഥരുമായും ഏകോപിപ്പിക്കുന്നതിനും കേന്ദ്രസർക്കാരിനെ ഈ നിയമം ചുമതലപ്പെടുത്തുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഇല്ലാതാക്കുന്നതിനും ഏതൊരു അധികാരസ്ഥാപനത്തിനും ആജ്ഞ നൽകുന്നതിനും വിവിധ ഉത്തരവാദിത്തങ്ങൾ അധികാരസ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിനും ചട്ടങ്ങൾ രൂപീകരിച്ച് നടപ്പിൽ വരുത്തുന്നതിനും ഈ നിയമം കേന്ദ്രസർക്കാരിനെ അധികാരപ്പെടുത്തുന്നു.

നിയമത്തിലും ചട്ടങ്ങളിലും പറയുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വീഴ്ചവരുത്തുന്ന ആർക്കെതിരെയും ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് അഞ്ചുവർഷം വരെ തടവോ ഒരു ലക്ഷം രൂപവരെ പിഴയോ രണ്ടും ചേർത്തോ ഉള്ള ശിക്ഷാനടപടിക്ക് നിയമം വ്യവസ്ഥ ചെയ്യുന്നു. ശിക്ഷാനടപടി പാലിക്കാത്തപക്ഷം ഓരോ ദിവസവും 5000 രൂപ വീതം അധിക പിഴ ഈടാക്കുന്നതിനും വീഴ്ചാകാലാവധി ഒരു വർഷമായാൽ കുറ്റക്കാർക്ക് 7 വർഷം വരെ തടവു നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി രൂപം നൽകിയിട്ടുള്ള താഴെപ്പറയുന്ന ചില ചട്ടങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് നേരിട്ടോ പരോക്ഷമായോ ബാധകമാണ്.

1. തീരദേശ നിയന്ത്രണ ചട്ടങ്ങൾ, 2011
2. പരിസ്ഥിതി ആഘാതനിർണ്ണയ വിജ്ഞാപനം, 1994, 2006
3. ബയോമെഡിക്കൽ മാലിന്യം (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ, 1998
4. പ്ലാസ്റ്റിക് (ഉത്പാദനം, ഉപയോഗം, മാലിന്യം) ചട്ടങ്ങൾ, 2011
5. പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ, 2016
6. പ്ലാസ്റ്റിക് മാലിന്യ പരിപാലന (ഭേദഗതി) ചട്ടങ്ങൾ, 2018
7. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2016
8. കേന്ദ്രപരിസ്ഥിതി, വനം മന്ത്രാലയം 2019 ജനുവരി 18 ന് പുറപ്പെടുവിച്ച വിജ്ഞാപനം

പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ, 2016
പ്ലാസ്റ്റിക് മാലിന്യ പരിപാലന (ഭേദഗതി) ചട്ടങ്ങൾ, 2018

പരിസ്ഥിതി സംരക്ഷണ നിയമത്തിലെ 6,8,25 എന്നീ വകുപ്പുകൾ അനുസരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി 2016 ൽ പുതുക്കിയ ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി. തുടർന്ന് 2018 ൽ ഇതിന്റെ ഭേദഗതിയും പുറപ്പെടുവിച്ചു. ഇതനുസരിച്ച് 50 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉൽപാദിപ്പിക്കുവാനോ സൂക്ഷിച്ചുവെയ്ക്കുവാനോ വിതരണം ചെയ്യുവാനോ പാടില്ല. കൂടാതെ പുകയില, പാൻമസാല, ഉഡ്ക തുടങ്ങിയ വസ്തുക്കൾ സംഭരിച്ചുവെയ്ക്കുന്നതിനും പായ്ക്ക് ചെയ്യുന്നതിനും വിൽപന നടത്തുന്നതിനും പ്ലാസ്റ്റിക് കവറുകൾ (പായ്ക്കറ്റുകൾ) ഉപയോഗിക്കാൻ പാടില്ല. സ്വാഭാവിക നിറത്തിലുള്ള നിശ്ചിത ഗുണനിലവാരമുള്ള പ്ലാസ്റ്റിക് സഞ്ചികളിലോ പൊതികളിലോ മാത്രമേ ഭക്ഷണ സാധനങ്ങൾ, മരുന്ന്, കുടിവെള്ളം എന്നിവ പായ്ക്ക് ചെയ്യുവാൻ പാടുള്ളൂ എന്നും, പുന: ചംക്രമണം ചെയ്ത പ്ലാസ്റ്റിക് കവറുകൾ ആഹാര സാധനങ്ങൾ സൂക്ഷിക്കാനോ കൊണ്ടുപോകാനോ വിതരണം നടത്താനോ ഉപയോഗിക്കാൻ പാടുള്ളതല്ല എന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ അനിയന്ത്രിതമായി കത്തിക്കുന്നത് പാടില്ല എന്നും നിഷ്കർഷിക്കുന്നു. ഈ ചട്ടങ്ങൾ പ്രകാരം ഉപയോഗശേഷമുള്ള വിവിധ പാളി പ്ലാസ്റ്റിക്, സാഷേ, സഞ്ചി, പാക്കേജിംഗ് എന്നിവ ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ഉൽപാദകർ, ഇംപോർട്ടർ, ബ്രാന്റ് ഉടമസ്ഥർ എന്നിവർക്കാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അല്ലെങ്കിൽ മലിനീകരണ നിയന്ത്രണ സമിതിയുടെ രജിസ്ട്രേഷൻ ഇല്ലാത്ത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉൽപാദകർക്ക് ഒരു നിർമ്മാതാവും അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ പ്ലാസ്റ്റിക് നൽകുവാൻ പാടില്ല.

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2016

കേന്ദ്ര സർക്കാരിന്റെ വനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന മന്ത്രാലയം, പരിസ്ഥിതി സംരക്ഷണ നിയമം 1986 ന്റെ 6,8,25 എന്നീ വകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടമാണ് ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2016. പരിസ്ഥിതിക്കും മനുഷ്യാരോഗ്യത്തിനും അപകടമുണ്ടാക്കാത്ത രീതിയിൽ ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിന് ചട്ടങ്ങൾ ഊന്നൽ നൽകുന്നു. ഓരോ ഉൽപാദകനും ഖരമാലിന്യം അഴുകുന്നവ, അഴുകാത്തവ, അപകടകാരിയായ ഗാർഹിക മാലിന്യം എന്നിങ്ങനെ മൂന്ന് തരമായി തിരിച്ച് അനുയോജ്യമായ സംഭരണികളിൽ ശേഖരിക്കേണ്ടതും സമയാസമയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം അംഗീകൃത മാലിന്യശേഖകർക്ക് കൈമാറേണ്ടതുമാണ്. ഓരോ മാലിന്യ ഉല്പാദകനും മാലിന്യം തുറസ്സായ പൊതു സ്ഥലങ്ങളിലോ, തെരുവിലോ, ഉല്പാദകന്റെ സ്ഥലത്തിന പുറത്തോ ഓടകളിലോ ജല സ്രോതസ്സുകളിലോ വലിച്ചെറിയുകയോ, കത്തിക്കുകയോ ചെയ്യാൻ പാടുള്ളതല്ലെന്ന് ചട്ടം നിഷ്കർഷിക്കുന്നു. തദ്ദേശസ്ഥാപനം തയ്യാറാക്കുന്ന ബൈലായിൽ ഖരമാലിന്യ പരിപാലനത്തിനായി നിഷ്കർഷിച്ചിട്ടുള്ള യൂസർ ഫീ നൽകുക എന്നതും ഉല്പാദകന്റെ ഉത്തരവാദിത്തമാണ്. മാലിന്യം ശേഖരിച്ച് കൊണ്ടുപോകുന്നതിന്റെ ചെലവ് കുറയ്ക്കുന്നതിനും പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി വികേന്ദ്രീകൃത സംസ്കരണത്തിന് മുൻഗണന നൽകാനും ചട്ടം നിർദ്ദേശിക്കുന്നു. ചട്ടങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ, മലിനീകരണ നിയന്ത്രണ ബോർഡ്/കമ്മിറ്റികൾ, ഉൽപാദകർ എന്നിവരുടെ ഉത്തരവാദിത്തങ്ങൾ ചട്ടത്തിൽ നിർവ്വചിച്ചിട്ടുണ്ട്.

ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം

2020 ജനുവരി 1 മുതൽ കേരളത്തിൽ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചു. നിരോധിച്ച ഉല്പന്നങ്ങൾ ചുവടെ പറയുന്നു.

● പ്ലാസ്റ്റിക് കാരിബാഗ് (കനം നോക്കാതെ) ● പ്ലാസ്റ്റിക് ഷീറ്റ്സ് (ക്ലിംഗ് ഫിലിം) ● പ്ലേറ്റുകൾ, കപ്പുകൾ, തെർമോക്കോൾ, സ്റ്റൈറോഫോം ഉപയോഗിച്ചുണ്ടാക്കുന്ന അലങ്കാരവസ്തുക്കൾ ● ഒറ്റ തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്റ്റോകൾ, ഡിഷുകൾ, സ്റ്റിറർ ● പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, ക്യാരി ബാഗുകൾ ● നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ലാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ് ● പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ ● PET/PETE ബോട്ടിലുകൾ കുടിക്കാനുള്ളത് (300 ml. കപ്പാസിറ്റിക് താഴെ) ● ഗാർബേജ് ബാഗ് (പ്ലാസ്റ്റിക്) ● പി. വി. സി. ഫ്ലക്സ് മെറ്റീരിയൽസ് ● പ്ലാസ്റ്റിക് പാക്കറ്റ്സ്.

വ്യക്തികളോ കമ്പനികളോ സ്ഥാപനങ്ങളോ വ്യവസായങ്ങളോ ഇവ നിർമ്മിക്കുകയോ കൊണ്ടു പോകുകയോ സൂക്ഷിക്കുകയോ വില്പന നടത്തുകയോ ചെയ്യാൻ പാടില്ല. നിയമലംഘനം നടത്തുന്ന നിർമ്മാതാക്കൾക്കും വിതരണക്കാർക്കും വില്പന നടത്തുന്നവർക്കുമെതിരെ 10,000 രൂപ പിഴ ചുമത്തും. രണ്ടാമതുള്ള ലംഘനത്തിന് 25000 രൂപയും തുടർന്നുള്ള ലംഘനത്തിന് 50,000 രൂപയുമാണ് പിഴ.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്

കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്ന ഒരു പ്രധാന പദ്ധതിയാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്. വ്യവസായ വളർച്ചയിൽ കേരളത്തെ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുകയെന്നത് ഇതിന്റെ പ്രധാന ലക്ഷ്യമാണ്. സംസ്ഥാനങ്ങളെ വ്യവസായ നിക്ഷേപ സാധ്യതയുടെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇൻറ്റേണൽ ട്രേഡിന്റെ (ഡി.പി.ഐ.ഐ.ടി) ചുവടുപിടിച്ചാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പിലാക്കുന്നത്. നിലവിലെ നിയമങ്ങൾ ലഘൂകരിക്കുകയും യുക്തിപരമായി നവീകരിക്കുകയും ചെയ്യുക, ക്ലിയറൻസ് സംബന്ധമായ ഭരണ നിർവ്വഹണം കൂടുതൽ ഫലപ്രദവും പ്രയോജനകരവുമാക്കുക, സുതാര്യതയും ജനസൗഹൃദ സമീപനവും ഉറപ്പുവരുത്തുക എന്നിവയ്ക്കാണ് പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴു നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന പേരിൽ പുതിയ നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമത്തിൽ വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ 10 ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ തുടങ്ങിയവയാണ് പുതിയ നിയമത്തിന്റെയും ഭേദഗതികളുടെയും സവിശേഷത.

ഭേദഗതി ചെയ്ത നിയമങ്ങൾ: ● കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ● കേരള മുൻസിപ്പാലിറ്റി ആക്ട് 1994 ● കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് 2013 ● കേരള ഗ്രൗണ്ട് വാട്ടർ ആക്ട് 2002 ● കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978 ● കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ● കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999.

ഭേദഗതി ചെയ്ത ചട്ടങ്ങൾ: ● കേരള പഞ്ചായത്ത്രാജ് (ഇഷ്യൂ ഓഫ് ലൈസൻസ് ടു ഡെയ്ഞ്ചറസ് ആൻഡ് ഒഫൻസീവ് ട്രേഡ്സ് ആൻഡ് ഫാക്ടറീസ്) റൂൾസ് 1996 ● കേരള പഞ്ചായത്ത് രാജ് (പ്രൊഫഷൻ ടാക്സ്) റൂൾസ് 1996 ● കേരള മുൻസിപ്പാലിറ്റി (രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് ആൻഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റൂൾസ് 1997 ● കേരള പഞ്ചായത്ത് രാജ് ബിൽഡിങ് റൂൾസ് 2011 ● കേരള മുൻസിപ്പാലിറ്റി ബിൽഡിങ് റൂൾസ് 1999 ● കേരള ഫാക്ടറീസ് റൂൾസ് 1957 ● കേരള ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1983 ● കേരള കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആൻഡ് അബോളിഷൻ) റൂൾസ് 1974 ● ബിൽഡിങ് ആൻഡ് കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1998 ● കേരള മോട്ടോർ വർക്കേഴ്സ് റൂൾസ് 1962.

വിവരാവകാശ നിയമം – 2005

പൊതുഅധികാരസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്തം നിലനിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള വിവരാവകാശ നിയമം 2005 ഒക്ടോബർ 12 മുതൽ പ്രാബല്യത്തിൽ വന്നു. ഭരണഘടനാ പ്രകാരമോ ലോക്സഭയുടെയോ നിയമസഭകളുടെയോ നിയമം വഴിയോ സർക്കാർ

വിജ്ഞാപനം വഴിയോ നിലവിൽവന്നതോ രൂപീകരിക്കപ്പെട്ടതോ ആയ എല്ലാ അധികാരികളും സ്ഥാപനങ്ങളും സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ സഹായധനം ലഭിക്കുന്ന സർക്കാർ ഇതര സംഘടനകളും ഈ നിയമത്തിന്റെ പരിധിയിൽ വരും. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ പ്രമാണമോ രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം, രേഖയുടെയോ പ്രമാണത്തിന്റെയോ കുറിപ്പുകളോ സംക്ഷിപ്തമോ എടുക്കൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കൽ, ഏതു പദാർത്ഥത്തിന്റെയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ, കംപ്യൂട്ടറിലോ അതുപോലുള്ള മറ്റ ഇലക്ട്രോണിക് സംവിധാനങ്ങളിലോ ശേഖരിച്ചുവെച്ചിട്ടുള്ള വിവരങ്ങൾ, പ്രിന്റ് ഔട്ടുകൾ, ഫ്ളോപ്പികൾ, ഡിസ്കുകൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ മുതലായ രൂപത്തിൽ പകർപ്പായി ലഭിക്കാനും ഏതൊരു പൗരനും അവകാശമുണ്ടെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

എല്ലാ സർക്കാർ ഓഫീസുകളിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് വിവരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം. രേഖാമൂലമോ ഇലക്ട്രോണിക് മാധ്യമം വഴിയോ അപേക്ഷ നൽകാം. അപേക്ഷ എഴുതി നല്കാൻ കഴിയാത്ത വ്യക്തി പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തി അപേക്ഷ തയ്യാറാക്കുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സഹായിക്കണം. അപേക്ഷകൻ വിവരം തേടുന്നത് എന്തിനാണെന്ന് വെളിപ്പെടുത്തേണ്ടതില്ല. ബന്ധപ്പെടുന്നതിനുള്ള വിലാസം മാത്രമേ അപേക്ഷയിൽ കാണിക്കേണ്ടതുള്ളൂ. വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ അവ തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നപക്ഷം നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് വിവരം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വഴി ലഭിച്ച അപേക്ഷയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകിയാൽ മതി. എന്നാൽ വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ അത് 48 മണിക്കൂറിനകം നൽകിയിരിക്കണം. ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണ്ണവും അവാസ്തവവുമായ വിവരമാണ് കിട്ടിയതെങ്കിലോ അക്കാര്യത്തിൽ പരാതിയുള്ള വ്യക്തിക്ക് അപ്പീൽ സംവിധാനവും നിയമത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. നിയമം അനുശാസിക്കുംവിധം വിവരം നൽകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ ശിക്ഷണനടപടികളും നിയമം വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന ഇൻഫർമേഷൻ കമ്മിഷനാണ് വിവരാവകാശ നിയമം നടപ്പിലാക്കുന്നതും അവയിലെ പരാതികൾ തീർപ്പാക്കുന്നതും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമായ അധികാരസ്ഥാനം. തിരുവനന്തപുരം പുന്നൻ റോഡിലാണ് കമ്മിഷന്റെ ആസ്ഥാനം.

വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകളുടെ വിവരം

1. വകുപ്പ് 7(1) പ്രകാരം
   (എ) വിവരങ്ങൾ എ4 വലിപ്പത്തിലുള്ള പേപ്പറിൽ ലഭിക്കുന്നതിന് ഓരോ പേജിനും : 2 രൂപ
   (ബി) വലിപ്പം കൂടുതലുള്ള പേപ്പറിൽ വിവരങ്ങൾ ലഭിക്കുന്നതിന് : അതിനുള്ള യഥാർത്ഥ ചെലവ്
   (സി) സാമ്പിളുകളും മോഡലുകളും ലഭിക്കുന്നതിന് : അതിനുള്ള യഥാർത്ഥ വില/ചെലവ്
   (ഡി) രേഖകളുടെ പരിശോധനയ്ക്ക് : ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല
   അതിനുശേഷമുള്ള ഓരോ 30 മിനിറ്റിനും അതിന്റെ അംശത്തിനും 10 രൂപ വീതം.
2. വകുപ്പ് 7(5)
   (എ) സി.ഡി, ഫ്ളോപ്പി തുടങ്ങിയ ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് (ഓരോന്നിനും) : 50 രൂപ
   (ബി) പ്രിന്റഡ് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് (ഓരോ പേജിനും) : 2 രൂപ
   ഫീസ് ഒടുക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് - 0070-60-118-99- Receipts under RI Act 2005

പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ

തദ്ദേശസ്വയംഭരണ വകുപ്പ്

സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ആഫീസർ (SPIO): തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനിലെ അണ്ടർ സെക്രട്ടറിമാർ

അപ്പലേറ്റ് അതോറിറ്റികൾ (AA): തദ്ദേശസ്വയംഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ

പഞ്ചായത്ത് ഡയറക്ടറേറ്റിൽ എല്ലാ സീനിയർ സൂപ്രണ്ടുമാരും പബ്ലിസിറ്റി ഓഫീസറും സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ആഫീസർ(SPIO)മാരാണ്. പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അപ്പലേറ്റ് അതോറിറ്റിയുമാണ്. ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ സൂപ്രണ്ട് SPIO യും ജി സെക്ഷൻ സൂപ്രണ്ട് APIO യും പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർ അപ്പലേറ്റ് അതോറിറ്റിയുമാണ്. ഗ്രാമവികസന കമ്മീഷണറേറ്റിൽ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ SPIO യും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അപ്പലേറ്റ് അതോറിറ്റിയുമാണ്.

ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസർ SPIO യും സീനിയറായ ജൂനിയർ സൂപ്രണ്ട് APIO യും സെക്രട്ടറി അപ്പലേറ്റ് അതോറിറ്റിയുമാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ സെക്രട്ടറി SPIO യും ഹെഡ് ക്ലാർക്ക് APIO യും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) അപ്പലേറ്റ് അതോറിറ്റിയുമാണ്. ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി SPIO യും ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്ക്/സീനിയർ യു.ഡി ക്ലാർക്ക് APIO യും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അപ്പലേറ്റ് അതോറിറ്റിയുമാണ്.

സേവനാവകാശ നിയമം 2012

സർക്കാർ ഓഫീസുകളിൽനിന്നും പൊതു ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ കാലതാമസം കൂടാതെ ലഭിക്കുന്നതിന് സേവനങ്ങൾ അവകാശമാണ് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള 'സേവനാവകാശ നിയമം 2012' നവംബർ ഒന്നു മുതൽ സംസ്ഥാനത്ത് നിലവിൽ വന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകി വരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് 26.4.2013 ൽ അസാധാരണ ഗസറ്റ് വിജ്ഞാപനം (VOL:2) പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വരാജ് ട്രോഫി

അധികാരവികേന്ദ്രീകരണത്തിലും വികേന്ദ്രീകൃതാസൂത്രണത്തിലും ഒരു വിസ്മയമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. പല തദ്ദേശഭരണ സ്ഥാപനങ്ങളും ആരോഗ്യകരമായ മത്സരസ്വഭാവത്തോടെയാണ് ഭരണവികസനക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഈ രംഗത്ത് മികച്ചപ്രകടനം കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകളെ ആദരിക്കുന്നത് ഈ സ്ഥാപനങ്ങൾക്ക് കൂടുതൽ കരുത്തുപകരുമെന്നും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സഹായിക്കുമെന്നും സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ വർഷവും മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് ആദരിക്കാൻ തീരുമാനിച്ചത്. 1995-96 വർഷം മുതൽ മികച്ച ഗ്രാമപഞ്ചായത്തുകളെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തെരഞ്ഞെടുത്ത് ട്രോഫിയും കാഷ് അവാർഡും സാക്ഷ്യപത്രവും നല്കി ആദരിച്ചുവരുന്നു. എന്നാൽ 1996-97 മുതൽ മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജിനെ അനുസ്മരിച്ചുകൊണ്ട് ട്രോഫിക്ക് സ്വരാജ് ട്രോഫി എന്ന് നാമകരണം ചെയ്തു. 1999-2000 മുതൽ മുനിസിപ്പാലിറ്റികൾക്കും 2000-01 മുതൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്കും സ്വരാജ് ട്രോഫി ഏർപ്പെടുത്തുകയുണ്ടായി.

സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിന് സ്വരാജ് ട്രോഫിയും 25 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായധനമായും ലഭിക്കും. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും പദ്ധതി സഹായധനമായി 10 ലക്ഷം രൂപ വീതവും ലഭിക്കും. രണ്ടാം സ്ഥാനം നേടുന്ന പഞ്ചായത്തുകൾക്ക് സാക്ഷ്യപത്രവും കൂടാതെ പ്രത്യേക പദ്ധതി സഹായധനമായി 5 ലക്ഷം രൂപ വീതവും ലഭിക്കുന്നതാണ്. ഒന്നാം സ്ഥാനം നേടുന്ന മുനിസിപ്പാലിറ്റികും ബ്ലോക്ക്പഞ്ചായത്തിനും സ്വരാജ് ട്രോഫിയും പദ്ധതി സഹായധനമായി 25 ലക്ഷം രൂപ വീതവും രണ്ടാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 15 ലക്ഷം രൂപ വീതവും മൂന്നാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ വീതവും പദ്ധതി സഹായധനമായി ലഭിക്കുന്നതാണ്. മികച്ച മുനിസിപ്പൽ കോർപ്പറേഷനും ജില്ലാ പഞ്ചായത്തിനും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും നല്കിയാണ് ആദരിക്കുന്നത്.

സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനത്തിന് സ്വരാജ് ട്രോഫിക്കർഹമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (2010–11 മുതൽ)

	ഗ്രാമപഞ്ചായത്തുകൾ	ബ്ലോക്ക് പഞ്ചായത്തുകൾ	ജില്ലാ പഞ്ചായത്തുകൾ
2010-11 -	നെടുമ്പന (കൊല്ലം)	പഴയന്നൂർ (തൃശ്ശൂർ)	കാസർഗോഡ്
2011-12 -	പുലാമന്തോൾ (മലപ്പുറം)	വാമനപുരം (തിരുവനന്തപുരം)	ആലപ്പുഴ
2012-13 -	കവിയൂർ (പത്തനംതിട്ട)	മുതുകുളം (ആലപ്പുഴ)	ഇല്ല
2013-14 -	നാദാപുരം (കോഴിക്കോട്)	മല്ലപ്പള്ളി (പത്തനംതിട്ട)	കൊല്ലം
2014-15 -	കുലശേഖരപുരം (കൊല്ലം)	കാളികാവ് (മലപ്പുറം)	എറണാകുളം
2015-16 -	ചെമ്പിലോട് (കണ്ണൂർ), ശ്രീകൃഷ്ണപുരം (പാലക്കാട്)	എടക്കാട് (കണ്ണൂർ)	കൊല്ലം
2016-17 -	ശ്രീകൃഷ്ണപുരം (പാലക്കാട്)	ളാലം (കോട്ടയം)	പത്തനംതിട്ട
2017-18 -	പാപ്പിനിശ്ശേരി (കണ്ണൂർ)	നെടുമങ്ങാട് (തിരുവനന്തപുരം)	തിരുവനന്തപുരം

മഹാത്മാ പുരസ്കാരം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഒരു പ്രോത്സാഹനമെന്ന നിലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന തലത്തിൽ ഏർപ്പെടുത്തിയ അവാർഡാണ് മഹാത്മാ പുരസ്കാരം. 2012 മുതൽ ഏർപ്പെടുത്തിയ പ്രസ്തുത അവാർഡ് സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കും ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്കും നൽകുന്നു.

	ഒന്നാം സ്ഥാനം	രണ്ടാം സ്ഥാനം	മൂന്നാം സ്ഥാനം
2012-13	വെള്ളറട (തിരുവനന്തപുരം)	അടിമാലി (ഇടുക്കി)	ചെങ്കൽ (തിരുവനന്തപുരം)
2013-14	കടയ്ക്കാവൂർ (തിരുവനന്തപുരം)	ഇടമലക്കുടി (ഇടുക്കി)	അണ്ടൂർക്കോണം (തിരുവനന്തപുരം)
2014-15	നീലംപേരൂർ (ആലപ്പുഴ)	വയലാർ (ആലപ്പുഴ)	ചേർത്തല സൗത്ത് (ആലപ്പുഴ)
2015-16	തളിക്കുളം (തൃശ്ശൂർ)	ഏങ്ങണ്ടിയൂർ (തൃശ്ശൂർ)	കടുങ്ങല്ലൂർ (എറണാകുളം)
2016-17	ഇടമലക്കുടി (ഇടുക്കി)	അഗളി (പാലക്കാട്)	മീനങ്ങാടി (വയനാട്)
2017-18	കൊടുമൺ (പത്തനംതിട്ട)	തുറയൂർ (കോഴിക്കോട്)	ബുധനൂർ (ആലപ്പുഴ)

കേരളം വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്) സംസ്ഥാനം

ഇന്ത്യയിലെ ജനസാന്ദ്രതയേറിയ ആദ്യ വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്) സംസ്ഥാനം എന്ന പദവിക്ക് കേരളം അർഹമായി. 2016 നവംബർ 1ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചയങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തെ ഒ.ഡി.എഫ് ആയി പ്രഖ്യാപിച്ചു. 941 ഗ്രാമപഞ്ചായത്തുകളിലായി 174720 ശുചിമുറികളാണ് ജനപങ്കാളിത്തത്തോടുകൂടി പൂർത്തീകരിച്ചത്. ഒന്നേമുക്കാൽ ലക്ഷം കുടുംബങ്ങളിൽ നിന്നുമായി എട്ടുലക്ഷത്തോളം ജനങ്ങൾക്കാണ് ഇതുവഴി പ്രയോജനം ലഭിക്കുന്നത്. ശുചിത്വ മിഷനോടൊപ്പം ഗ്രാമപഞ്ചായത്തുകളുടെയും ഉദ്യോഗസ്ഥരുടേയും സന്നദ്ധസംഘടനകളുടേയും കൂട്ടായ പരിശ്രമമാണ് മൂന്നുമാസം കൊണ്ട് പരിപാടി പൂർണ്ണവിജയത്തിലെത്തിച്ചത്. 15400 രൂപയാണ് ഓരോ ഗുണഭോക്താവിനും നൽകിയത്.

വസ്തു നികുതി നിർണയം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളും 2013 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ഭേദഗതി ചട്ടങ്ങളും പ്രകാരം കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി നിർണ്ണയിക്കുന്നത്. 14.1.2011 ലെ 19/2011 തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം	ഏറ്റവും കുറഞ്ഞ നിരക്ക് രൂപ	ഏറ്റവും കൂടിയ നിരക്ക് രൂപ
1.	പാർപ്പിട ആവശ്യത്തിനുള്ളവ	3	8
1.a	സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ	30	60
2.	വാണിജ്യ ആവശ്യത്തിനുള്ളവ		
	(i) 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള		
	ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30	60
	(ii) 100 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള		
	ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	50	70
	(iii) 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള		
	സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ	30	60
	(iv) 200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള		
	സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ	70	90
	(v) ബങ്കുകൾ, പെട്രികടകൾ, കംപ്യൂട്ടർ സെന്ററുകൾ, ഫ്യുവൽസ്റ്റേഷൻ	30	60
3.	ആഫീസ് ഉപയോഗത്തിലുള്ളവ (വ്യവസായ-		
	ശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ)	30	50
4.	വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ	3	8
4 a.	വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുപയോഗിക്കുന്നതുമായ ആഡിറ്റോറിയം കാന്റീൻ, വർക്ക്ഷോപ്പ് എന്നിവ (അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ)	3	8

5.	ആശുപത്രികൾ	3	8
6.	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തീയറ്റർ, കല്യാണമണ്ഡപം, ലോഡ്ജ്	20	40
7.	വ്യവസായ ആവശ്യത്തിനുള്ളവ		
	(i) കൈത്തറി ഷെഡ്, കയർ പിരിഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴിവളർത്തൽ ഷെഡ്, ലൈവ്സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈതൊഴിൽ ഷെഡ്, ഇഷ്ടികച്ചൂള, തടിമിൽ.	10	20
	(ii ഇതരവ്യവസായങ്ങൾക്ക് ആവശ്യമുള്ളവ	40	60
	(iii) മൈക്രോ സ്മാൾ എന്റർപ്രൈസസ് ഡവലപ്പ്മെന്റ് ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ	40 15	60 25
8.	റിസോർട്ടുകൾ	80	90
9.	അമ്യൂസ്മെന്റ് പാർക്ക്	20	40
10.	മൊബൈൽ ടെലഫോൺ ടവർ	400	500
11.	ആയുർവേദ ചികിത്സാകേന്ദ്രങ്ങൾ	15	25

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രധാന ഗവൺമെന്റ് ഉത്തരവുകൾ

1. സ.ഉ. (ആ) നം 18/2011/തസ്വഭവ തീയതി 14/01/2011
2. സ.ഉ. (ആ) നം 19/2011/തസ്വഭവ തീയതി 14/01/2011
3. സ.ഉ. (പി) നം 88/2013/തസ്വഭവ തീയതി 13/03/2013
4. സ.ഉ. (എം.എസ്.) നം 210/2013/തസ്വഭവ തീയതി 14/06/2013
5. സ.ഉ. (ആ) നം 36/2015/തസ്വഭവ തീയതി 24/02/2015
6. സ.ഉ. (എം.എസ്.) നം 144/2015/തസ്വഭവ തീയതി 27/04/2015
7. സ.ഉ. (പി) നം 181/2015/തസ്വഭവ തീയതി 28/05/2015
8. സ.ഉ. (എം.) നം 358/2015/തസ്വഭവ തീയതി 16/12/2015
9. സ.ഉ. (എം.എസ്.) നം 170/2016/തസ്വഭവ തീയതി 16/11/2016
10. സ.ഉ. (എം.എസ്.) നം 174/2016/തസ്വഭവ തീയതി 23/11/2016

ഗ്രാമപഞ്ചായത്തുകൾ/നഗരസഭകളുടെ തനതു വരുമാനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരവുകളെ തനതു വരുമാനം, സർക്കാർ നൽകുന്ന ഫണ്ടുകൾ, മൂലധന വരവുകൾ, വായ്പകൾ, മറ്റിനങ്ങൾ എന്നിങ്ങനെ തരം തിരിക്കാം. ഗ്രാമപഞ്ചായത്തിന്റെ എല്ലായിനം വരവുകളും ചേർന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് എന്ന് കേരള പഞ്ചായത്ത് രാജ് നിയമം നിർവ്വചിക്കുന്നു. ഇതേ നിർവ്വചനം തന്നെയാണ് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഫണ്ടുകൾക്കുമുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മാത്രമാണ് തനത് വരുമാനം സ്വരൂപിക്കുന്നതിനുള്ള അധികാരമുള്ളത്. തനത് വരുമാനത്തിൽ താഴെപ്പറയുന്ന നികുതി വരവുകളും നികുതിയേതര വരവുകളും ഉൾപ്പെടുന്നു.

നികുതി വരവുകൾ

- വസ്തു നികുതി
- തൊഴിൽ നികുതി
- പ്രദർശന നികുതി
- സേവന നികുതി
- വിനോദ നികുതി

നികുതിയേതര വരവുകൾ

- ലൈസൻസ് ഫീസ്
- പെർമിറ്റ് ഫീസ്
- രജിസ്ട്രേഷൻ ഫീസ്
- സ്ഥലവാടക, കെട്ടിട വാടക
- മാർക്കറ്റ്/ബസ് സ്റ്റാന്റ്/അറവുശാല വരവ്
- മണൽ വിറ്റവരവ്
- നിക്ഷേപങ്ങളിൽ നിന്നുള്ള വരവ്
- പിഴ
- മറ്റു വരവുകൾ

ഗ്രാമപഞ്ചായത്ത് /നഗരസഭകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നം.	സേവനങ്ങളുടെ വിവരം	അപേക്ഷിക്കേണ്ട വിധം	നിബന്ധനകൾ	അടയ്ക്കേണ്ട ഫീസ്
1	ജനന രജിസ്ട്രേഷൻ (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്)	വീട്ടിൽ വച്ച് നടന്ന ജനനമാണെങ്കിൽ ഗൃഹനാഥനും ആശുപത്രിയിൽ വച്ച് നടന്നതാണെങ്കിൽ ആശുപത്രി അധികൃതരും മറ്റു സ്ഥാപനങ്ങളിലാണെങ്കിൽ സ്ഥാപന ഉടമയും നിശ്ചിത ഫോറത്തിൽ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം.	ജനനം നടന്ന പ്രദേശത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ അപേക്ഷിക്കണം. 21 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് സൗജന്യമായി സർട്ടിഫിക്കറ്റ് ലഭിക്കും. ലേറ്റ് ഫീ ഒടുക്കി 30 ദിവസം വരെ രജിസ്റ്റർ ചെയ്യാം.	ജനന തീയതി മുതൽ 21 ദിവസം വരെ സൗജന്യം. അതിനുശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ.
2	ജനന രജിസ്റ്ററിൽ പേരുചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം)	അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിർദ്ദിഷ്ട ഫോറത്തിൽ മാതാപിതാക്കൾ സംയുക്തമായി അപേക്ഷിക്കണം.	ആറു വയസ്സ് കഴിഞ്ഞാൽ കുട്ടികളുടെ ജനനക്രമം തെളിയിക്കുന്ന മാതാപിതാക്കളുടെ സത്യപ്രസ്താവന, സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.	രജിസ്ട്രേഷൻ തീയതി മുതൽ ഒരു വർഷം വരെ സൗജന്യം. തുടർന്ന് 5 രൂപ ലേറ്റ് ഫീ. 15 വർഷത്തിനുശേഷം പേര് ചേർക്കാൻ കഴിയില്ല
3	മരണ രജിസ്ട്രേഷൻ (1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്)	വീട്ടിൽ വച്ച് നടന്ന മരണമാണെങ്കിൽ ഗൃഹനാഥനും ആശുപത്രിയിൽ വച്ച് നടന്നതാണെങ്കിൽ ആശുപത്രി അധികൃതരും മറ്റു സ്ഥാപനങ്ങളിലാണെങ്കിൽ സ്ഥാപന ഉടമയും പൊതുസ്ഥലത്ത് നടന്ന അസ്വാഭാവിക മരണമാണെങ്കിൽ ബന്ധപ്പെട്ട പോലീസ് ഓഫീസറും നിശ്ചിത ഫോറത്തിൽ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം.	മരണം നടന്ന പ്രദേശത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കണം. 21 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് സൗജന്യമായി സർട്ടിഫിക്കറ്റ് ലഭിക്കും. ലേറ്റ് ഫീ ഒടുക്കി 30 ദിവസം വരെ രജിസ്റ്റർ ചെയ്യാം.	മരണ തീയതി മുതൽ 21 ദിവസം വരെ സൗജന്യം. അതിനുശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ
			സർക്കാരിന്റെ 16.10.2012 ലെ 18161/ആർ.സി3/2012/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന മരണ രജിസ്ട്രാറുടെ അധികാരപരിധിയ്ക്ക് പുറത്താണ് മരണം നടന്നതെങ്കിൽ മരണം നടന്ന സ്ഥലത്ത് 1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് പ്രകാരം പ്രസ്തുത മരണം രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ ടി ആക്ടിലെ 8,9 വകുപ്പുകൾ പ്രകാരം മരണം നടന്ന സ്ഥലത്തു നിന്നു ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന-മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്.	
4	ജനനം/മരണം താമസിച്ച രജിസ്റ്റർ ചെയ്യൽ (1969-ലെ ജനന- മരണ രജിസ്ട്രേഷൻ ആക്ട്)	അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിർദ്ദിഷ്ട ഫോറത്തിൽ/ വെള്ളകടലാസിൽ ജനനം/മരണം നടന്ന രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷിക്കണം. ജനന/മരണ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ നൽകണം.	ജനന/മരണ തീയതി മുതൽ 30 ദിവസം കഴിഞ്ഞ് 1 വർഷം വരെ DDP/ നഗരസഭ സെക്രട്ടറിക്കും ഒരു വർഷം കഴിഞ്ഞ് ആർ.ഡി.ഒയ്ക്കും സംഭവം വൈകി രജിസ്റ്റർ ചെയ്യാനുള്ള കാരണം കാണിക്കുന്ന അപേക്ഷ, ഗസറ്റഡ്ഓഫീസർ/നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം എന്നിവ ഹാജരാക്കണം.	30 ദിവസം മുതൽ ഒരു വർഷം വരെ 5 രൂപ. ഒരു വർഷത്തിനു മുകളിൽ 10 രൂപ ലേറ്റ് ഫീ.
		സർക്കാരിന്റെ 5.8.2013 ലെ 36511/ആർ.ഡി3/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 30 ദിവസത്തിനുശേഷവും ഒരു വർഷത്തിനുള്ളിലും ലഭിക്കുന്ന ജനന മരണ രജിസ്ട്രേഷനുള്ള അപേക്ഷകളിന്മേൽ 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 13(2) പ്രകാരം ജനനമോ മരണമോ നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിന് ഏതാനും ദിവസം മുമ്പ് രജിസ്ട്രാർ മുമ്പാകെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതിക്കായി സമർപ്പിക്കുകയും എന്നാൽ ജില്ലാ രജിസ്ട്രാർ ആഫീസിൽനിന്നുള്ള അനുമതി രജിസ്ട്രേഷൻ യൂണിറ്റിൽ നിന്ന് ലഭിക്കുന്നത് ഒരു വർഷം കഴിയുന്ന തീയതിയ്ക്ക് ശേഷമാകുമ്പോൾ സെക്ഷൻ 13/(3) പ്രകാരം ഇത് രജിസ്റ്റർ ചെയ്യുന്നതിന് ആർ.ഡി.ഒയുടെ അനുമതി തേടണമെന്ന് അപേക്ഷകരോട് ആവശ്യപ്പെടുന്നത് യുക്തിസഹമല്ല. ഇത്തരം സാഹചര്യങ്ങളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതി പരിഗണിച്ച് രജിസ്ട്രേഷൻ നടത്താവുന്നതാണ്.		

5	ജനന/ മരണ സർട്ടിഫിക്കറ്റ്	അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം. **cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുന്ന ബാർകോഡോടു കൂടിയ സർട്ടിഫിക്കറ്റുകൾ എല്ലാ സർക്കാർ ആവശ്യങ്ങൾക്കും ആധികാരിക രേഖയാണ്**	മുദ്രപ്പത്രത്തിൽ ലഭിക്കാൻ അപേക്ഷകന്റെ പേരിൽ വാങ്ങിയ 50 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്ര പത്രം ഹാജരാക്കണം.	തെരച്ചിൽഫീസ് ഒരു വർഷത്തേക്ക് 2 രൂപ, പകർപ്പ് ഫീസ് 5 രൂപ.
6	നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് (ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ) (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്)	അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ജനനം/മരണം നടന്ന പ്രദേശത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ അപേക്ഷിക്കണം.	ജനനം/മരണം നടന്ന സമയത്തെ താമസസ്ഥലം, ജനനം/മരണം നടന്ന സ്ഥലം എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കണം. അല്ലാത്തപക്ഷം പോലീസ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകുന്നത് പരിഗണിക്കുകയുള്ളൂ.	തെരച്ചിൽഫീസ് ഒരു വർഷത്തേക്ക് 2 രൂപ, സർട്ടിഫിക്കറ്റ് 2 രൂപ.
7	ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ	ജനന രജിസ്ട്രാർക്ക് അപേക്ഷ നൽകണം സർക്കാരിന്റെ 04.08.2012 ലെ സ.ഉ (ആർ.റ്റി)നം 2143/2012/തസ്വഭവ നമ്പർ പ്രകാരം ദത്തെടുക്കപ്പെട്ട് നാളിതുവരെയും ജനനം രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്ന കുട്ടികളുടെ കാര്യത്തിലും ഇനിയും ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിലും ജനനം മാതാപിതാക്കളുടെ സ്ഥിരം മേൽവിലാസം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാനും പ്രസ്തുത സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്താനും അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.	കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ/അഡോപ്ഷൻ ഡീഡിന്റെ പകർപ്പ് സഹിതം അംഗീകൃത അഡോപ്ഷൻ ഏജൻസി സ്ഥിതിചെയ്യുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ/ ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷിക്കണം. അപേക്ഷിച്ച് പരമാവധി 10 ദിവസത്തിനകം സർട്ടിഫിക്കറ്റ് നല്കുന്നതാണ്.	ജനന തീയതി മുതൽ 21 ദിവസം വരെ സൗജന്യം. 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ. ഒരു വർഷം വരെ 5 രൂപ ലേറ്റ് ഫീ അതിനുശേഷം 10 രൂപ
